

# സത്യദൂതൻ

2024 ഒക്ടോബർ | ലക്കം 10


വില ₹ 30

## തഹജ്ജുദ് നമസ്ക്കാരത്തിന്റെ പ്രാധാന്യം

## ഗസ്വയെ ഹിന്ദ്: യഥാർത്ഥ്യമെന്ത്?

## ഇസ്ലാമിന്റെ സുവർണഭൂതകാലം

# www.mta.tv




## Muslim Television Ahmadiyya International (MTA)

*Reaching The Corners Of The Earth*

MTA International emerged in 1994 with the aim of providing a positive alternative in the broadcasting world.

MTA was the brainchild of Hadhrat Mirza Tahir Ahmad, Khalifat-ul-Masih IV ra, and ever since its inception MTA has been a unique channel in many respects. Its focus lies in producing programs that can be enjoyed by people of all ages at all times. It recognizes that television plays a significant role in the world and has accordingly devoted itself to applying this influence positively for the purpose of educating its viewers. MTA's future is not dependant upon commercial sponsorships or license fees, thus allowing it to concentrate on producing a variety of programs on a range of subjects for its viewers in all parts of the world, without sacrificing standards.

MTA offers quality family viewing right across the globe. It broadcasts internationally in up to eight languages simultaneously and features programs focusing on the different cultures of the world and the environments in which they exist. MTA has also kept pace with technology and broadcasts in both analogue and digital. MTA features many thought-provoking discussions and programs on issues of great relevance to society, with some of MTA's programs being unmatched in their high level of quality.

لا اله الا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

2024 – ഒക്ടോബർ
ഹി.ശ. 1404– ഇഖാഅ്
1445 റ.ഉ.അവ്വൽ – റ.ഉ.ആഖിർ
പുസ്തകം 96 ലക്കം 10
വില 30 രൂപ

എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**സി.പി.സുൽത്താൻ നസീർ**
**ഫോൺ : 9544 274 240**

മാനേജർ
**ഡോ. സി. സലാഹുദ്ദീൻ**
**ഫോൺ : 9447 424 619**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി– 682018




## അകം

5 **എഡിറ്റോറിയൽ**


6 **യുഗശബ്ദം**



7 **തിരുനബിﷺ ചരിത്രം: അഹ്സാബ് യുദ്ധം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു) 2024സെപ്തംബർ 20 ന് നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



10 **ഇസ്ലാമിന്റെ സുവർണഭൂതകാലം**
അബ്ദുസ്സലാം അക്തർ



15 **തഹജ്ജുദ് നമസ്ക്കാരത്തിന്റെ പ്രാധാന്യം**
മൗലാനാ മുഹമ്മദ് സാഹിദ് ചൗധരി

18 **ഹദ്റത്ത് മസീഹ് മൗഊദിعليه السلامനോടുള്ള അല്ലാഹുവിന്റെ വാഗ്ദാനവും പൂർത്തീകരണവും**
ഇബ്നു വഫാ ബേപ്പൂർ

22 **ഗസ്വയെ ഹിന്ദ്: യഥാർത്ഥ്യമെന്ത്?**
അമീർ അസീസ് അഹ്മദി

25 **ഹിദായത്തുല്ലാ ഹബ്സ് സാഹിബ് ഇസ്ലാമിനെ സ്നേഹിച്ച ജർമ്മൻ അഹ്മദി**
ആസിഫ് മുനീർ, ന്യൂസിലന്റ്




30 **വിവാദാത്മകമായ ദയാവധം**
എ.എം. മുഹമ്മദ് സലീം

**കുറിപ്പുകൾ**




36 **ഇസ്റയേലിന്റെ ലെബനാൻ യുദ്ധം**
മുസാഫിർ

41 **വാർത്തകൾ**
**അനുസ്മരണം**

**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.


**Design:** HA *Creative Graphics*

**സത്യദൂതന്റെ പഴയ ലക്കങ്ങൾ ഓൺലൈനിൽ വായിക്കുവാൻ ഈ QR CODE ഉപയോഗിക്കുക.**

## വിശുദ്ധ ഖുർആനിൽ നിന്ന്



നീ ഭൂമിയിൽ അഹന്ത കാട്ടി നടക്കരുത്. കാരണം നീ ഒരിക്കലും ഭൂമിയെ പിളർക്കുകയില്ല. ഉയരത്തിൽ പർവ്വതങ്ങളോളം എത്തുകയുമില്ല.
(17: 38)



## നബിവചനം

തന്റെ വസ്ത്രവും പാദുകവും ഭംഗിയുള്ളതാവണമെന്ന് ആഗ്രഹിക്കുന്ന ഒരാളെപ്പറ്റി എന്തുപറയുന്നു? പ്രവാചകൻ മറുപടി പറഞ്ഞു: അല്ലാഹു സുന്ദരനാകുന്നു. അല്ലാഹു സൗന്ദര്യത്തെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. അഹംഭാവം സത്യത്തെ നിഷേധിക്കലും ജനങ്ങളെ തരംതാഴ്ത്തലുമാണ്' (മുസ്‌ലിം)

## വാഗ്ദത്ത മസീഹിന്റെ വചനം

അഹങ്കാരം ഉപേക്ഷിക്കാൻ ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിച്ചു കൊള്ളുന്നു പ്രതാപവാനായ നമ്മുടെ ദൈവത്തിന്റെ കണ്ണിൽ അങ്ങേയറ്റം അനിഷ്ടകരമായിട്ടുള്ളത് തന്റെ സഹോദരനെക്കാൾ കൂടുതൽ പഠിച്ചവനും അറിവുള്ളവനും ബുദ്ധിമാനും താനാണെന്ന് കരുതിക്കൊണ്ട് അവനെ താഴ്ത്തി കാണിക്കുവാൻ ശ്രമിക്കുവൻ അഹങ്കാരിയാണ് എല്ലാ അറിവിന്റെയും ജ്ഞാനത്തിന്റെയും ഉറവിടം അല്ലാഹുവാണെന്ന് കരുതുതിന് പകരം താൻ തന്നെ വലിയ എന്തോ ആണെന്ന് അയാൾ വിചാരിക്കുന്നു. (നുസൂലുൽ മസീഹ്)



# മനുഷ്യവംശത്തോടുള്ള സഹാനുഭൂതി

മതം എന്നത് സ്രഷ്ടാവിനെ ആരാധിക്കൽ മാത്രമല്ല. സൃഷ്ടികളോടുള്ള കടപ്പാട് കൂടിയാണ്. മനുഷ്യവംശത്തെ മത വംശ ഭാഷാ ദേശ പരിഗണന കൂടാതെയും കലവറയില്ലാതെയും പ്രത്യുപകാരം കാംഷിക്കാതെയും ദൈവ പ്രീതിക്കായി സേവിക്കുക എന്നതാണ് ഖുർആന്റെ പാഠം. ഇസ്‌ലാമിന്റേത് മാത്രമല്ല എല്ലാ മതങ്ങളുടെയും ആന്തരികസാരം ഇത് തന്നെയാണ്. നമ്മുടെ ലോകത്ത് നിന്നും അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കർമ്മമാർഗത്തിലേക്ക് മനുഷ്യരാശിയെ വീണ്ടും വഴി നടത്തുക എന്നത് കൂടിയാണ് വാഗ്ദത്ത മസീഹിന്റെ ആവിർഭാവത്തിന്റെ ഉദ്ദേശ്യങ്ങളിലൊന്ന്. ഖുർആൻ പറയുന്നു: ***'അല്ലയോ ഗുണകാരികളെ! നിഷ്കളങ്കതയെ ആശ്രയിച്ചായിരിക്കേണ്ടുന്ന ദാന ദർമ്മങ്ങളെ നിങ്ങൾ സഹായിച്ചവരെ ഉപകാര ബാദ്ധ്യതയെക്കുറിച്ച് ഓർമ്മപ്പെടുത്തിയും അവരെ ദ്രോഹിച്ചും നിങ്ങൾ നിഷ്ഫലമാക്കല്ല'*** (2:264) ഈ വചനത്തെ വ്യഖ്യാനിച്ചു കൊണ്ട് വാഗ്ദത്ത മസീഹ് പറയുന്നു. ***'ഉപകാരം ചെയ്കയാണെന്ന വിചാരവും കൃതജ്ഞതാ പ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടു കൂടി ഏറ്റവുമടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്ക് നന്മചെയ്യലാകുന്നു. അതായത് അമ്മ സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംഷ കൂടാതെ നന്മ ചെയ്യുന്നത് പ്രകാരം അന്യർക്ക് ഉപകാരം ചെയ്യുക തന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു.'*** (ഇസ്‌ലാം മതതത്വജ്ഞാനം)

മതങ്ങൾക്കതീതരായി മനുഷ്യരെല്ലാം ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലക്ക് ഒന്നാകുന്നു. റസൂൽ തിരുമേനി(സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നടത്തിയ ഹൃദയസ്പൃക്കായ ഉപദേശവും അതായിരുന്നു. ***'ജനങ്ങളെ നിങ്ങളുടെ ദൈവം ഏകനാകുന്നു. നിങ്ങളുടെ ആദി പിതാവും ഒരാളാണ്. നിങ്ങളെല്ലാം ആദമിന്റെ മക്കളാണ്. ആദമാകട്ടെ മണ്ണിൽനിന്നും സൃഷ്ടിക്കപ്പെട്ടു'*** ദുർബലരോടും ബലഹീനരോടുമുള്ള റസൂൽ തിരുമേനിയുടെ അനുരക്തിയും അവരെക്കുറിച്ചുള്ള സഹാനുഭുതിയും ആശങ്കയും നിസ്സീമമാണ്. അവിടുന്ന് അരുളുകയുണ്ടായി. ***'പ്രാകൃതരെപോലെ മുടിചീകാതെ പൊടി പാറിയ മുടിയോടുകൂടിയ എത്രയോ ആളുകളുണ്ട്. അവജ്ഞയാൽ വാതിലുകൾ അവർക്ക് നേരെ കൊട്ടിയടക്കപ്പെടുന്നു. അല്ലാഹുവിന്റെ പേരിൽ അവരൊന്ന് ആണയിട്ടാൽ അല്ലാഹു അവരുടെ വാക്കുകൾ സക്ഷാത്ക്കരിക്കും'*** (മുസ്‌ലിം) ***'നിങ്ങൾ എന്നെ ദുർബ്ബലരുടെയു ദരിദ്രരുടേയും ഇടയിൽ അന്വേഷിക്കുക തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും നിങ്ങളുടെ ഇടയിലുള്ള ബലഹീനർ നിമിത്തമാണ്.'*** (തിർമിദി)

വികാര സാന്ദ്രമായ മതങ്ങൾക്ക് കാരുണ്യത്തിന്റെ മഹാപ്രവാഹങ്ങൾ സൃഷ്ടിക്കാനാകും. പരിശുദ്ധമായ ലക്ഷ്യങ്ങളോടുള്ള പ്രതിബദ്ധതയാണ് പരിശുദ്ധമായ ഉറവിടങ്ങളിലേക്ക് മനുഷ്യനെ ആനയിക്കുന്നത്. നന്മയുടെ അദ്ധ്യാപനങ്ങളും പാവനമായ മാതൃകകളും നിറഞ്ഞതാണ് പരിശുദ്ധമായ മതത്തിന്റെ ഉറവിടങ്ങൾ. കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ മാതാവിന്റെ സ്തനങ്ങളിൽ പാൽ നിറയുന്നത് പോലെ ദുരിതങ്ങളിലും ദു:ഖങ്ങളിലും വേദനകളിലും അകപ്പെട്ടമാനവരാശിയുടെ ദീനരോധനങ്ങൾ കേൾക്കുമ്പോൾ മനുഷ്യതീരങ്ങളിലേക്ക് നിസ്തുല സ്നേഹത്തിന്റെ മഹാപ്രവാഹമായി ഈ ഉറവിടങ്ങളിൽ നിന്നും കരുണയും അനുകമ്പയും കൂലംകുത്തി ഒഴുകണം. വാഗ്ദത്ത മസീഹ് പറയുന്നു: ***'ഒരു മതാവ് തന്റെ മക്കളോട് എപ്രകാരം വാത്സല്യം കാണിക്കുന്നുവോ അപ്രകാരമല്ല, അതിലും കൂടുതലായുള്ള സ്നേഹമാണെനിക്ക് മനുഷ്യകുല ത്തോടുള്ളത്. സത്യത്തെ ഞെക്കി കൊല്ലുന്ന വ്യാജ വിശ്വാസങ്ങളുടെ ശത്രുവാണ് ഞാൻ. മനുഷ്യരോടുള്ള് സഹാനുഭുതി എന്റെ കർത്തവ്യധർമ്മമാകുന്നു.'*** (അർബയീൻ. പേ.2). തീർച്ചയായും ലോകത്തുള്ള എല്ലാ മതങ്ങൾക്കും മനുഷ്യാനുകമ്പ പ്രകടിപ്പിക്കാനുള്ള ശേഷിയുണ്ട് അവർ അവരുടെ ഈ കൃത്യം പ്രാവർത്തികമാക്കിയാൽ ലോകം എത്ര നന്നായേനെ.



# മനസ്സിനകത്തെ വിഗ്രഹങ്ങൾ

**ഹദ്റത്ത് അഹ്മദ്** عليه السلام

ദൃശ്യവിഗ്രഹങ്ങളെ നിഷ്പ്രയാസം തിരിച്ചറിയാവുന്നതാണ്. അതേ ക്ഷണത്തിൽ തന്നെ, ഒരാളെ അതിൽനിന്ന് മോചിപ്പിക്കാനും സാധിക്കുന്നതാണ്. ഇങ്ങനെ മോചിതരയ നൂറുക്കണക്കിനാളുകൾ അതിൽ നിന്ന് ദുരേക്ക് പോകുന്നതായി ഞാൻ കാണുന്നു.

ഒരു കാലത്ത് ഹിന്ദുക്കൾ നിറഞ്ഞിരുന്ന ഈ രാജ്യത്ത് ഇന്ന് മുസ്‌ലിംകളുമുണ്ട്. ഈ മുസ്‌ലിംകൾ ഹിന്ദുക്കളിൽ നിന്ന് വന്നവരല്ലേ? അതുകൊണ്ട് അവർ വിഗ്രഹാരാധന ഉപേക്ഷച്ചില്ലേ? ഇന്നത്തെ ഹിന്ദുക്കളിൽ നിന്നുപോലും വിഗ്രഹാരാധനയില്ലാത്ത ഒരു സമുദായം ഉയർന്നു വന്നിരിക്കുന്നു. വിഗ്രഹാരധനയെന്നത് ഇവിടം കൊണ്ടവസാനിക്കുന്നില്ല. വിഗ്രഹാരാധനയുടെ പ്രത്യക്ഷരൂപം ഉപേക്ഷിക്കപ്പെട്ടു വെന്ന് മാത്രമേയുള്ളൂ.

ദാർശനികരെന്നും തർക്ക ശാസ്ത്രജ്ഞരെന്നും സ്വയം പേരിട്ട് വിളിക്കുന്ന ആയിരക്കണക്കിന് വിഗ്രഹങ്ങളെ കൊണ്ടു നടക്കുന്ന ഇവർക്ക് ഇത്തരം വിഗ്രഹങ്ങളെ അവരിൽ നിന്നും മോചിപ്പിക്കാൻ സാധിക്കുകയില്ല തന്നെ.

ദൈവികാനുഗ്രഹമില്ലാതെ ഇത്തരം കീടങ്ങളെ ഉള്ളിൽ നിന്നും മോചിപ്പിക്കാൻ സാധിക്കുകയില്ല. എന്നത് ഒരു വസ്തുതയാണ്. ഈ കീടങ്ങൾ അതി സൂക്ഷ്മങ്ങളാണ്. അത്പോലെ തന്നെ ഏറ്റവും അപകടകാരികളുമാണ്.

തങ്ങളുടെ സ്വന്തം വികാരങ്ങൾക്കടിമപ്പെട്ട് ദൈവം വിധിച്ച പരിധികൾക്കും അവകാശങ്ങൾക്കുമപ്പുറം പോവുകയും മറ്റുള്ളവരുടെ പരിധികളിലൂടെയും അവകാശങ്ങളിലൂടെയും എടുത്ത് ചാടുകയും ചെയ്യുന്ന ചിലരുമുണ്ട്. എഴുതാനോ വായിക്കാനോ അറിയാത്ത ആളുകളുടെ കാര്യമല്ല ഞാൻ പറഞ്ഞത്. മറിച്ച് ഇത്തരം ആളുകളിൽ ഉലമാക്കന്മാരും സൂഫികളും ഫഖീഹുകളും ഉൾപ്പെടുന്നു. ഇത്തരം രോഗങ്ങൾക്ക് അവർ ഇരയായി തീരുന്നു. ഉന്നത നിലയിലുള്ള ബുദ്ധിയും ധൈര്യവും വിഗ്രഹങ്ങളെ കുറിച്ചുള്ള അറിവും ധാരണയു മുണ്ടെങ്കിൽ ഇത്തരം വിഗ്രഹങ്ങളിൽ നിന്നും വിട്ട് നിൽക്കാൻ കഴിയുന്നതാണ്. ഈ വിഗ്രഹങ്ങൾ ജനങ്ങൾക്കിടയിൽ പക വളർത്തുന്നു. തന്മൂലം ആയിരക്കണക്കിന് കൊലകൾ നടക്കുന്നു. ദൈനംദിന തിന്മകളുടെ അതിപ്രസരം ഉണ്ടാവുന്നു. ഒരാൾ മറ്റൊരാളുടെ അവകാശങ്ങൾ പിടിച്ചു പറിക്കുകയും ഭൗതികതയെ വലിയ തോതിൽ ആശ്രയിക്കുകയും ചെയ്യുമ്പോൾ ദൈവം എന്നത് വ്യർത്ഥമായ ഒരു സങ്കൽപ്പമായി മാറുന്നു.


തൗഹീദ് (ഏക ദൈവത്വം) എന്തെന്ന് മനസ്സിലാക്കിയവരുടെ എണ്ണം ഇന്ന് പൊതുവേ കുറവാണ്. എന്നാൽ അവരെ ഓർമ്മപ്പെടുത്തുന്നതായാൽ അവർ ഉടൻ പറയും എന്ത് ഞങ്ങൾ മുസ്‌ലിംകളല്ലേ? ഞങ്ങൾ കലിമ ചൊല്ലുന്നില്ലേ? എന്ന്. കലിമ എന്നത് ചുണ്ടു കൊണ്ട് ഉരുവിടാനുള്ള വെറും ഒരു മന്ത്രമായി അവർ കരുതുന്നു എന്നത് ദുഖമുളവാക്കുന്ന സംഗതിയാണ്.

ഒരുകാര്യം ഞാൻ തീർച്ചയായും പറയുന്നു: ഏതൊരാൾ കലിമ ത്വയ്യിബയെ (അല്ലാഹു അല്ലാതെ ആരാധനക്ക് അർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ്(സ) അവന്റെ ദൂതനാണെന്നും പ്രഖ്യാപിക്കൽ) നല്ലത് പോലെ അറിയുകയും അത് തന്റെ ജീവിതത്തിൽ മുറുകെ പിടിക്കുകയും ചെയ്യുന്നുവോ, അയാൾക്ക് മഹത്തായ പുരോഗതിയുണ്ടാവുകയും സർവ്വശക്തനായ അല്ലാഹുവിന്റെ അത് ഭുതകരമായ വെളിപ്പെടൽ അയാൾക്ക് ദർശിക്കുമാറാകുകയും ചെയ്യുന്നതാണ്.

ഞാനിവിടെ നിങ്ങളുടെ മുമ്പിൽ ഒരു കഥപറയുവാനോ, സാധാരണപോലെയൊരു പ്രസംഗം നടത്തുവാനോ അല്ല നിൽക്കുന്നതെന്ന കാര്യം നല്ലവണ്ണം മനസ്സിലാക്കി ക്കൊള്ളുക. എന്നെ ദൈവം ഏൽപ്പിച്ച ഒരു ദൗത്യം എനിക്ക് പൂർത്തിയാക്കേണ്ടതുണ്ട്. ഇത് ആരെങ്കിലും ശ്രദ്ധിച്ചാലും ഇല്ലെങ്കിലും വിശ്വസിച്ചാലും ഇല്ലെങ്കിലും എനിക്കതിൽ യാതൊരു പരിഭവവുമില്ല. നിങ്ങൾ സ്വയം തന്നെയായിരിക്കും അതിന്ന് ഉത്തരവാദികൾ. എനിക്ക് എന്റെ ജോലി ചെയ്ത് തീർക്കേണ്ടതുണ്ട്. *(മൽഫൂസാത്ത്. വാ. 9, ഭാ 101,102)*

# തിരുനബിﷺ ചരിത്രം: അഹ്സാബ് യുദ്ധം

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2024 സെപ്തംബർ 20 ന് മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)

അഹ്സാബ് യുദ്ധത്തിൽ തിരുനബി(സ)യുടെ ചരിത്ര സംബന്ധമായുള്ള പരാമർശങ്ങളാണ് നടന്നുവരുന്നത്. കഴിഞ്ഞ ഖുതുബയിൽ ഭക്ഷണത്തിൽ അനുഗ്രഹമുണ്ടായ അത്ഭുത ദൃഷ്ടാന്തത്തെ കുറിച്ച് ഞാൻ വിവരിച്ചിരുന്നു. അതുപോലെ ഈന്തപ്പഴങ്ങളിൽ ഉണ്ടായ അനുഗ്രഹത്തെക്കുറിച്ചും സംഭവം കാണുന്നുണ്ട്. ഹദ്റത്ത് ബശീർ ബിൻ സഅദിന്റെ മകൾ വിവരിക്കുന്നു: എന്റെ ഉമ്മ എന്റെ വസ്ത്രത്തിൽ കുറച്ച് ഈത്തപ്പഴങ്ങൾ തന്നുകൊണ്ടു പറഞ്ഞു: മോളേ, ഇത് ഉപ്പാക്കും മാമനും കൊടുത്ത് നിങ്ങൾക്ക് പ്രാതലിനുള്ള ഭക്ഷണമാണ് എന്നു പറയുക. ഞാൻ ആ ഈന്തപ്പഴങ്ങളുമായി അവരെ അന്വേഷിച്ചുകൊണ്ട് തിരുനബി(സ)യുടെ അടുക്കലൂടെ കടന്നുപോകുമ്പോൾ നബി(സ) പറഞ്ഞു: മോളേ! നിന്റെ കയ്യിൽ എന്താണുള്ളത്? ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്! ഇത് ഈന്തപ്പഴം ആണ്. നബി(സ) അത് തനിക്ക് തരാൻ പറഞ്ഞപ്പോൾ ഞാൻ ആ ഈന്തപ്പഴം നബി(സ)യുടെ കൈകളിലേക്കും വച്ചുകൊടുത്തു. നബി(സ) അത് 2 തുണികൊണ്ട് മൂടി; തുടർന്ന് ഒരാളോട് പറഞ്ഞു: ആളുകളെ ഭക്ഷണത്തിനു വേണ്ടി വിളിക്കൂ. അങ്ങനെ എല്ലാവരും ഒരുമിച്ചു കൂടി ആ ഈന്തപ്പഴം ഭക്ഷിച്ചുതുടങ്ങി. ഈന്തപ്പഴം വർദ്ധിച്ചുകൊണ്ടിരുന്നു. അങ്ങനെ എല്ലാവരും ഭക്ഷിച്ചു കഴിഞ്ഞപ്പോഴും ഈന്തപ്പഴം തുണിയുടെ അരികിൽനിന്ന് വീഴുന്നുണ്ടായിരുന്നു. ഭക്ഷണത്തിൽ അനുഗ്രഹം ഉണ്ടായ ഒരു സംഭവം കൂടി പറഞ്ഞ ശേഷം ഹുസൂർ ഹദ്റത്ത് മസീഹ് മൗഊദ്(അ) സാലിക്കിന്റെയും ലിഖായുടെയും സ്ഥാനത്തെ പറ്റി പറഞ്ഞതിനെ പരാമർശിച്ചുകൊണ്ട് പറഞ്ഞു: അയാൾ അല്ലാഹുവിന്റെ ഒരുപാട് സാമീപ്യം കരസ്ഥമാക്കുന്നു. അതായത് ലോഹം അഗ്നിയുടെ വർണ്ണം തനിക്കുള്ളിൽ ആവാഹിക്കുന്നതുപോലെ. പ്രത്യക്ഷത്തിൽ തീയല്ലാതെ മറ്റൊന്നും കാണപ്പെടുന്നില്ല. ഈ ലിഖായുടെ അവസ്ഥയിൽ ചില സന്ദർഭങ്ങളിൽ മനുഷ്യനിൽനിന്ന് മാനുഷിക പരിധിക്ക് അതീതമായ കാര്യങ്ങൾ ഉണ്ടാകുന്നു. അതിൽ ദൈവീക ശക്തിയുടെ വർണ്ണം സന്നിവേശിപ്പിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി നമ്മുടെ നേതാവും യജമാനരുമായ സയ്യിദുർ റസൂൽ ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ) ബദർ യുദ്ധത്തിൽ ഒരുപിടി ചരൽ കാഫിരീങ്ങൾക്ക് നേരെ എറിഞ്ഞു. ആ ഒരു പിടി മണൽ എന്തെങ്കിലും ദുആകൾ മുഖേന ആയിരുന്നില്ല; മറിച്ച് തന്റെ ആത്മീയ ശക്തി കൊണ്ടാണ് എറിഞ്ഞത്. പക്ഷേ ആ ഒരു പിടിയിൽ ദൈവീക ശക്തിയാണ് കാണപ്പെട്ടത്. ശത്രുസൈന്യത്തിന്മേൽ അത് അനിതര സാധാരണമായ പ്രഭാവം ചെലുത്തി. അവരിൽ ഒരാളുടെയും കണ്ണിൽ അത് പതിക്കാതിരുന്നില്ല. ഇത്തരത്തിലുള്ള വേറെയും ഒരുപാട് അത്ഭുതങ്ങൾ ഉണ്ട്. അതെല്ലാം നബി(സ) തന്റെ സ്വയം കഴിവുകൊണ്ട് കാണിച്ചതാണ്. അതോടൊപ്പം ഒരു ദുആയും ഉണ്ടായിരുന്നില്ല.

കിടങ്ങ് കുഴിക്കുന്ന സന്ദർഭത്തിൽ നിരവധി മുനാഫിക്കീ

ങ്ങൾ നബിയുടെയും മുസ്‌ലീങ്ങളുടെയുമൊപ്പം ജോലി ചെയ്യുന്നതിൽ അലംഭാവം കാണിച്ചു; കുറച്ച് ജോലി മാത്രം ചെയ്തു; നബി(സ)യോട് അനുവാദം വാങ്ങാതെ വീട്ടിലേക്ക് പോയി. (അതേസമയം) മുസ്‌ലിംകൾ എന്തെങ്കിലും ആവശ്യം വന്നാൽ തിരുനബി(സ)യുടെ സവിധത്തിലെത്തി അനുമതി ചോദിക്കുകയും നബി(സ) അവർക്കു അനുമതി നൽകുകയും ചെയ്തിരുന്നു.

നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അബൂസുഫിയാന്റെ സൈന്യം വരുന്നതിന് 3 ദിവസം മുമ്പേ കിടങ്ങ് പൂർത്തിയായിട്ടുണ്ടായിരുന്നു. പദ്ധതിഅനുസരിച്ച്കുട്ടികളെയും യുവാക്കളെയും സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി മാറ്റിയിരുന്ന കോട്ടകളിലേക്ക് പറഞ്ഞയക്കുകയുണ്ടായി. അതേസമയം 15 വയസ്സ് പൂർത്തിയായവർക്ക് അവിടെത്തന്നെ തങ്ങുന്നതിനോ അല്ലെങ്കിൽ കോട്ടകളിലേക്ക് പോകുന്നതിനോ അനുമതി നൽകിയിരുന്നു.

തിരുനബി(സ) ഹദ്റത്ത് ഇബ്നു ഉമ്മു മക്തൂമിനെ മദീനയിൽ തന്റെ നായിബ് ആയി നിശ്ചയിച്ചിരുന്നു. കിടങ്ങിനു സമീപം നബി(സ)ക്ക്‌വേണ്ടി തുകൽ കൊണ്ടുള്ള കൂടാരം ഉണ്ടാക്കി. മുഹാജിരീങ്ങളുടെ പതാക സൈദ് ബിൻ ഹാരിസക്കും അൻസാറുകളുടെ പതാക സഅ്ദ് ബിൻ ഉബാദക്കും നൽകി.

മുസ്‌ലിംകളുടെ എണ്ണത്തെ സംബന്ധിച്ച് ചരിത്രകാരന്മാർ വ്യത്യസ്ത നിവേദനങ്ങൾ ആണ് വിവരിക്കുന്നത്. ഇത് 700 മുതൽ 3000 വരെ എന്നു പറ യുന്നുണ്ട്. എന്നാൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ ഉന്നതമായ ഉൾക്കാഴ്ചയുടെ ഫലമായി എല്ലാ നിവേദനങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ട് പറയുന്നു: അഹ്സാബ് യുദ്ധത്തിന് മൂന്ന് ഭാഗങ്ങ ളുണ്ട്. ഒന്ന് ശത്രു മദീനയുടെ മുന്നിൽ എത്താത്ത സമയം, അപ്പോൾ കിടങ്ങ് കുഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ ഘട്ടത്തിൽ മണ്ണ് വാരുന്ന ജോലി കുട്ടികൾക്ക്പോലും ചെയ്യാൻ കഴിയുമായിരുന്നു. ചില സ്ത്രീകളും ഈ ജോലിയിൽ സഹായിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് കിടങ്ങ് കുഴിക്കുന്ന ജോലി ഉണ്ടായിരുന്നപ്പോൾ മുസ്‌ലിം സൈന്യത്തിന്റെ അംഗബലം 3000 ആയിരുന്നു. പിന്നെ ശത്രുക്കൾ വന്ന് യുദ്ധം ആരംഭിക്കുന്ന സമയമാണ്. തിരുനബി(സ) 15 വയസ്സിൽ താഴെയുള്ള കുട്ടികളോട് തിരിച്ചുപോകാൻ കൽപ്പിക്കുകയുണ്ടായി. അതേസമയം 15 വയസ്സ് പൂർത്തിയായവർക്ക് അവിടെ നിൽക്കാനോ അല്ലെങ്കിൽ തിരിച്ചു പോകാനോ അനുമതി നൽകിയിരുന്നു. ഈ നിവേദനത്തിൽനിന്ന് മനസ്സിലാകുന്നത്, കിടങ്ങു കുഴിക്കുന്ന ഘട്ടത്തിൽ മുസ്‌ലിംകളുടെ എണ്ണം കൂടുതൽ ഉണ്ടായിരുന്നു; യുദ്ധസമയത്ത് അത് കുറയുകയും ചെയ്തു. 1200 എന്ന എണ്ണം യുദ്ധം ആരംഭിച്ച ഘട്ടത്തിൽ ഉള്ളതാണ്. യുദ്ധത്തിനിടയിൽ ബനൂഖുറൈസ കാഫിരീങ്ങളുടെ സൈന്യവുമായി ചേരുകയുണ്ടായി. അവർ മദീനയെ ഓർക്കാപ്പുറത്ത് ആക്രമിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. തിരുനബി(സ) ബനൂഖുറൈസ ഉണ്ടായിരുന്ന ദിക്കിലും മദീനയുടെ സംരക്ഷണം അനിവാര്യമാണെന്ന് മനസ്സിലാക്കി. ചരിത്രത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് എന്തെന്നാൽ ആ സമയത്ത് നബി(സ) രണ്ട് സൈന്യങ്ങളെ തയ്യാറാക്കി സ്ത്രീ കളെ (പാർപ്പിച്ചിരുന്ന രണ്ടു ഭാഗങ്ങളിലേക്കുമായി) സംരക്ഷണത്തിനായി നിയോഗിക്കുകയുണ്ടായി. 200, 300 വീതം പേരെ രണ്ട് സംഘങ്ങൾക്കും നൽകി. 1200 സൈനികരിൽനിന്ന് 500 സൈനികർ സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി പോയപ്പോൾ ബാക്കി 700 അംഗങ്ങൾ മാത്രമായി.

അബൂസുഫിയാന്റെ നേതൃത്വത്തിൽ മക്കയിലെ ഖുറൈശികളും മറ്റ് ഗോത്രങ്ങളുടെ സൈന്യവും മദീനയിൽ എത്തി കിടങ്ങിന് അരികിൽ താവളമടിച്ചു. മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: കാഫിരീങ്ങളുടെ സൈന്യം ഈ സ്ഥലത്ത് എത്തിയപ്പോൾ തങ്ങളുടെ വഴിയിൽ കിടങ്ങ് കണ്ട് അവർ എല്ലാവരും അത്ഭുതപ്പെട്ടു. അങ്ങനെ കിടങ്ങിന് അപ്പുറത്ത് തമ്പടിക്കുവാൻ നിർബന്ധിതരാവുകയും ചെയ്തു. കിടങ്ങു തടസ്സമായതു കാരണം കിടങ്ങിന്റെ ദുർബല ഭാഗങ്ങളെ പ്രയോജനപ്പെടുത്താൻ തക്കം പാർത്തിരിക്കാൻ തുടങ്ങി. ശത്രുക്കൾ കിടങ്ങ് മറികടക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ പിന്നെ മറ്റ് രീതിയിലുള്ള നീക്കങ്ങൾ തുടങ്ങി. മുശ്‌രിക്കീങ്ങൾ ബനൂ ഖുറൈസയെ കൂടെ ചേർക്കാനുള്ള ഒരു ഗൂഢ പദ്ധതി ആസൂത്രണം ചെയ്തു. അങ്ങനെ ബനൂഖുറൈസ ഏതെങ്കിലും വിധത്തിൽ മുസ്‌ലീങ്ങളുമായി ഉണ്ടാക്കിയ കരാർ ലംഘിക്കണമെന്നും അവരെക്കൊണ്ട് അകത്തു നിന്ന് മദീനക്കാർക്ക് നേരെ ആക്രമണം നടത്തിക്കാമെന്നും ആഗ്രഹിച്ചു. ഈ ഭയാനകമായ ഗൂഢാസൂത്രണം പ്രാവർത്തികമാക്കുന്നതിനുവേണ്ടി ഹുയ്യ് ബിൻ അഖ്ത്തബ്, ബനൂഖുറൈസയുടെ നേതാവ് കഅബ് ബിൻ അസദിയുടെ അടുക്കൽ എത്തി. അയാൾ വരുന്നത് അറിഞ്ഞപ്പോൾ കഅബ് വാതിൽ തുറക്കാൻ വിസമ്മതിച്ചു. കഅബ് വ്യക്തമായി മറുപടി പറഞ്ഞു: ഞാൻ മുഹമ്മദ്(സ)മുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നു. ഞാൻ മുഹമ്മദ്(സ)നെ എപ്പോഴും സത്യസന്ധനും വാഗ്ദാനം പാലിക്കുന്നവനും ആയിട്ടാണ് കണ്ടിട്ടുള്ളത്. എന്നാൽ കുറച്ചു നേരത്തെ നിർബന്ധനത്തിനുശേഷം അവസാനം കഅബ് കവാടം തുറ ന്നുവെന്നു മാത്രമല്ല, അയാളുടെ (വാക്കിൽ വീഴുകയും) ആ ഗൂഢപദ്ധതിയിൽ പങ്കാളി



യാകുകയും മുമ്പ് ചെയ്ത കരാർ ലംഘിക്കുകയും ചെയ്തു.

ഈ അവസ്ഥ കണ്ടപ്പോൾ ബനൂഖുറൈസയിലെ നല്ല പ്രകൃതക്കാരായിരുന്ന, യഹൂദികളിൽ നിന്നുള്ള ഏതാനും പേർ തിരുനബി(സ)യുടെ അടുക്കൽ എത്തി ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. ബനൂ ഖുറൈസ വാഗ്ദാനം ലംഘിച്ചത് ഹദ്റത്ത് ഉമർ ബിൻ ഖത്താബ് മുഖേന നബി(സ) അറിഞ്ഞപ്പോൾ, തിരുനബി(സ) സഅദ് ബിൻ മആദിനേയും സഅദ് ബിൻ ഉബാദയെയും ഏതാനും സ്വഹാബാക്കളേയും അയച്ചുകൊണ്ട് പറഞ്ഞു: ഈ ജനതയെപറ്റി നമുക്ക് കിട്ടിയ വാർത്ത സത്യമാണോ അല്ലയോ എന്ന് നിങ്ങൾ അറിഞ്ഞു വരിക. ഇത് സത്യമാണെങ്കിൽ അത് എല്ലാവർക്കും മുന്നിൽ പറയരുത്. സൂചനാ രൂപത്തിൽ എന്നോട് പറയണം. ഈ സംഘം ബനൂഖുറൈസയുടെ അടു ക്കലെത്തി. കഅബ് അവരെ അപമാനിക്കുകയും ആ കരാറിനെ പൊട്ടിച്ചെറിയുകയും ചെയ്തു. ആ ദുർഭഗൻ (കഅബ് ബിൻ അസദ്) സഹാബാക്കളുടെ സംഘത്തോട് വളരെ ധിക്കാരത്തോടെയാണ് പെരുമാറിയത്. സഅദ്മാർ കരാറിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ ആ ഗോത്രത്തിലെ ആളുകൾ പുറം തിരിഞ്ഞുകൊണ്ടു പറഞ്ഞു: പോവുക, മുഹമ്മദ്(സ)നും ഞങ്ങൾക്കുമിടയിൽ ഒരു കരാറും ഇല്ല. ഈ വാക്കുകൾ കേട്ടപ്പോൾ സ്വഹാബാക്കളുടെ സംഘം അവിടെ നിന്ന് എഴുന്നേറ്റു വന്ന് തിരുനബി(സ)ക്ക് കാര്യങ്ങളെ സംബന്ധിച്ച് ഉചിതമായ നിലയിൽ അറിയിപ്പ് നൽകി.

നാഡികളെ ക്ഷയിപ്പിക്കുകയും ബുദ്ധിയെ നഷ്ടപ്പെടുത്തുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ തിരുനബി(സ) അൽപനേരത്തെ നിശബ്ദതക്കു ശേഷം പറഞ്ഞു: അല്ലയോ വിശ്വാസി സമൂഹമേ, അല്ലാഹുവിന്റെ സഹായത്തിലും പിന്തുണയിലും സന്തോഷം പ്രകടിപ്പിക്കുവിൻ! ഞാൻ കഅബയെ തവാഫ് ചെയ്യുന്ന ഒരു സമയം വരാനിരിക്കുന്നു അതിന്റെ താക്കോലുകൾ എന്റെ കയ്യിൽ ആയിരിക്കും. കൈസറും കിസ്റയും തീർച്ചയായും നശിപ്പിക്കപ്പെടുന്നതുമാണ്.

ഇതേക്കുറിച്ച് കൂടുതൽ വിവരണങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് പറയുന്നതാണ്.

ഇന്നു മുതൽ ഖുദ്ദാമുൽ അഹ്മദിയ്യയുടെ ഇജ്തിമാ ആരംഭിക്കുകയാണ്. ഖുദ്ദാം ഇതിൽനിന്ന് നല്ലപോലെ പ്രയോജനം എടുക്കാൻ ശ്രമിക്കേണ്ടതാണ്. കാലാവസ്ഥ പ്രവചനം ഒരുപക്ഷേ മഴയുണ്ടാകും എന്നാണ്. ഏതായാലും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ, അവരുടെ പരിപാടികൾ നല്ല രീതിയിൽ നടക്കുമാറാകട്ടെ. ഈ ദിവസങ്ങളിൽ ഖുദ്ദാം തങ്ങളുടെ ആത്മീയവും വൈജ്ഞാനികവുമായ നിലവാരം ഉയർത്താൻ ശ്രമിക്കേണ്ടതാണ്. ഞാൻ ആഹ്വാനം ചെയ്തിട്ടുള്ള ദുആകളിലേക്കും സ്വലാത്തിലേക്കും ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. ഈ ദിവസങ്ങളിൽ അത് എപ്പോഴും ചൊല്ലിക്കൊണ്ടിരിക്കുക.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് 4 മർഹൂമീങ്ങളെ അനുസ്മരിക്കുകയും അവരുടെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണ് എന്നു വിളംബരപ്പെടുത്തുകയുമുണ്ടായി.

1. റബ്വയിലെ വഖ്ഫെ സിന്ദഗി ആയിരുന്ന ഹബീബ് റഹ്മാൻ സേർവി സാഹിബ്. ഈ സമയത്ത് അദ്ദേഹം നായിബ് നാസിർ ദിവാൻ എന്ന നിലക്ക് ജമാഅത്തിന് സേവനം ചെയ്തു കൊണ്ടിരിക്കുകയായിരുന്നു.

2. ബ്രിഗേഡിയർ ഡോ. സിയാഉൽ ഹസൻ സാഹിബിന്റെ മകൻ ഡോക്ടർ സയ്യിദ് റിയാസുൽ ഹസൻ സാഹിബ്. ജീവിതം വഖ്ഫ് ചെയ്ത് ഏകദേശം 20 വർഷത്തിൽ അധികം ആഫ്രിക്കയിലും പാകിസ്ഥാനിലും നല്ലപോലെ സേവനം ചെയ്തിട്ടുണ്ട്.

3. റബ്വയിലെ പ്രൊഫസർ അബ്ദുൽ ജലീൽ സാദിഖ് സാഹിബ്. ഈ സമയത്ത് അദ്ദേഹം സദർ അഞ്ചുമൻ അഹ്മദിയ്യയുടെ റിക്കാർഡ് സൂക്ഷിപ്പ് വിഭാഗത്തിൽ ഇൻചാർജ് ആയി, നാഇബ് നാസർ എന്ന നിലയ്ക്ക് നിയമിക്കപ്പെട്ടിരുന്നു.

4. ജങ്കിലെ മാസ്റ്റർ മുനീർ അഹ്മദ് സാഹിബ്. മർഹൂമിന് ഒരു ദീർഘകാലം ജമാഅത്തിന്റെ വിവിധ വകുപ്പുകളിൽ സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. തടവുകാരുടെ ക്ഷേമത്തിനുവേണ്ടി വളരെ നല്ലനിലയിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു.

അല്ലാഹു ഇവരെല്ലാവരോടും പൊറുമയോടെയും കരുണയോ

ലേഖനം

# ഇസ്‌ലാമിന്റെ സുവർണ്ണഭൂതകാലം

ലോക സംസ്കാരത്തിന്ന് അനശ്വരമായ സംഭാവനകൾ നൽകിയ ഒരു ഭൂതകാലം ഇസ്‌ലാമിന്നുണ്ടായിരുന്നു. ശാസ്ത്രം, സാഹിത്യം, കല എന്നീ രംഗങ്ങളിൽ അത് നിറഞ്ഞു നിന്നിരുന്നു.

അബ്ദുസ്സലാം അക്‌തർ

മുസ്‌ലിം പ്രതിഭകളെ പറ്റി വിശദീകരിക്കുന്നതിന്ന് മുമ്പായി ഒരു കാര്യം നാം ശ്രദ്ധാപൂർവം ഓർക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ വൈജ്ഞാനിക പുഷ്‌ക്കലകാലത്ത് ഒരു വിഷയവും ഒറ്റപ്പെട്ടു നിന്നില്ല ഒന്നിനോടൊന്ന് ബന്ധപ്പെട്ട നിലയിലായിരുന്നു അവയെല്ലാം. വിശേഷവത്കൃത വിജ്ഞാനം അഥവാ ഒരു പ്രത്യേക വിഷയത്തിൽ വൈദഗ്ദ്യം നേടിയവർ അക്കാലത്തും ഉണ്ടായിരുന്നു. തനിക്ക് ചുറ്റുമുള്ള ലോകത്ത് കൗതുക പൂർവ്വമുള്ള താൽപര്യമാണ് ഒരാളെ വിശേഷവത്കൃതമായ രസതന്ത്ര വിജ്ഞാനിയും ഗോള ശാസ്ത്രജ്ഞനും ആക്കുന്നത്, അപ്രകാരം ഒരാളെ തത്വജ്ഞാനിയാക്കുന്നതും ഈ താൽപര്യം തന്നെയാണ്. മഹാനായ ചരിത്രകാരൻ ഇബ്നു ഖൽദൂൻ ഒരേ സമയം തത്വജ്ഞാനിയും ചരിത്ര രചനാശാസ്ത്രകാരനും (*Historiographer*) ആയിരുന്നു. പ്രശസ്ത പാശ്ചാത്യ എഴുത്തുകാരൻ ഫിലിപ്പ് ഹിറ്റി അദ്ദേഹത്തെ വിളിച്ചത് 'ഏക്കാലത്തേയും വലിയ ചരിത്രകാരനായ തത്വശാസ്ത്രകാരൻ'എന്നാണ്. മറ്റൊരു മുസ്‌ലിം തത്വശാസ്ത്രജ്ഞൻ ഇബ്നു റുഷ്ദാണ്. അദ്ദേഹം സ്വയം ശാസ്ത്ര പഠനത്തിൽ മാത്രം മുഴുകിയ ആളായിരുന്നില്ല. അദ്ദേഹത്തെപറ്റി ഹിറ്റി പറയുന്നത്

'എന്നെ വൈദ്യവിജ്ഞാനിയെ തത്വജ്ഞനിയും ഖുർആൻ ഭാഷ്യകാരനുമായ ഇബ്നു റുഷ്ദ് മുഴുവനും ഗ്രസിച്ചു കളഞ്ഞു വെന്നാണ്.'[1]

മറ്റൊരു ശ്രദ്ധേയമായ വസ്തുത എന്തെന്നാൽ, സാധാരണക്കാരനോട് പോലും അവന്റെ ദൈനം ദിന ജീവിത പ്രശ്നങ്ങൾക്കപ്പുറത്തേക്ക് വിശാലമായ വൈജ്ഞാനിക ലോകം നോക്കിക്കാണാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു എന്നതാണ്. ഒരു അമുസ്‌ലിം ചിന്തകനെ സംബന്ധിചേടത്തോളം പ്രകൃതിയിൽ നടക്കുന്ന നിയമങ്ങളെപറ്റി ഒരു മതഗ്രന്ഥം പറയുക എന്നത് ഒരു നൂതനമായ ആശയമാണ്. പക്ഷേ ഒരു മുസ്‌ലിമിനെ സംബന്ധിചേടത്തോളം അയാൾ ഒരു തൊഴിലാളിയാവട്ടെ ഒരു ഡോക്ടറാകട്ടെ ഒരു ദിവ്യജ്ഞാനിയാകട്ടെ അയാൾക്ക് ഈ പ്രപഞ്ചം ചിന്തിക്കാനുള്ള വിഭവവും പ്രവർത്തിക്കുവാനുള്ള കളരിയുമാണ്. ഖുർആൻ പറയുന്നു:

**'ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിന്നുള്ളതാണ്. അല്ലാഹു എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ) ഞങ്ങളുടെ നാഥാ!, നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്, അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ'** (വി.ഖു 3:190–192)

വിശുദ്ധ ഖുർആന്റെ അദ്ധ്യാപന പ്രകാരം പ്രപഞ്ചത്തിന്റെ ഘടനാ സംവിധാനത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തണമെന്ന് മാത്രമല്ല ഉന്നത നിലവാരത്തിലുള്ള പ്രതിഭാശാലികളെ വളർത്തിയെടുക്കണമെന്ന് നിർബന്ധിക്കുക കൂടി ചെയ്യുന്നു. അതുകൊണ്ടാണ് പ്രഗത്ഭ ജർമ്മൻ പണ്ഡിതനായ ഹംബോൾട്ട് പറഞ്ഞത് 'നാം ഇന്ന് അനുഭവിക്കുന്ന ഭൗതിക ശാസ്ത്രത്തിന്റെ യഥാർത്ഥ സൃഷ്ടാക്കളായി അറബികളെയാണ് കണക്കാക്കേണ്ടത്.' ശാസ്ത്ര ചരിത്രകാരനായ ജോർജ്ജ് സാർട്ടൺ അറബ് ശാസ്ത്രജ്ഞന്മാർക്ക് നൽകിയ ഉജ്ജ്വലമായ ആദരം നോക്കു. '8-ാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ 11-ാം നൂറ്റാണ്ടിന്റെ അവസാനം വരെ അറബിയായിരുന്നു മനുഷ്യ സമൂഹത്തിന്റെ ശാസ്ത്രത്തിന്റേയും പുരോഗമനത്തിന്റെയും ഭാഷ. അക്കാലത്ത് ഏറ്റവും മൂല്യവത്തായതും ഏറ്റവും അർത്ഥഗർഭിതവും ഏറ്റവും മൗലികവുമായ രചനകൾ എഴുതപ്പെട്ടത് അറബിയിലായിരുന്നു. ആ നാളുകളിൽ ഒരാൾ കൂടുതൽ അറിവ് നോടാനും സമകാലീന ജ്ഞാനം ആർജ്ജിക്കാനും അറബി പഠിക്കേണ്ടതുണ്ടായിരുന്നു. ശാസ്ത്ര രംഗത്ത്

പണ്ഡിതരുടെ പൗരസ്ത്യ വിജ്ഞാനത്തോടുള്ള പരിചയം മുഖേനയായിരുന്നു.[4]

### ചരിത്രരചനാ ശാസ്ത്രം (ഹിസ്റ്റോറിയോഗ്രഫി)

ഹിസ്റ്റോറിയോ ഗ്രഫി എന്നാൽ ചരിത്രത്തിലെ വസ്തുതകൾ കാലനുക്രമമായും ഉദ്ദേശ്യാധിഷ്ഠിതമായും എഴുതുകയും രേഖപ്പെടുത്തുകയും ചെയ്യുക എന്നാണർത്ഥം. സമീപനത്തിൽ ശുദ്ധ തത്വശാസ്ത്രകാരന്മാരോട് അടുത്ത് നിൽക്കുന്നവരാണ് മുസ്‌ലിം ഹിസ്റ്റോറിയോഗ്രഫേഴ്സ് മുസ്‌ലിം ചരിത്ര രചനാശാസ്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ പ്രാഥസ്മരണീയരും അതുല്യരുമായ മൂന്ന് പേരുണ്ട്. ആദ്യത്തേയാൾ അബൂ അൽ ഹസൻ അലി അൽ മസ്ഊദി മഹാനായ ഗ്രീക്ക് ചരിത്രകാരൻ ഹെറോഡോട്ടസിനെ പോലെ തീർച്ചയായും അദ്ദേഹം അറബികളുടെ ചരിത്രത്തിന്റെ പിതാവാണ്. പക്ഷേ മസ്ഊദിയുടെ രീതി വ്യത്യസ്തമായിരുന്നു. വിഷയാധിഷ്ഠിതമായി ചരിത്രത്തെ സമീപിക്കുന്ന രീതി അദ്ദേഹമാണ് കണ്ടെത്തിയത്. സംഭവങ്ങളെ അദ്ദേഹം വർഷങ്ങളുടെയും തിയ്യതികളുടെയും അടി സ്ഥാനത്തിലല്ല തരം തിരിച്ചത്. വ്യക്തികൾക്കും രാജപരമ്പരകളുടെയും അടിസ്ഥാനത്തിൽ അദ്ദേഹം ചരിത്രത്തെ ചിട്ടപ്പെടുത്തി. ചരിത്രകഥനത്തിന്ന് സജീവത വരുത്തുവാൻ അദ്ദേഹം ചരിത്ര സംഭവങ്ങൾക്ക് ഉപാഖ്യാനങ്ങളും നൽകുകയുണ്ടായി.

അസാമാന്യരായ മറ്റു രണ്ട് ചരിത്രകാരന്മാരാണ് ഇബ്നു ഖൽദൂനും തബരിയും. ചരിത്രത്തിലാദ്യമായി കാലവസ്ഥയും ഭൂമിശാസ്ത്രവും മനുഷ്യന്റെ ധാർമിക ഘടകങ്ങളും ചേർന്നാണ് ചരിത്രം നിർമ്മിക്കുന്നതെന്ന സിദ്ധാന്തം ഇബ്നു ഖൽദൂൻ ആവിഷ്ക്കരിച്ചു. അപ്രകാരം ജനവർഗ്ഗങ്ങളുടെ പുരോഗതിയുടെയും ശൈഥില്യ



സമസ്ഥാനീയ പദവിയലങ്കരിക്കാൻ പശ്ചിമ ദേശത്ത് അക്കാലത്ത് ആരുമില്ലായിരുന്നു. പ്രഗത്ഭമതികളായ അറബി വിജ്ഞാനികൾ ചിലരുടെ പേരുകൾ ഇപ്പോൾ സ്മരിക്കുന്നത് ഉചിതമായിരിക്കും. ജാബിരുബ്നു ഹയ്യാൻ, അൽ കിന്ദി, അൽ ഖാവാരിസ്മി, അൽ റാസി, താബിത്ത്ബ്നൂ ഖുർറു, ഇബ്നു യൂനുസ്, അലി ഇബ്നു ഈസാ, ഇബ്നു സീനാ,.... കീർത്തി ധാവള്യം പരത്തിയ അതിപ്രശസ്തരായ ഇവരുടെ പട്ടിക ഇനിയും നീട്ടാൻ യാതൊരു പ്രയാസവുമില്ല....... മദ്ധ്യാകാല യൂറോപ്പിന്റെ ചരിത്രത്തിൽ മുസ്‌ലിം സ്പെയിൻ ധൈഷണിക പ്രബുദ്ധതയുടെ തിളങ്ങുന്ന അധ്യായം എഴുതി ചേർക്കുകയുണ്ടായി. 8-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം മുതൽ 13-ാം നൂറ്റാണ്ടിന്റെ ആദ്യം വരെ അറബി ജനതയായിരുന്നു സംസ്ക്കാരത്തിന്റെയും നാഗരികതയുടെ ദീപശിഖ വഹിച്ചവർ'

മറ്റൊരു പ്രമുഖനും ആധികാരിക ഭൗതിക ശാസ്ത്ര ചരിത്രകാരനുമായ സർ എഡ്വേർഡ് തോർപെയ്ൻ എഴുതുന്നു

'സ്പെയിനിലെ മുസ്‌ലിം ഖലീഫമാരായിരുന്ന യൂസുഫിന്റെയും യാഖൂബിന്റെയും ഭരണത്തിന്ന് കീഴിലാണ് ശാസ്ത്രം സമ്പൂർണ്ണ നാശത്തിൻ നിന്നും രക്ഷിക്കപ്പെട്ടത്. കോർഡോബ, ഗ്രനഡ്, സാവില്ലി, ടൊലിഡോ എന്നവിടങ്ങളിലായിരുന്നു പശ്ചിമ യൂറോപ്പിലെ മുഖ്യ വിദ്യാകേന്ദ്രങ്ങൾ അവറോസ് എന്ന പേരിലറിയപ്പെട്ട പ്രഗത്ഭനായ മുസ്‌ലിം പ്രതിഭാശാലി ഇബ്നു റുശ്ദി (എ ഡി. 1126- 1193) ആണ് അതിന്ന് നേതൃത്വം നൽകിയത്. മുസ്‌ലിംകളായ ജബർ, അവിസെന്ന എന്നി വരിലൂടെയായിരുന്നു റോജർ ബേക്കർ മുതലായ പ്രശസ്തരായ ക്രിസ്ത്യൻ പണ്ഡിതന്മാർ അരിസ്റ്റോട്ടിലിന്റെ തത്ത്വ ശാസ്ത്ര സിദ്ധാന്തങ്ങൾ മനസ്സിലാക്കിയത്. ഈ പാശ്ചാത്യ

ത്തിന്റെയും നിയമം കണ്ടെത്തിയതും ഇബ്നു ഖൽദൂനാണ്. അദ്ദേഹം ജനതയുടെ ഉയർച്ചയുടെയും താഴ്ച്ചയുടെയും യഥാർത്ഥ കാരണം ആദ്യമായി കണ്ടെത്തിയത് ഇബ്നു ഖൽദൂൻ തന്നെയാണ്.

തബരി ലോകാരംഭം മുതൽ എ. ഡി 915 വരെയുള്ള ലോകത്തിന്റെ ചരിത്രം എഴുതുകയുണ്ടായി. പഠനത്തിന് വേണ്ടി പഠിക്കുക എന്ന തത്വത്തിൽ അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്റെ ചരിത്രം അതുകൊണ്ട് ഒരു മതശാസ്ത്രിയുടെ ആവേശമുള്ളതും ഒരു ന്യായാധിപന്റെ സൂക്ഷ്മയുള്ളതും രാഷ്ട്രവിജ്ഞാനിയുടെ അന്തർദൃഷ്ടി പ്രകടമവുന്നതുമായിരുന്നു. തബരിയുടേത് തികച്ചും വിജ്ഞാനാന്വേഷണത്തിന്നുവേണ്ടി ഉഴിഞ്ഞുവെച്ച ജീവിതമായിരുന്നു.

### ചിത്രകലയും വാസ്തു ശിൽപ്പവും

കല എന്നത് വിവാദാത്മകമായ ഒരു വിഷയമാണ്. ആധുനിക കാലത്ത് അതിൽ പലതിന്നും പല രൂപ പരിണാമങ്ങളും സംഭവിച്ചിരിക്കുന്നു. പക്ഷേ ഇന്നു വരെയുള്ള മനുഷ്യന്റെ ചിത്രരചനയോടുള്ള സർഗ്ഗ വാസന പരിഗണിക്കുമ്പോൾ മുസ്ലിം കല ഭാവനയുടെ പാരമ്യങ്ങൾ കൈവരിച്ചതായി കാണാം. 13-ാം നുറ്റാണ്ടിലെ പുസ്തകങ്ങൾ പ്രത്യേകിച്ചും കഥാ പുസ്തകങ്ങളും ശാസ്ത്ര സംബന്ധിയായ പുസ്തകങ്ങളും ചിത്രീകരണങ്ങൾ കൊണ്ട് സമൃദ്ധമായിരുന്നു. യഹ്യാ ഇബ്നു മഹ്മൂദ് അൽവസീതി (Yahya ibn Mahmud al-Wasiti) ഏറ്റവും പ്രശസ്തനായ ചിത്രകലാകാരനായിരുന്നു അദ്ദേഹത്തിന്റെ പ്രതീകാത്മക ചിത്രീകരണമായ 'മുഖാമത്തി ഹരീരി'* ആഹ്ളാദവും പ്രചോദനവും ഒരേ സമയം പ്രദാനം ചെയ്യുന്നു. സിറിയൻ മരുഭൂമിയിലെ കുളിമുറിയുടെയും സുഖഭവനങ്ങളുടെയും ചുമരുകളിൽ വലീദ് (എ.ഡി. 705-715) ന്റെകാലത്ത് വരക്കപ്പെട്ട ചുമർ ചിത്രങ്ങളും (Murals) യസീദ് നിർമ്മിച്ച പ്രശസ്തമായ കസറെ അമ്റ് ഭിത്തിയും അതീവ മനോഹരമായ ചിത്രങ്ങളകൊണ്ട് അലങ്കൃതമായിരുന്നു. അത്തരത്തിലുള്ള ചുവർ ചിത്രങ്ങളായിരുന്നു ഉമവി ഖലീഫമാരുടെ കീഴിലായിരുന്ന ഇറാനിലും ഈജിപ്തിലും കണ്ടിരുന്നത്.

ലോകം കണ്ടതിൽ വെച്ചേറ്റവും നല്ല ചിത്രകല ആവിഷ്ക്കരിക്കപ്പെട്ടത് മുഗളന്മാരുടെ കീഴിലായിരുന്നു. ആഗ്രയിലെ രാജകീയ ഗ്രന്ഥാലയത്തിൽ 24,000 കൈയ്യെഴുത്തു പ്രതികൾ സൂക്ഷിക്കപ്പെട്ടിരുന്നു. അതിലധികവും ചിത്രീകരണമുള്ളവയായിരുന്നു. ജാലകങ്ങൾ കോട്ടയുടെ മാർബിളുകളിലെ വർണ്ണചാർത്തുകൾക്കും പുറമെ കൊട്ടാരങ്ങളും കുംഭഗോപുരങ്ങളും മിക്കതും കല്ലിലെഴുതിയ കവിത പോലെ മനോഹരമായിരുന്നു. മുഗൾ കാലഘട്ടത്തിലെ വാസ്തു ശിൽപ്പകല പ്രത്യേകം ഒരു വിഷയം തന്നെയാണ്. മുഗൾ വാസ്തു ശിൽപ്പകലയിൽ താഴിക കുടങ്ങൾക്കും കമാനങ്ങൾക്കും നൽകിയ പ്രാധാന്യം ശ്രദ്ധേയമാണ്. ഈ നിർമ്മാണകലയിലെ പൊതു ശൈലിയാണ് പിന്നീട് ഇസ്ലാമിക വാസ്തു ശിൽപ്പകലാ രീതിയായി മാറിയത്. Glories of Islam എന്ന ഗ്രന്ഥത്തിൽ Architectual style of Muslim എന്ന അദ്ധ്യായത്തിൽ Noor Ahmed എഴുതുന്നു.

'മുസ്ലിം ക്രിസ്ത്യൻ വാസ്തു ശിൽപ്പകല മിശ്രണം ചെയ്യപ്പെട്ടു. അത് ഇപ്പോൾ സ്പാനിഷ് ശൈലി എന്നാണറിയപ്പെടുന്നത്. സ്പാനിഷ് ഭാഷയിൽ നിരവധി അറബി വാക്കുകൾ ഇപ്പോഴും നിലനിൽക്കുന്നു എന്ന വസ്തുത തന്നെ സ്പാനിഷ് നിർമ്മിതികളുടെ അറബി മൂലം തെളിയിക്കുനു. കുതിരലാടത്തിന്റെ ആകൃതിയിലുള്ള ആർച്ചുരൂപങ്ങൾക്ക് ഇപ്പോഴും മൂറിഷ് ആർച്ച് എന്നാണ് പറയുന്നത്. മുസ്ലിം വാസ്തു ശിൽപം പടിഞ്ഞാറ് ദേശത്ത് അറിയപ്പെടുന്നത് അങ്ങനെയാണ്. പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ ക്രൈസ്തവ മുസ്ലിം നാടുകളിൽ വാസ്തു ശിൽപ കലാരംഗത്ത് ഇരു സംസ്കാരങ്ങളും അന്യോന്യം വമ്പിച്ച തോതിൽ സ്വാധീനിക്കപ്പെടുകയുണ്ടായി വക്ര രീതിയിൽ വർണ്ണം ചാർത്തുള്ള കമാനങ്ങളും (Cusped Arc) വാതിലുകൾക്കും ജനാലകൾക്കും കഴകളും താലങ്ങളും കൊണ്ടുള്ള പണിത്തരങ്ങൾ (Bar Tracery ,Plate Tracery) പശ്ചിമ നാടുകൾ ഇങ്ങിനെ നിരവധി വാസ്തു ശിൽപ ഘടനകൾ ഇസ്ലാമികലോകത്ത് നിന്നും സ്വീകരിക്കുകയുണ്ടായി. പാലത്തിന്റെ തൂണുകൾ, അലംങ്കൃതമായ കൊത്തളങ്ങൾ, കൊത്തുപണികൾ, രേഖാങ്കിംതമായ പൂമുഖങ്ങൾ, ലോഹഗ്രില്ലുകൾ, നിർമ്മാണ ഘടനയിലെ ജാമിതീയ രൂപങ്ങൾ, മുതലായ വാസ്തു ശിൽപകലാരംഗത്തെ ലാവണ്യാത്മകമായ നിരവധി ഘടങ്ങൾ അക്കാലഘട്ടങ്ങളിൽ സമ്മിശ്രമാക്കപ്പെട്ടു.'[5]

### പ്രഭാഷണകലയും സംഗീതവും

ഇസ്ലാമിന്റെ ആദ്യകാലത്ത് പള്ളിയായിരുന്നു സുപ്രധാനമായ പ്രഖ്യാപനങ്ങളുടെയും അധ്യാപനങ്ങളുടെയും ചർച്ചകളുടെയും കേന്ദ്രം. ഇവിടെ നിന്നാണ് പ്രഭാഷണ കലയുടെ ആരംഭം കുറിച്ചത്. വരമൊഴിയേക്കാൾ വാഴ്മൊഴി വഴക്കത്തിന്ന് പ്രാധാന്യം നൽകി കൊണ്ടുള്ള സാഹിത്യരൂപം ഇക്കാലത്ത് പുഷ്ടിപ്പെടുകയുണ്ടായി. പൊതു പ്രഭാഷണ കലയെ പറ്റി പറയുമ്പോൾ അതിന്ന് ആരംഭം കുറിച്ചത് ഉമവിയ്യാ കാലഘട്ടത്തിലാണെന്ന് ഫിലിപ്പ് ഹിറ്റി പറയുന്നു. വീണ്ടും നമുക്ക് അദ്ദേഹത്തെ ഉദ്ദരിക്കാം.

ഒരു ജനറൽ തന്റെ പട്ടാളക്കാർക്ക് ആവേശം പകരുന്ന തരത്തിൽ



പൊതുജനങ്ങൾ സമ്മേളിക്കുന്ന വെള്ളിയാഴ്ച്ച ഉച്ചനേരത്തെ നമസ്ക്കാരത്തിലെ പ്രഭാഷണം ഖത്തീബ് ഒരു ഉപകരണമാക്കി മാറ്റി. പ്രാദേശിക ഗവർണ്ണർമാർ തങ്ങളുടെ പ്രജകളിൽ സ്വരാജ്യ സ്നേഹം വളർത്താൻ അത് ഉപാധിയാക്കി. പ്രാസനിബദ്ധവും വിവേകം തുളുമ്പുന്നതുമായ അത്യുന്നത ധാർമികത പുലർത്തിയ അലിയുടെ പ്രഭാഷണം, ഖലീഫ ഉമറുബിനു അബ്ദിൽ അസീസിന്റെ സാന്നിദ്ധ്യത്തിൽ സൂഫി വര്യനായ ഹസനുൽ ബസരി നടത്തിയ പ്രഭാഷണം മുതലായവ പിൽക്കാല ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. സൈനിക മേധാവിയായിരുന്ന താരീഖ്ബ്നു സിയാദിന്റെ ദേശാഭിമാനഭരിതമായ ഉജ്ജ്വല പ്രസംഗം, അഗ്നി സ്ഫുരണംമാറുന്ന ഹല്ലാജിന്റെ വാഗ്ധോരണി ഇതെല്ലാം തന്നെ ആ കാലഘട്ടം നമുക്ക് കൈമാറിയ അമൂല്യങ്ങളായ സാഹിത്യ നിധികളാണ്.'[6]

ആദ്യകാല മുസ്‌ലിംകൾക്കിടയിൽ വാഗ്മിത്വ വൈഭവത്തിന്റെ പ്രതിഭകളെ കണ്ടെത്താൻ അദ്ധ്വാനിക്കേണ്ട പ്രശ്നം തന്നെയില്ല. അത്രയധികം പ്രഭാഷക പടുക്കൾ മുസ്‌ലിംകളിലുണ്ടായിരുന്നു. ആദ്യകാല മുസ്‌ലിം ചരിത്രം കലാപ കലുഷിതവും അഗ്നി പരീക്ഷണങ്ങളാൽ സംഘർഷഭരിതവും യുദ്ധ നിരതവുമായിരുന്നു. എല്ലാ ഓരോ മുസ്‌ലിം ഭടന്മാരും ഓരോ പ്രഭാഷകന്മാരായിരുന്നു. യുദ്ധാവശ്യങ്ങൾക്ക് വേണ്ടി പട്ടാളത്തിൽ ആളെ ചേർക്കുന്ന സന്ദർഭങ്ങളിൽ ഓരോ ഭടന്റേയും ആവേശഭരിതമായ പ്രസംഗങ്ങൾ ആയിരക്കണക്കിന്ന് സ്ത്രീകളടക്കം പട്ടണത്തിലേയും നഗരത്തിലെയും ജനത മുഴുവൻ വിജയത്തിന്നായി യുദ്ധമുന്നണിയിലേക്ക് നീങ്ങുമായിരുന്നു.

സംഗീതത്തിന്റെ ചരിത്രവും മറിച്ചല്ല. പ്രഗത്ഭനായ തത്വശാസ്ത്ര വിശാരദൻ അൽ ഫറാബി (872-950/951) മഹാനായ ഒരു സംഗീതജ്ഞൻ കൂടിയായിരുന്നു. അദ്ദേഹം എഴുതിയ 'കിത്താബുൽ മൗസിക്ക് അൽ കബീർ' മ്യൂസിക്കിനെ സംബന്ധിച്ച് 17-ാം നൂറ്റാണ്ടുവരെ ആധികാരിക ഗ്രന്ഥമായി അറിയപ്പെട്ടു. എങ്കിലും ഇന്നത്തെ പോലെ സംഗീതം ഒരു പ്രഫഷനായി സ്വീകരിച്ചിരുന്നവർ ഉണ്ടായിരുന്നു എന്ന് കരുതുന്നത് ശരിയല്ല. സാഹിത്യാസ്വാദനത്തിന്ന് ഒരു സഹായി എന്ന നിലയിലായിരുന്നു സംഗീതത്തിന്ന് സ്ഥാനം നൽകപ്പെട്ടിരുന്നത്. ആധുനിക കാലത്ത് സുകുമാരകലകൾക്ക് പ്രത്യേക ശാഖകളായി പല പിരിവുകളുമുണ്ടായിട്ടുണ്ട്. എന്നാൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ പ്രമുഖ കാലഘട്ടത്തിൽ ഈ കലകളെല്ലാം സമഗ്രമായ മനുഷ്യ ജീവിതത്തിന്റെ ധ്വനി സ്പന്ദനമായി തീർന്നു. വിശുദ്ധ ഖുർആനിലെ പല വരികൾക്കും സ്വതസ്സിദ്ധവും അതീവ ഹൃദ്യവുമായ സംഗീത സാന്ദ്രതയും പ്രാസനിഷ്ഠയും ഉണ്ടായിരുന്നു. അതിന്റെ വിശുദ്ധ വചനങ്ങൾ ഉച്ചത്തിൽ പരായണം ചെയ്യപ്പെടുമ്പോൾ അതിന്റെ സ്വരലയ സംഗീതം ആത്മാവിന്റെ കർണ്ണപുടങ്ങളെ പ്രകമ്പിതമാക്കും.

### സംസ്കാരവും സഹിഷ്ണുതയും: ഇസ്‌ലാമിക സമീപനം

സംസ്കാരം എന്നാൽ മനസ്സിന്റെ വളർച്ചയാണ്. പക്ഷേ അത് ചിലർ കരുതുന്നത് പോലെ ഒരു മനസ്സിന്റെ വളർച്ചയല്ല. വിശൈകമായ മൂല്യങ്ങളുടെ സാക്ഷാത്ക്കാരത്തിന്ന് വേണ്ടിയുള്ള മനുഷ്യ സമൂഹത്തിന്റെ ആകമാന വളർച്ചയാണ്. മാർമഡ്യൂക്ക് പിക്ത്താൾ ഇസ്‌ലാമിക സംസ്കാരത്തെ കുറിച്ച് പറയുന്നത് കാണുക.

'ഇസ്‌ലാമിന്റെ നേട്ടങ്ങളായി അവതരിപ്പിക്കുന്ന മഹായുദ്ധങ്ങളാകട്ടെ സമാധാനമാകട്ടെ അതിനെക്കാളെല്ലാം ഉപരിയായി ഇസ്‌ലാമിന്ന് ഉന്നതമായ ലക്ഷ്യവും വിശാലമായ ഒരു കാഴ്ചപാടുമുണ്ട്. സാർവ്വ ജനീനമായ വിശ്വസാഹോദര്യത്തിൽ കുറഞ്ഞതൊന്നും തന്നെ ഇസ്‌ലാം ലക്ഷ്യമായിക്കരുതുന്നില്ല. ശാസ്ത്ര രംഗം, കല, സാഹിത്യം, എന്നീ രംഗങ്ങളിൽ ഇസ്‌ലാം കൈവരിച്ച് നേട്ടങ്ങൾ രണ്ടായി തരം തിരിക്കാം അതിൽ ഒന്ന് സഹായകമായത് മറ്റൊന്ന് ആനന്ദ ദായക മായതും. കവിതയും വാസ്തു ശിൽപ്പവും പോലെയുള്ള

ഈ രണ്ടിലും പെടുന്നവയാണ്. അതെല്ലാം തന്നെ ഒരു നേതാവിനെയാണ് തിരിച്ചറിഞ്ഞത്. ഒരു മാർഗ്ഗ ദർശനമാണ് സ്വീകരിച്ചത്. ഒരു ലക്ഷ്യത്തിലേക്കാണ് നീങ്ങിയത്. അതിന്റെയെല്ലാം നേതാവ് പ്രവാചകനായിരുന്നു(സ). മാർഗ്ഗദർശനം വിശുദ്ധ ഖുർആനും ലക്ഷ്യം അല്ലാഹുവുമായിരുന്നു.'[8] ഇസ്‌ലാം മാനവരാശിയുടെ പ്രകാശ പൂർണ്ണമായ ഭാവിയെപറ്റി നോക്കിക്കാണുകയും അതിന്ന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. അതിന്നായി ഏതൊരു മുസൽമാനും തന്റെ ജീവിതം തൃണവൽ ഗണിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കുകയാണ് വേണ്ടത്. മറ്റേതൊരു ലക്ഷ്യത്തിന്ന് വേണ്ടിയും തന്റെ ജീവിതം സമർപ്പിക്കുവാൻ ഒരു മുസ്‌ലിം ആഗ്രഹിക്കരുത്. ആ സർവ്വലോക പരിപാലകനായ ദൈവം മറ്റു യാതൊരു ശക്തിയുടെയും പങ്കാളിത്തമില്ലാതെ ഈ ലോകം പരിപാലിക്കുന്ന ദൈവം. ഇസ്‌ലാമിന്റെ ആശയ ലോകത്തിന്ന് കളമൊരുക്കുന്നത് എല്ലാ കലാരൂപങ്ങൾക്കും പ്രചോദനമകേണ്ടതും ഈ സങ്കൽപ്പ സമർപ്പണത്തിൽ നിന്നായിരിക്കണം. ഈ ഭൗതിക ലോകത്തിന്റെ ഉപരിയായ ലക്ഷ്യങ്ങളായിരികണം ഒരു മുസ്‌ലിംമിന്റെ ആശയങ്ങളെ രൂപപ്പെടുത്തേണ്ടത്. അവൻ ലോകജനതയുടെ പൊതു ക്ഷേമത്തിന്ന് വേണ്ടി പ്രവർത്തിക്കുന്നവനായിരിക്കണം. വാസ്തവത്തിൽ ഈ അടുത്ത കാലത്ത് മാത്രമാണ് സംസ്കാരത്തെ സംബന്ധിച്ച ഈ ലക്ഷ്യങ്ങൾ പാശ്ചാത്യരെ സ്വാധീനിച്ചത്. ഇത് സംബന്ധിച്ച് മാത്യു ആൾനോട് അസന്നിഗ്ദമായ ഭാഷയിൽ പറയുന്നു:

'സംസ്കാരം എന്നത് മിഷണറി പ്രവർത്തനത്തിനപ്പുറത്താണ്. അതിന്ന് ഒരു വികാരം മാത്രമേയുള്ളൂ. പ്രഫുല്ലവും പ്രകാശവത്തായതുമായ ഒന്നിന്ന് വേണ്ടിയുള്ളതായിരുന്നു ആ വികാരം. അവരുടെ മഹത്തായ ഈ അഭിനിവേശമായിരുന്നു അവരെ നിലനിർത്തിയത്. നാമെല്ലാവരും സമ്പൂർത്തി കൈവരിച്ചവരായി തീരുന്നത് വരെ അവർ തൃപ്തരായിരുന്നില്ല. ചുരുക്കം പേരിൽ മാത്രം ഈ പ്രഫുല്ലതയും പ്രകാശവും എത്തുക എന്നത് പോരയ്മയായി അവർ കണ്ടു. മാനവ വംശത്തിന്ന് ആസകലം ഈ പ്രഫുല്ലതയും പ്രകാശവും സ്പർശിക്കാതെ ഒരു വിഭാഗം അസംസ്കൃതവും അപ്രകാശിതവുമായി കഴിയുന്നേടത്തോളം സംസ്ക്കാരം അപൂർണ്ണമായിരിക്കും എന്ന് അവർ കണ്ടു.'[8]

ഇസ്‌ലാം മതം ഊന്നൽ നൽകിയത് പോലെ മറ്റൊരു മതവും മനുഷ്യ സാഹോദര്യത്തിന്ന് ഊന്നൽ നൽകിയിട്ടില്ല. മാനവ സാഹോദര്യത്തിന്റെ മഹത്തായ ഈ സന്ദേശം നൽകിയത് ഇസ്‌ലാം മാത്രമാണ്. ഹിന്ദു മതത്തെ ഈ വിശ്വസാഹോദര്യ സങ്കൽപ്പത്തിൽ നിന്നും തടഞ്ഞ് നിർത്തുന്നത് അവരിലെ ജാതി ശ്രേണീ സങ്കൽപ്പമാണ്. 'കാണാതെ പോയ ആട്ടിൻ ഗോത്രങ്ങൾക്കിടയിലേക്കല്ലാതെ എന്നെ അയക്കപ്പെട്ടിട്ടില്ല'[9] എന്ന കൃസ്തു വചനവും ഈ സാർവ്വജനീന സങ്കൽപ്പത്തെ പരിമിതപ്പെടുത്തുന്നു. ഇസ്‌ലാം മാത്രമാണ് ഈ വിശ്വസാഹോദര്യ സങ്കൽപ്പം ആത്മാർത്ഥമായി പ്രാവർത്തികമാക്കിയത്. ഇസ്‌ലാമിക സംസ്ക്കാരത്തിന്റെ സാരസർവ്വസ്വവും സഹിഷ്ണുതയായിരുന്നു. ഭൂതകാല ചരിത്രം അതിന്ന് സാക്ഷിയാണ്. അവർ അധികാരത്തിലിരിക്കുമ്പോഴും അല്ലാത്തപ്പോഴും അങ്ങനെയായിരുന്നു. ഭൂതകാല മുസ്‌ലികൾ തങ്ങളുടെ ആരാധനാലയം എല്ലാവർക്കുമായി തുറന്നു വെക്കുകയാണുണ്ടായത്. വിശുദ്ധ ഖുർആൻ പറയുന്നു:

'പരിശുദ്ധ ദേവാലയത്തിൽ നിന്ന് നിങ്ങളെ തടഞ്ഞുവെന്നതിന്ന് ഒരു ജനതയോടുള്ള വെറുപ്പ് (അവരോട്) അതിക്രമം പ്രവർത്തിക്കുന്നതിന്ന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ'(5:3)

അതിക്രമം പ്രവർത്തിച്ചവരോടും മുസ്‌ലികളിൽ ദുരിതങ്ങൾ വിതച്ചവരോടു പോലും പ്രതികാരം ചെയ്യാൻ പാടില്ല, അപ്പോഴും അവർ സമാധാനകാംഷികളും സാഹോദര്യം കാത്തുസൂക്ഷിക്കുന്നവരുമായ ഒരു ജനതയായിരിക്കണം എന്നാണ് ഇസ്‌ലാമിന്റെ അദ്ധ്യാപനം. നിയമത്തെ അനുസരിക്കുക അതായത് രാജ്യത്തിന്റെയും ദൈവത്തിന്റെയും നിയമത്തെ അനുസരിക്കുക എന്നതാണ്. ഇസ്‌ലാമിക ജീവിതത്തിന്റെ അന്തസ്സത്ത. മനുഷ്യ സമൂഹത്തോട് അനുകമ്പാപൂർവ്വം വിശാല ഹൃദയത്വത്തോടു കൂടി പെരുമാറുക. ദുഖിതനും പീഡിതനും ആശ്വാസം നൽകി ശാശ്വതമായ സമാധാനം ലോകത്ത് കൊണ്ട് വരാൻ സാധിക്കുക ഇസ്‌ലാമിന്ന് മാത്രമായിരിക്കും.


*<u>Reference</u>*

*1.Philip Hitty - History of Arabs*
*2.Cosmos vol.2*
*3History of Arabs*
*4History of Chistianity*
*5.Glories of Islam p. 67*
*6..History of Arabs*
*7.Islamic Culture p.2*
*8.Essay Sweatness & Light*
*9.Mattew 15:24*



The Official Website of
the Ahmadiyya Muslim Community

AL-ISLAM

# തഹജ്ജുദ് നമസ്ക്കാരത്തിന്റെ പ്രാധാന്യം

രാവിന്റെ അന്ത്യയാമങ്ങളിൽ ഭക്തൻ അവന്റെ നാഥനുമായി പ്രാർത്ഥായിൽ മനുഷ്യ ന്റെ ആത്മീയ പുരോഗതിയുടെ ഏറ്റവും ഉന്നതങ്ങളിലേക്ക് എത്തിക്കുന്ന ആരാധനയാണ്.

## മൗലാനാ മുഹമ്മദ് സാഹിദ് ചൗധരി

രാത്രിയിലെ ആനന്ദകരമായ നിശബ്ദതയിൽ, ലോകം ഉറങ്ങുമ്പോൾ, വിശ്വാസികൾക്ക് ലഭിക്കുന്ന ഒരു സുവർണാവസരമാണ് തഹജ്ജൂദ് പ്രാർത്ഥന. സ്വമേധയാ ഉള്ള രാത്രി പ്രാർത്ഥന നിർബന്ധമല്ലെങ്കിലും ഇസ്‌ലാമിക പാരമ്പര്യത്തിൽ പ്രത്യേക സ്ഥാനമുള്ള ഒരു പ്രാർത്ഥനയാണ് തഹജ്ജുദ് നമസ്ക്കാരം. വിശുദ്ധ ഖുർആനിലും വിശുദ്ധ പ്രവാചകന്റെ വചനങ്ങളിലും ഇതിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു. സർവ്വശക്തനായ അല്ലാഹു ഏറ്റവും സമീപസ്ഥമായ ആകാശത്തിലേക്ക് ഇറങ്ങിവരികയും തന്റെ ദാസന്മാരോട് അവർക്ക് നൽകാനായി എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ചോദിക്കുക എന്ന് പ്രോത്സാഹനാപൂർവ്വം അഭ്യർത്ഥിക്കുകയും ചെയ്യുന്ന നേരമാണ് തഹജ്ജുദ് നമസ്ക്കാരത്തിന്റെ സമയം.

'നമ്മുടെ അനുഗ്രഹപൂർണ്ണനായ നാഥനും അത്യുന്നതനുമായ അല്ലാഹു എല്ലാ രാത്രിയിലും നമുക്ക് ഏറ്റവും സമീപസ്ഥമായ ആകാശത്ത് രാത്രിയുടെ അവസാന മൂന്നിലൊന്ന് കഴിയുമ്പോൾ ഇറങ്ങിവരുന്നു കൊണ്ട് ചോദിക്കും: 'എന്നോട് പ്രാർത്ഥിക്കുന്നവൻ ആരെങ്കിലുമുണ്ടോ? അയാളുടെ അർത്ഥനക്ക് ഞാൻ ഉത്തരം നൽകുന്നതാണ്. ആരെങ്കിലും എന്റെ പൊറുക്കലിനെ തേടുന്നവരുണ്ടോ? അയാൽക്ക് ഞാൻ പൊറുത്തു കൊടുക്കുന്നതാണ്.' *(സഹീഹ് ബുഖാരി, കിതാബുൽ തഹജ്ജുദ് ഹദീസ് 1145)*

വിശുദ്ധ ഖുർആനിൽ, സർവ്വശക്തനായ അല്ലാഹു പറയുന്നു: ഈ ലോകത്തിലും പരലോകത്തും ഉയർന്ന പദവിയായ മഖാമെ മഹ്മൂദിൽ എത്താനുള്ള ഉപാധിയാണ് തഹജ്ജുദ് എന്ന് പറയുന്നു: 'രാത്രിയിൽ നിന്ന് അൽപ്പ സമയം ആ ഖുർആൻ ഓതിക്കൊണ്ട് നീ ഉറക്കമുണർന്ന് നമസ്ക്കരിക്കുക. നിനക്ക് ഐഛികമായ ഒരു പുണ്യകർമ്മ നിലക്ക് നിന്റെ നാഥൻ സ്തുത്യർഹമായ ഒരു സ്ഥാനത്തേക്ക്, അത് നിന്നെ ഉയർത്തിയേക്കാം' *(സൂറാ ബനി ഇസ്രായേൽ,.17:80).*

തഹജ്ജുദ് പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ചും അത് ഒരു വലിയ അനുഗ്രഹമാണെന്നും അതിനെ നിസ്സാരമായി കാണരുതെന്നും വിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) പറയുന്നു: 'രാത്രിയിലെ നമസ്കാരം മുറപോലെ മുറുകെ പ്പിടിക്കുക. അത് നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന സൽകർമ്മികളുടെ കർമ്മവും, നിങ്ങളുടെ രക്ഷിതാവിനെ സമീപിക്കാനുള്ള മാർഗവും, പാപം മായ്ച്ചുകളയാനുള്ള ഉപാധിയും, അവരെ തടയുന്നതിനുള്ള മാർഗവുമായിരുന്നു. *(സുനൻ അത്തിർമിദി, കിതാബ് അദ്ദ് അവത്ത് അൻ റസുലില്ലാഹ്, ഹദീസ് 3549)*

ഈ അനുഗ്രഹത്തിൽ എല്ലാവരും പങ്കുചേരണമെന്നത് വിശുദ്ധ പ്രവാചകന്റെ ആഗ്രഹമായിരുന്നു, അദ്ദേഹം പലപ്പോഴും മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു. നബി(സ)യുടെ ബന്ധുവും മരുമകനുമായ ഹദ്റത്ത് അലി(റ) റിപ്പോർട്ട് ചെയ്യുന്നു: 'ഒരു രാത്രി പ്രവാചകൻ അദ്ദേഹത്തെയും ഭാര്യ ഫാത്തിമയെയും സന്ദർശിച്ച് പറഞ്ഞു' 'നിങ്ങൾ എന്തുകൊണ്ടാണ് (തഹജ്ജുദ്) നമസ്ക്കാരം നിർവ്വഹിക്കാത്തത്.? *(സഹീഹ് അൽ ബുഖാരി, കിതാബുൽ ഇഅ്തിസാം ബിൽ-കിതാബ് വൽ സുന്ന:, ഹദീസ് 7347)*

സമാനമായ രീതിയിൽ, വിശുദ്ധ പ്രവാചകൻ തന്റെ പിതാവിനെക്കുറിച്ച് പറഞ്ഞതായി ഹസ്രത്ത് സലിം ബിൻ അബ്ദുല്ല ത്ന്റെ പിതാവിനെ കുറിച്ച് റസൂൽ തിരുമേനി(സ) പ്രസ്താവിച്ചതായി പറയുന്നു: 'അബ്ദുല്ല എത്ര മികച്ച മനുഷ്യനാണ്! അദ്ദേഹം തഹജ്ജുദ് നടത്തിയിരുന്നെങ്കിൽ എത്ര നന്നായേനെ ഹദ്റത്ത് സലീം പറഞ്ഞു: ഇതിന് ശേഷം (അദ്ദേഹത്തിന്റെ പിതാവ്) അബ്ദുല്ല, രാത്രിയിൽ വളരെ കുറച്ച് മാത്രമേ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. *(സഹീഹുൽ ബുഖാരി കിതാബുൽ തഹജ്ജുദ്, ഹദീദ് 1121)*

വാഗ്ദത്ത മിസീഹും ഇമാം മഹ്ദിയും ആയ ഹദ്റത്ത് മിർസ ഗുലാം അഹ്മദ്(അ) പറയുന്നു: 'നമ്മുടെ ജീവിതം മുഴുവൻ ലൗകിക ഇടപെടലുകളിൽ ചെലവഴിക്കുകയാണെങ്കിൽ, പരലോകത്തിനായി നമ്മൾ എന്താണ് ശേഖരിച്ചത്? തഹജ്ജൂദിനെ ഉണർത്താനും അത് ആവേശത്തോടും സന്തോഷത്തോടും കൂടി സമർ

പ്പിക്കാനും പ്രത്യേക ശ്രമം നടത്തുക.' *(മൽഫൂസാത്ത്, .1 വാ, പേ.5)*

അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും ഖിലാഫത്തിന്റെ സുൽത്താനെ നസീർ ആകുന്നതിനുമുള്ള ഏറ്റവും നല്ല മാർഗമാണ് തഹജ്ജുദ്.

ഒരിക്കൽ ജർമ്മനിയിലെ മിഷനറിമാരുമായുള്ള ഒരു ഓൺലൈൻ മുലാഖാത്തിൽ ഒരാൾക്ക് എങ്ങനെ ഖിലാഫത്തിന്റെ സുൽത്താനെ നസീർ (സഹായി) ആകാൻ കഴിയുമെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹിനോടൊരാൾ ചോദിച്ചു: ഹുസൂർ മറുപടി നൽകി: 'നിങ്ങൾക്ക് അക്കാലത്തെ ഖലീഫയുടെ സുൽത്താനെ നസീർ ആകാൻ താൽപ്പര്യമുണ്ടെങ്കിൽ, പ്രാർത്ഥനകളുടെ സഹായമില്ലാതെ ഇത് നേടാൻ കഴിയില്ല. പ്രാർത്ഥന നടത്താനും സർവശക്തനായ അല്ലാഹുവിന്റെ അടുത്തെത്താനുമുള്ള ഏറ്റവും നല്ല മാർഗം ഐഛികമായ പ്രാർത്ഥനയിലൂടെയാണ്.

'നിങ്ങൾ നിർബന്ധിത നമസ്ക്കാരങ്ങൾ നിർവ്വഹിക്കുന്നുണ്ട് എന്നതിൽ സംശയമില്ല, നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ സാധാരണ മുസ്‌ലിംകളുടെ വിഭാഗത്തിൽ പോലും പരിഗണിക്കപ്പെടുന്നില്ല. എന്നിരുന്നാലും, ഫർളുകൾക്ക് ശേഷം, സർവ്വശക്തനായ അല്ലാഹുവിനോട് കൂടുതൽ അടുപ്പം ആർജ്ജിക്കാനും വിശ്വാസത്തെ കൂടുതൽ ബലപ്പെടുത്താനും നിങ്ങളുടെ പരിശ്രമങ്ങളെ അനുഗ്രഹീതമാക്കാനും നിങ്ങളെ പ്രാപ്തരാക്കുന്നത് നവാഫിലുകളാണ് (ഐഛിക കർമ്മങ്ങളാണ്) കാലത്തിന്റെ ഖലീഫയുടെ സുൽത്താനെ നസീർ ആകാനുള്ള അവസരവും അത് നിങ്ങൾക്ക് നൽകും. 'അതിനാൽ, ഒരു ദിവസം കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും തഹജ്ജുദ് പ്രാർത്ഥന നടത്തുക എന്നത് ഓരോ മിഷനറിയുടെയും



കടമയാണ്. നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഒരു ദിവസം ഒരു മണിക്കൂർ ബുദ്ധിമുട്ടുള്ള കാര്യമല്ല. ഈ ദിവസങ്ങളിൽ നിങ്ങൾക്ക് രണ്ട് മണിക്കൂർ തഹജ്ജുദും വാഗ്ദാനം ചെയ്യാം. എന്നിരുന്നാലും, ഒരു രോഗമോ വാർദ്ധക്യമോ പോലെ നിങ്ങളെ തടയുന്ന അസാധാരണവും ന്യായവുമായ കാരണം ഇല്ലെങ്കിൽ നിങ്ങളെല്ലാവരും-സാധാരണ സാഹചര്യങ്ങളിൽ പോലും-ദിവസത്തിൽ കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും തഹജ്ജുദ് നമസ്ക്കാരം നിർവ്വഹിക്കണം. അല്ലാതെ നമുക്ക് പുരോഗതി കൈവരിക്കാൻ സാധ്യമല്ല. 'ഇക്കാര്യത്തിൽ നിങ്ങൾ പ്രത്യേക ശ്രദ്ധ നൽകണം. ഒരു പ്രത്യേക ഉൽപ്പന്നം വിൽക്കുന്ന കട സന്ദർശിക്കുന്നതിനെക്കുറിച്ച് ചിന്തയിൽ മുഴുകുന്നതിന് പകരം, അല്ലെങ്കിൽ ഒരു പ്രത്യേക ജോലി ചെയ്യുന്നതിനെക്കുറിച്ചോ, ഒരു ഒത്തുചേരലിൽ പങ്കുകൊള്ളുന്നതിനെ കുറിച്ചോ പങ്കെടുക്കുന്നതിനെക്കുറിച്ചോ സമയം പാഴക്കുന്നതിന് പനിങ്ങൾ നിങ്ങളുടെ ആത്മീയത പരിപോഷിക്കുന്നതിന് ശ്രദ്ധിക്കണം. നിങ്ങളുടെ സമയം പാഴാക്കുന്നതിനുപകരം, നിങ്ങളുടെ ആത്മീയത മെച്ചപ്പെടുത്തുന്നതിൽ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

'നിങ്ങളുടെ ആത്മീയത വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ നിങ്ങൾക്ക് ഒരു വിപ്ലവം കൊണ്ടുവരാൻ കഴിയൂ. കേവലം 'തരാനകൾ' (ഭക്തി ഗാനം) ആലപിക്കുന്നതിലൂടെയും മുദ്രാവാക്യങ്ങൾ ഉയർത്തുന്നതിലൂടെയും ഒരിക്കലും വിപ്ലവം കൊണ്ടുവരുന്നില്ല, ഇവയിൽ മാത്രം ആശ്രയിക്കുന്നതിലൂടെ നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുകയുമില്ല. 'അതിനാൽ, നിങ്ങൾ ആദ്യം ചെയ്യേണ്ടത് നിങ്ങളുടെ ആത്മീയ അവസ്ഥകൾ മെച്ചപ്പെടുത്തുക എന്നതാണ്.' ഈ സദ്ഗുണങ്ങൾ സ്വീകരിച്ചാൽ മാത്രമേ നിങ്ങൾക്ക് വിജയം നേടാനാകൂ. നിങ്ങൾക്ക് ആളുകളെ ശരിയായ രീതിയിൽ ധാർമ്മികമായി പരിശീലിപ്പിക്കാൻ കഴിയുമെങ്കിൽ, നിങ്ങളുടെ ജോലികളിൽ നിങ്ങളുടെ സഹായികളായ അത്തരം പ്രവർത്തകരെ നിങ്ങൾക്ക് ജമാഅത്തിൽ കണ്ടെത്താനാകും, ഇത് നിങ്ങളുടെ ശ്രമങ്ങൾ എളുപ്പമാക്കും.' *(ദൈനംദിന പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾ-ഭാഗം 20 ഭാഗം 20) 27 ഓഗസ്റ്റ് 2021)*

തഹജ്ജുദ് പ്രാർത്ഥനയുടെ ഗുണം എത്ര വലുതാണെന്നും സൽ



പ്രവൃത്തികളുടെ അളവിൽ അത് എത്രത്തോളം ഭാരമുള്ളതാണെന്നും കണക്കിലെടുക്കുമ്പോൾ, തഹജ്ജുദ് പ്രാർത്ഥനയുടെ അനുഗ്രഹങ്ങൾ നേടുന്നതിൽ നിന്ന് നമ്മെ ഒഴിവാക്കാൻ സാത്താൻ പരമാവധി ശ്രമിക്കുന്നത് അനിവാര്യമാണ്.

വിശുദ്ധ പ്രവാചകൻ ഒരു പ്രബലമയ ഹദീസിൽ പറയുന്നു: 'നിങ്ങളിൽ ആരെങ്കിലും ഉറങ്ങുകയാണെങ്കിൽ പിശാച് അയാളുടെ തലയുടെ പിന്നിൽ മൂന്ന് കെട്ടുകൾ ഇടുന്നു. ഓരോ കെട്ടിലും അയാൾ താഴെപ്പറയുന്ന വാക്കുകൾ വായിച്ച് ഊതുന്നു. 'രാത്രി ദൈർഘ്യമേറിയതാണ്, അതിനാൽ ഉറങ്ങുക.' ഒരാൾ ഉണർന്ന് അല്ലാഹുവിനെ സ്മരിക്കുമ്പോൾ, ഒരു കെട്ട് അഴിയുന്നു. ഒരാൾ വുളു ചെയ്യുമ്പോൾ, രണ്ടാമത്തെ കെട്ട് അഴിയുന്നു. ഒരാൾ പ്രാർത്ഥിക്കുമ്പോൾ, മൂന്നാമത്തെ കെട്ട് അഴിയുന്നു. ഒരാൾ നല്ല ഹൃദയത്തോടെ രാവിലെ ഊർജ്ജസ്വലനായി എഴുന്നേൽക്കുമ്പോൾ മൂന്നാമത്തെ കെട്ടും അഴിയുന്നു. അല്ലാത്ത പക്ഷം അയാൾ മടിയനും ദുഷിച്ച ഹൃദയവുമായിട്ടാണ് എഴുന്നേൽക്കുക.' *(സഹീഹ് ബുഖാരി., കിതാബു തഹജ്ജുദ് , ഹദീസ് 1142)*

### തഹജ്ജുദിന് എങ്ങനെ ഉണരാം

ഇതാണ് നമ്മുടെ ജിഹാദ്. ഈ അനുഗൃഹീത പ്രാർത്ഥനയ്ക്കായി നാം നമ്മുടെ നഫുകളുമായി പോരാടുകയും രാത്രിയിൽ ഉണരുകയും വേണം. ശൈത്യകാല മാസങ്ങളിൽ പ്രവേശിക്കുമ്പോൾ, രാത്രികൾ ദൈർഘ്യമേറിയതായിത്തീരുന്നു, ഇത് തഹജ്ജുദിനായി ഉണരുന്ന ശീലം വളർത്തിയെടുക്കുന്നതിനുള്ള മികച്ച സമയമാക്കി മാറ്റുക. മുകളിൽ സൂചിപ്പിച്ച അതേ ഓൺ ലൈൻ മുലാക്കാത്തിൽ, പതിവായി തഹജ്ജുദ് പ്രാർത്ഥനയ്ക്കായി ഒരാൾക്ക് എങ്ങനെ എളുപ്പത്തിൽ ഉണരാൻ കഴിയുമെന്ന് ഹുസൂറിനോട് ചോദിച്ചു. അവിടുന്ന് താഴെപ്പറയുന്ന ഉത്തരം നൽകുകയുണ്ടായി 'ഇത് സർവ്വശക്തനായ അല്ലാഹുവുമായുള്ള നിങ്ങളുടെ ബന്ധം എത്ര ആഴത്തിലുള്ളതാണ്, അവനോട് നിങ്ങൾക്ക് എത്രത്തോളം സ്നേഹമുണ്ട് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. മറ്റ് കാര്യങ്ങൾക്കായി സമയം ചെലവഴിക്കാൻ നിങ്ങൾക്ക് കഴിയും. ജർമ്മനിയിൽ രാത്രി 10 മണിക്ക് അല്ലെങ്കിൽ രാത്രി 10:30 ന് ഇശാഅ് പ്രാർത്ഥനകൾ നടത്തുകയും പ്രഭാത പ്രാർത്ഥനകൾ പുലർച്ചെ 2:30 ന് അല്ലെങ്കിൽ പുലർച്ചെ 2:45 ന് അല്ലെങ്കിൽ പുലർച്ചെ 3 മണിക്ക് നടത്തുകയും ചെയ്യാം. വാസ്തവത്തിൽ, സെഹ്രി ഇവിടെ യുകെയിൽ വളരെ നേരത്തെ ജർമ്മനിയിൽ ഒരു മണിക്കൂർ കഴിഞ്ഞ്. ഏകദേശം 30-45 മിനിറ്റ് വ്യത്യാസമുണ്ട്. 'അതിനാൽ, രണ്ട് മണിക്കൂർ അല്ലെങ്കിൽ ഒന്നര മണിക്കൂർ ഉറങ്ങുക, തുടർന്ന് പ്രാർത്ഥന നടത്താൻ ഉണരുക, തുടർന്ന് ഫജ്ർ പ്രാർത്ഥന നടത്തിയ ശേഷം ഒന്നോ രണ്ടോ മണിക്കൂർ വീണ്ടു ഉറങ്ങാൻ പോകുക. ഒരാൾ സ്വന്തമായി ഒരു പതിവ് ഉണ്ടാക്കണം. ഒരാൾക്ക് അവരുടെ ഹൃദയത്തിനുള്ളിൽ എന്തെങ്കിലും ചെയ്യാനുള്ള വാഞ്ഛയോ അഭിനിവേശമോ ഉണ്ടെങ്കിൽ, ആ കാര്യങ്ങൾ ചെയ്യാനുള്ള വഴികൾ കണ്ടെത്താൻ ഒരാൾക്ക് കഴിയും. ജാമിയയിലെ നിങ്ങളുടെ പരീക്ഷാ കാലയളവിൽ, നിങ്ങൾക്ക് പഠിക്കേണ്ടിവന്നു. പരീക്ഷയ്ക്ക് തയ്യാറെടുക്കാൻ നിങ്ങൾ രാത്രികളിൽ ഉണർന്നിരിക്കും; നിങ്ങൾക്ക് എന്തെങ്കിലും ആശങ്കയുണ്ടാകുമ്പോഴെല്ലാം നിങ്ങൾ തഹജ്ജുദ് വാഗ്ദാനം ചെയ്യുന്നു. അല്ലേ? ഈ ലക്ഷ്യം നേടുന്നതിന് നിങ്ങളുടെ മാനസികാവസ്ഥയെ പരിശീലിപ്പിക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ, സർവ്വശക്തനായ അല്ലാഹു നിങ്ങളെ സഹായിക്കും.

'രാത്രിയിൽ ഒന്നര മണിക്കൂർ ഉറങ്ങുകയും തുടർന്ന് എഴുന്നേറ്റ് തഹജ്ജുദ് പ്രാർത്ഥന നടത്തുകയും ഫജ്ർ പ്രാർത്ഥനയ്ക്ക് ശേഷം അവർക്ക് ലഭിക്കുന്ന ഏത് സമയത്തും ഉറങ്ങുകയും ചെയ്യുന്ന ആളുകളുണ്ട്. ഇതിനായി നിങ്ങൾ സമയം ക്രമീകരിക്കേണ്ടതുണ്ട്. എല്ലാത്തിനുമുപരി, ഇതിനുപുറമെ ഒരു ദിവസം മുഴുവൻ നിങ്ങൾക്ക് ലഭ്യമാണ്. ഉറക്കം ലഭിക്കാൻ നിങ്ങൾക്ക് ഉച്ചകഴിഞ്ഞ് ഒരു മണിക്കൂർ ഉറങ്ങാം. ഇത് ബുദ്ധിമുട്ടുള്ള കാര്യമല്ല.

ഒരാൾക്ക് അവരുടെ യൗവനത്തിൽ സജീവമായി ആരാധന നടത്താം. നിങ്ങൾ ചെറുപ്പമാണ്. ഇത് നിങ്ങളുടെ സമയമാണ് (ഇത് ചെയ്യാനുള്ള). ഇതിൽ നിന്ന് നിങ്ങൾക്ക് കഴിയുന്നത്ര പ്രയോജനം നേടാനുള്ള സമയമാണിത്. ആരാധനയുടെ ഫലങ്ങൾ പരമാവധി നേടാൻ ശ്രമിക്കുക. ഒരാളുടെ യൗവനത്തിൽ ഭക്തിയുള്ളവരായിരിക്കുക എന്നത് പ്രവാചകന്മാരുടെ മാർഗമാണ്. വാർദ്ധക്യത്തിൽ, ക്രൂരനായ ഒരു ചെന്നായ പോലും സദ്ഗുണമുള്ളതായി മാറുന്നു *(ദൈനംദിന പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾ-ഭാഗം 20. അൽഹക്കം - 27 ഓഗസ്റ്റ് 2021)*

# ഹദ്റത്ത് മസീഹ് മൗഊദിعليه السلامനോടുള്ള അല്ലാഹുവിന്റെ വാഗ്ദാനവും പൂർത്തീകരണവും

## ഇബ്നു വഫാ ബേപ്പൂർ

اِنِّی مُعِینٌ مَن اَرَادَ اِعَانَتَكَ و اِنِّی مُهِینٌ مَن اَرَادَ اِهَانَتَكَ

*(ഇന്നീമുഈനും മൻഅറാദ ഇആനതക, വ ഇന്നീ മുഹീനും മൻ അറാദ ഇഹാനത്തക)* എന്നത് ഹദ്റത്ത് മസീഹ് മൗഊദിനോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഏതൊരാൾ നിന്നെ സഹായിക്കാൻ ഉദ്ദേശിക്കുമോ അവനെ ഞാൻ സഹായിക്കും ഏതൊരാൾ നിന്നെ അപമാനിക്കാനും നിന്ദ്യനാക്കാനും ഉദ്ദേശിക്കുമോ അവനെ ഞാൻ നിന്ദ്യനും എളിമയിലുമാക്കും. ഒരു വാഗ്ദാനത്തിന്റെ രണ്ടു ഭാഗങ്ങളാണിത്. അഹ്മദിയാ ജമാഅത്തിന്റെ ചരിത്രം പരിശോധിച്ചാൽ അല്ലാഹുവിന്റെ ഈ വാഗ്ദാനം ഹദ്റത്ത് മസീഹ് മൗഊദിന്റെ കാലത്തും അതിനു ശേഷവും എല്ലാ കാലഘട്ടത്തിലും അല്ലാഹു പൂർത്തിയാക്കിയതായും അഹ്മദിയാ ജമാഅത്തിനെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുന്നതായും ജമാഅത്തിനെ ഇല്ലായ്മ ചെയ്യാൻ വന്നവരേയും മസീഹ് മൗഊദിعليه السلامനെ വ്യക്തിപരമായി അപമാനിക്കാൻ ശ്രമിച്ചവരേയും ഈ ഭൂമുഖത്തു നിന്നു തുടച്ചു നീക്കുകയോ അവരെ നിന്ദ്യരിൽ നിന്ദ്യരാക്കുകയോ ചെയ്തതായും കാണാം. വാഗ്ദാനത്തിന്റെ രണ്ടാം പകുതിയായ

اِنِّی مُهِینٌ مَن اَرَادَ اِهَانَتَكَ

നിന്നെ നിന്ദ്യനാക്കാൻ ശ്രമിക്കുന്നവനെ ഞാൻ നിന്ദ്യനാക്കും എന്ന ഭാഗത്തെ കുറിച്ചാണു ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. ഹദ്റത്ത് മസീഹ് മൗഊദിعليه السلامനെ അധിക്ഷേപിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവർക്കുള്ള അല്ലാഹുവിന്റെ ശിക്ഷ ചിലപ്പോൾ പെട്ടെന്നായിരിക്കാം. ചിലപ്പോൾ കുറച്ചു കാലങ്ങളുടെ ഇടവേളയ്ക്കു ശേഷവുമാകാം.

ഹദ്റത്ത് മസീഹ് മൗഊദിعليه السلامന്റെ കാലത്തു ഒരു കേസ്സ് വിചാരണവേളയിൽ ആര്യസമാചാരക്കാരനും മസീഹ് മൗദിന്റേയും ജമാഅത്തിന്റേയും ബദ്ധ ശത്രുവുമായിരുന്ന ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റും എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണറുമായ ചന്തുലാൽ താൻ വിപുലമായ അധികാരമുള്ള ജഡ്ജിയാണെന്ന ഹുങ്കോടെ മസീഹ് മൗഊദിനു അല്ലാഹു നൽകിയ ഈ വാഗ്ദാനത്തെ കുറിച്ചു അൽപം പുഛഭാവത്തിൽ സംസാരിക്കുകയുണ്ടായി. ജഡ്ജി ചോദിച്ചു നിങ്ങളെ വല്ലവരും അപമാനിച്ചാൽ ദൈവം അയാളെ അപമാനിക്കുമെന്നു നിങ്ങൾക്കു ദിവ്യ വെളിപാടുണ്ടായതായി നിങ്ങൾ പറയുന്നുണ്ടല്ലോ? വാഗ്ദത്ത മസീഹ്عليه السلام പറഞ്ഞു അതെ ശരിയാണ്. അപ്പോൾ താൻ ജഡ്ജിയാണെന്ന അഹംഭാവത്തിൽ, ഞാൻ നിങ്ങളെ അപമാനിച്ചാലോ എന്നു ചോദിക്കുകയുണ്ടായി. ഹുദൂർ പറഞ്ഞു ആരായാലും ശരി. ചന്തുലാൽ വീണ്ടും ചോദിച്ചു നിങ്ങളെ അപമാനിക്കുന്നതു ഞാനാണെങ്കിലോ? അതിനു മറുപടിയായി ഹുദൂർ വളരെ ഗാംഭീര്യത്തോടും ഉറച്ച ശബ്ദത്തിലും ആരായാലും ശരി എന്നു വീണ്ടും മറുപടി നൽകുകയുണ്ടായി. പിന്നീട് അയാൾ ഒന്നും പറഞ്ഞില്ല.

കോടതിയിൽ വച്ചു പരസ്യമായി അപമാനിക്കാനുള്ള ഉദ്ദേശ്യത്തോടെ തന്റെ മസീഹിനെ ചോദ്യം ചെയ്ത നടപടി അല്ലാഹുവിനു ഇഷ്ടപ്പെട്ടില്ല എന്നു വേണം കരുതാൻ. കുറച്ചു നാൾ കഴിഞ്ഞതേയുള്ളു ഒരു കൊലയാളിയുടെ വധശിക്ഷ നടപ്പിൽ വരുത്തുന്നതിനു സാക്ഷിയാകാൻ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റും എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണറുമായ ചന്തുലാലിനു ശിക്ഷ നടപ്പാക്കുന്ന ജയിലിൽ പോകാൻ ഗവൺമെന്റ് ഉത്തരവു നൽകുകയുണ്ടായി. താനൊരു ലോലഹൃദയനാ ണെന്നും ആ ശിക്ഷ ഒരിക്കലും തനിക്കു കണ്ടു നിൽക്കാനാവുകയില്ലെന്നും അതിനാൽ ഈ ഉത്തര വിൽ നിന്നും തന്നെ ഒഴിവാക്കണമെന്നു അയാൾ മേലുദ്യോഗസ്ഥരോടു അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അയാളുടെ അധികാരങ്ങളെല്ലാം തിരിച്ചെടുക്കുകയും അയാളെ ഒരു സാധാരണ സർക്കാർ ജീവനക്കാരനാക്കി തരംതാഴ്ത്തുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദി عليه السلامന്റെ വഫാത്തിനു വർഷങ്ങൾക്കു ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽമുസ്ലിഹ് മൗഊദിرضی الله عنهനെ ഒരു യാത്രാവേളയിൽ റെയിൽവേ സ്റ്റേഷനിൽ വച്ചുകണ്ടു മുട്ടിയപ്പോൾ ഹുദൂറിന്റെ അടുക്കൽ വന്നു കൈകൂപ്പി വിനയാന്വിതനായി നിന്നുകൊണ്ട് എന്നോടു ക്ഷമിക്കണമെന്നു ചന്തുലാൽ അപേക്ഷിക്കുകയുണ്ടായി. അവസാനകാലം ചന്തുലാൽ വളരെ ദുരിതത്തിലും കഷ്ടപ്പാടിലും പെട്ട് ഒരു

മാനസിക രോഗിയായിട്ടാണു മരണം മടഞ്ഞത്.

1974 ഫിബ്രവരി 22,23,24 തിയ്യതികളിൽ ലാഹോറിൽ OIC (Organaisation of Islamic Corporation)( الْمُنَظَّمَةُ التعاوُنُ الإسلامية ) എന്ന മുസ്‌ലിം രാജ്യങ്ങളുടെ ഒരു ഉച്ചകോടി നടക്കുകയുണ്ടായി. പാകിസ്താന്റെ ഒത്താശയോടെ നടന്ന ആ ഉച്ചകോടിയിൽ മുസ്‌ലിം രാഷ്ട്രത്തലവന്മാരിൽ മിക്കവരും പങ്കെടുത്തിട്ടുണ്ടായിരുന്നു. 1971ൽ നിലവിൽ വന്ന ബംഗ്ലാദേശിനു ഒരു പരമാധികാര രാഷ്ട്രമെന്ന അംഗീകാരം അതിനു ശേഷമാണു ലഭ്യമായത്. ബംഗ്ലാദേശ് രാഷ്ട്രത്തലവനായ ശേഖ് മുജീബുർ റഹ്മാനും ആ സമ്മേളനത്തിൽ ക്ഷണിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ആ ഉച്ചകോടിയിൽ അഹ്മദിയാ വിരുദ്ധപരാമർശങ്ങളും പല നിർദേശങ്ങളും അവർ കൈകൊണ്ടിട്ടുണ്ടായിരുന്നു. ആ ഉച്ചകോടിയുടെ പിൻബലത്തിൽ പാക്ക് പധാനമന്ത്രി സുഫിക്കാർ അലി ഭൂട്ടോ തന്റെ അധികാര പീഠത്തിനു ശക്തി പകരാനും മുസ്‌ലിം ലോകത്തു ജനസമ്മതിയും സ്വാധീനവും നേടുന്നതിനുമായി 1974 സപ്റ്റമ്പർ 7-ാം തിയ്യതി പാക്ക് ഭരണഘടനയിൽ ഭേദഗതി വരുത്തുകയും അഹ്മദികളെ അമുസ്‌ലിം ന്യുനപക്ഷമായി പ്രഖ്യാപിക്കുകയും ചെയ്തു. അതോടെ ഒരു പൗരനെന്ന നിലയിലുള്ള അഹ്മദികളുടെ എല്ലാ അവകാശങ്ങളും ഹനിക്കപ്പെട്ടു. ആർക്കും സാധിക്കാത്ത, തൊന്നൂറു കൊല്ലത്തെ പ്രശ്നത്തിനു ഞാനിതാ പരിഹാരം കണ്ടിരിക്കുന്നു എന്നാണു പ്രധാനമന്ത്രി ഭൂട്ടോ തന്റെ ഈ തീരുമാനത്തെ വിശേഷിപ്പിച്ചത്. ലോക മുസ്‌ലിംകൾക്കു വേണ്ടി എത്ര വലിയ 'സ്വാലിഹായ അമലാണു' അദ്ദേഹം നിർവഹിച്ചത്. എന്നാൽ അഹ്മദികളുടെ അല്ലാഹു അതിനു ശേഷം ഈ നേതാക്കളിൽ പലരുടേയും പേരിൽ മരണ വാറന്റാണു പുറപ്പെടുവിച്ചത്.

ഉച്ചകോടിയിൽ അഹ്മദിയാ വിരുദ്ധ തീരുമാനങ്ങൾ കൈകൊണ്ടതിന്റെ തൊട്ടടുത്ത വർഷം 1975ൽ സഊദി കിംങ്ങ് ഫൈസൽ ബിൻ അബ്ദുൽ അസീസ് വെടിയേറ്റു മരിച്ചു. ആഗോള മുസ്‌ലിംകളുടെ ഖലീഫയാകാനുള്ള മോഹം മനസ്സിൽ കൊണ്ടു നടന്നിരുന്ന അദ്ദേഹത്തിന്റെ അടുത്ത ബന്ധുവാണു യാതൊരു കാരണവുമില്ലാതെ അദ്ദേഹത്തെ വെടിവച്ചു കൊന്നത്. അതേ വർഷം തന്നെ ബംഗ്ലാദേശിന്റെ പ്രധാനമന്ത്രി ശേഖ് മുജീബുർ റഹ്മാൻ സ്വന്തം ആർമിയുടെ വെടിയേറ്റു കൊല്ലപ്പെട്ടു. 1979ൽ അട്ടിമറിയിലൂടെ പാക്ക് ഭരണം പിടിച്ചടക്കിയ പട്ടാള മേധാവിയായ സിയാഉൽ ഹഖ്, പ്രധാനമന്ത്രിയായിരുന്ന സുൽഫിക്കാർ അലി ഭുട്ടോയെ തൂക്കിലേറ്റി. അതിനു ശേഷം നിരപരാധികളും നിഷ്കളങ്കരുമായ അഹ്മദികളെ കൊല്ലാകൊല ചെയ്തിരുന്ന പ്രസ്തുത പട്ടാള മേധാവിയായ ആ അഭിനവ ഫിർഔനേയും മുപ്പതു അനുചരന്മാരേയും 1988 ആഗസ്റ്റ് 17-ാം ബുധനാഴ്ച ഒരു വിമാന യാത്രയ്ക്കിടയിൽ ആകാശത്തിന്റെ അനന്തതയിൽ വച്ചു അല്ലാഹു അഗ്നി ഗോളത്തിന്നിരയാക്കി.

1981ൽ ഈജിപ്ഷ്യൻ പ്രസിഡന്റ് അൻവർ സാദത്തിനെ മിലിറ്ററിയുടെ വർഷിക പരേഡിന്നിടയിൽ സ്വന്തം പട്ടാളത്തിലെ ഒരു വിഭാഗം വെടിവച്ചു കൊന്നു. പി.എൽ.ഒ (PLO - Palestine Liberation Organisation)യുടെ നേതാവായ യാസിർ അറഫാത്തിനെ 2004 ൽ വിഷം കൊടുത്തു കൊന്നു. 2011 ഒക്റ്റോബർ 20-ാം തിയ്യതി ലിബിയയുടെ ശക്തനായ നേതാവ് മുഅമ്മർ ഗദ്ദാഫിയെ ആഭ്യന്തര കലാപത്തിലൂടെ ജനം തെരുവിലിട്ട് നിഷ്കരുണം വെടിവെച്ചു കൊന്നു.

إِنِّي مُهِينٌ مَنْ أَرَادَ إِهَانَتَكَ

എന്ന അല്ലാഹുവിന്റെ വാഗ്ദാനം ചില സന്ദർഭങ്ങളിൽ നിമിഷ നേരം കൊണ്ടായിരിക്കാം നടപ്പിൽ വരുന്നത്. 2014 ആഗസ്റ്റ് 30-ാം തിയ്യതി യു.കെ ജൽസയിൽ പ്രസംഗിച്ചു കൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹു തആല) അത്തരത്തിലുള്ള ഒരു സംഭവം വിവരിക്കുകയുണ്ടായി. മജ്‌ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ കനഡയിലെ ഒരു പട്ടണത്തിലെ മാർക്കറ്റിന്നകത്തു ഏതാനും ദിവസത്തേയ്ക്കു ഒരു തബ്‌ലീഗ് സ്റ്റാൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിലൂടെ കടന്നു പോകുന്നവർക്കു അഹ്മദിയാ ജമാഅത്തിനെ പരിചയപ്പെടുത്തുന്ന നോട്ടീസുകളും സാഹിത്യങ്ങളും വിതരണം ചെയ്യുകയായിരുന്നു ലക്ഷ്യം. ഒരു ദിവസം സോമാലിയക്കാരായ ഒരു സ്ത്രീയും പുരുഷനും അതിലൂടെ കടന്നു പോയപ്പോൾ അവർക്കും ജമാഅത്തിന്റെ സാഹിത്യങ്ങൾ നൽകുകയുണ്ടായി.

അയാളത് അവിടെ നിന്നു തന്നെ വായിക്കാൻ തുടങ്ങി. ഇതു അഹ്മദിയാ സാഹിത്യമാണെന്നു മനസ്സിലായപ്പോൾ അയാൾ മസീഹ് മൗഊദ്ﷺനെ അധിക്ഷേപിക്കാനും ചീത്തവിളിക്കാനും തുടങ്ങി. പിന്നീട് മസീഹ് മൗഊദ്ﷺന്റെ ഫോട്ടോയുള്ള ലഘുലേഖ നിലത്തിട്ടു ചവിട്ടിമെതിച്ചു. കൂടെയുള്ള സ്ത്രീ അയാളെ വിലക്കുകയും അങ്ങനെ ചെയ്യരുതെന്നു പറയുന്നുമുണ്ടായിരുന്നു. ആ സോമാലിയക്കാരന്റെ ഉദ്ദേശ്യം പ്രശ്നമുണ്ടാക്കുക അധികാരികളെ കൊണ്ട് സ്റ്റാൾ അടപ്പിക്കുക എന്നതായിരുന്നു. പക്ഷേ, നമ്മുടെ അൻസാർ സഹോദരന്മാർ സംയമനം പാലിക്കുന്നവരായതിനാൽ അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടായില്ല. പിന്നീട് അവർ രണ്ടുപേരും അവിടെ നിന്നും പോയി. കണ്ടു നിന്നവരും അവിടെയുള്ള കടക്കാരും




അയാൾ ചെയ്തതു വലിയ തെറ്റായിപ്പോയെന്നു പറഞ്ഞു കൊണ്ടിരുന്നു.

രണ്ടു മണിക്കൂറുകൾക്കു ശേഷം അവർ രണ്ടു പേരും മാർക്കറ്റിൽ നിന്നും സാധനങ്ങളെല്ലാം വാങ്ങി നമ്മുടെ സ്റ്റാളിനു മുന്നിലൂടെ തിരിച്ചുപോവുകയായിരുന്നു. പെട്ടെന്നു നമ്മുടെ സഹോദര ന്മാരുടെ മുന്നിൽ മസീഹ് മൗഊദിന്റെ ഫോട്ടോ ചവിട്ടിമെതിച്ച ആ സ്ഥലത്തു തന്നെ എന്തു പറ്റിയെന്നറിഞ്ഞില്ല അയാൾ ബോധം കെട്ടു വീണു. ഉടനെ നമ്മുടെ സ്റ്റാളിലുള്ളവരും അടുത്തുണ്ടായിരുന്നവരും ഓടിക്കൂടി. അയാളെ എടുത്തു അയാൾക്കു പ്രഥമ ശുശ്രൂഷയും പ്രാഥമിക വൈദ്യ സഹായവും നൽകാൻ തുടങ്ങി. പക്ഷേ, എത്ര ശ്രമിച്ചിട്ടും അയാൾക്കു ബോധം വരാഞ്ഞതിനാൽ ആമ്പുലൻസ് വിളിച്ചു ഹോസ്പിറ്റലിലേയ്ക്കു കൊണ്ടു പോയി. ആ അവസരത്തിൽ ആ സ്ത്രീ സ്റ്റാളിൽ വന്നു സഹോദരന്മാരോടു മാപ്പു പറയുകയും അയാൾ ചെയ്തതു വലിയ അപരാധമായിപ്പോയെന്നും ആ ഫോട്ടോയിലുള്ള വ്യക്തി അല്ലാഹുവിന്റെ പ്രിയപ്പെട്ടയാളാണെന്നും പറഞ്ഞു കൊണ്ടിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദിനോടു അല്ലാഹു ചെയ്ത ഈ വാഗ്ദാനത്തിനു കാലത്തിന്റെയോ ദേശത്തിന്റെയോ യാതൊരു അതിർവരമ്പുമില്ല. ലോകത്തിന്റെ ഏതു കോണിലുള്ള ശത്രുവായാലും ശരി മസീഹ് മൗഊദിؑനെ അപമാനിച്ചാൽ അല്ലെങ്കിൽ അതിനു ശ്രമിച്ചാൽ അല്ലാഹു അവനെ എളിമയിലാക്കും. ചിലപ്പോൾ അല്ലാഹുവിന്റെ ശിക്ഷ പെട്ടെന്നായിരിക്കാം. ചിലപ്പോൾ അല്ലാഹുവിന്റെ പിടുത്തം സാവകാശമായെന്നും വരാം. അഹ്മദിയാ സന്ദേശം മറ്റുള്ളവർക്കു എത്തിക്കുവാനായി തബ്ലീഗ് ചെയ്യുന്ന സാധാരണ അഹ്മദികൾ പോലും ഇത്തരത്തിലുള്ള സംഭവങ്ങൾക്കു സാക്ഷികളാകാറുണ്ട്. അവർ അഹ്മദിയാ ജമാഅത്തിനെ കുറിച്ചും മസീഹ് മൗഊദിؑനെ കുറിച്ചുമുള്ള അറിവു മറ്റുള്ളവർക്കു നൽകുമ്പോൾ തിരിച്ചു ധാർഷ്ട്യത്തോടെ സംസാരിക്കുകയും മസീഹ് മൗഊദിؑനു മേൽ ചെളി വാരി എറിയുകയും ചെയ്യുന്ന പ്രവണത ചിലരിൽ നിന്നും കാണാറുണ്ട്. അത്തരക്കാരാണു അല്ലാഹുവിന്റെ ശിക്ഷയ്ക്കു പാത്രീഭൂതരാകുന്നത്. ഇവിടെ ഈജിപ്തിലെ കൈറൊ നിവാസിയായ ഒരഹ്മദി യുവാവ് സാക്ഷ്യം വഹിച്ച രണ്ടു അനുഭവങ്ങളാണു വായനക്കാരുമായി പങ്കു വെക്കുന്നത്.

മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബിനു 2008ൽ തന്റെ 42 മത്തെ വയസ്സിൽ ബൈഅത്തു ചെയ്തു അഹ്മദിയാ ജമാഅത്തിൽ പ്രവേശിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. അതിനദ്ദേഹത്തെ സഹായിച്ചത് എം.ടി.എ യിൽ സ്ഥിരമായി തബ്ലീഗ് പരിപാടികൾ സംഘടിപ്പിച്ചിരുന്ന വളരെ സാത്വികരും മഹാത്മാക്കളുമായിരുന്ന മർഹൂം ജനാബ് മുസ്തഫാ സാബിത് സാഹിബും മർഹൂം ജനാബ് ഫതഹി അബ്ദുസ്സലാം സാഹിബുമായിരുന്നു. പിന്നീട് തുടർന്നും ആ മഹാത്മാക്കളുടെ ശിക്ഷണവും സഹായവും മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബിനു ലഭിച്ചു കൊണ്ടിരുന്നതിനാൽ അദ്ദേഹത്തിനു ദൃഢമായ ഈമാൻ കൈ വന്നിട്ടുണ്ടായിരുന്നു. അഹ്മദിയാ ജമാഅത്തിൽ പ്രവേശി ച്ചതിന്റെ പേരിൽ

അദ്ദേഹത്തിനു നാട്ടുകാരിൽ നിന്നും വീട്ടുകാരിൽ നിന്നും വലിയ എതിർപ്പുകളും നേരിടേണ്ടി വന്നിട്ടുണ്ടായിരുന്നു.

മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബ് കൈറോയിലെ അസ്ഹർ യൂനിവെർസിറ്റിയിൽ നിന്നും ബിരുദം കരസ്ഥമാക്കിയതിനു ശേഷം ഒരു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി ചെയ്യുകയായിരുന്നു. അദ്ദേഹം പറയുകയാണ് ഞാൻ പൊതുവിൽ കൂടെ ജോലി ചെയ്യുന്ന സ്നേഹിതരുമായി നല്ല സ്നേഹബന്ധത്തിലായിരുന്നു കഴിഞ്ഞിരുന്നത്. ഉച്ചക്കുള്ള ഇടവേളയിൽ ഞങ്ങൾ ഒന്നിച്ചിരുന്നാണു ഭക്ഷണം കഴിച്ചിരുന്നത്. ആ സമയം ഞങ്ങൾ ദീനിയായ പലവിഷയങ്ങളും ചർച ചെയ്യാറുണ്ടായിരുന്നു. ഞാൻ അഹ്മദിയാ ജമാഅത്തിൽ പ്രവേശിച്ച വിവരം സ്നേഹിതരോട് പറഞ്ഞില്ലെങ്കിലും ഇസ്ലാമിൽ വരാനിരിക്കുന്ന ഇമാം മഹ്ദിയെ കുറിച്ചും പല കാര്യങ്ങളിലുമുള്ള അഹ്മദിയാ വീക്ഷണത്തെ കുറിച്ചും ഞങ്ങളുടെ ഉച്ചയ്ക്കുള്ള ഒത്തുചേരലിൽ ഞാൻ പതുക്കെ, സാവകാശം അവതരിപ്പിക്കാറുണ്ടായിരുന്നു.

അദ്ദേഹം തുടർന്നു പറയുകയാണ് ഒരു ദിവസം ഒരു പ്രത്യേക ദീനി വിഷയം ചർചാ വിഷയമായി. അതിനെ സംബന്ധിച്ചു ഇമാം മഹ്ദി ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതെന്നും അഹ്മദിയാ ജമാത്തിന്റെ വീക്ഷണം ഇങ്ങനെയാണെന്നും അതിനെ കുറിച്ചുള്ള ഇമാം മഹ്ദിയുടെ കൽപന ഇങ്ങനെയാണെന്നും മറ്റും ഒന്നും ചിന്തിക്കാതെ അൽപം ആവേശത്തിൽ ഞാൻ പറഞ്ഞു പോയി. അതിനു സ്നേഹിതരിൽ ഒരാളായ ഇബ്രാഹീം, എന്നോടു അതിരൂക്ഷമായി കയർത്തു സംസാരിക്കുകയും എല്ലാവരുടേയും മുന്നിൽ വച്ചു പച്ചത്തെറി വിളിച്ചു കൊണ്ട് ഇനി മേലിൽ ഇവിടെ ഇമാം മഹ്ദിയുടെ കാര്യം മിണ്ടിപ്പോകരുതെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു.

അതിനു ഞാൻ വളരെ ശാന്തനായി ഇങ്ങനെ മറുപടി പറഞ്ഞു. നീ എന്നെ ചീത്ത വിളിച്ചോളൂ അധിക്ഷേപിച്ചോളൂ. സാരമില്ല കാരണം പ്രവാചകർക്കും അവരുടെ അനുയായികൾക്കും ശത്രുക്കളിൽ നിന്നും കേൾക്കേണ്ടി വന്നിട്ടുള്ള ചീത്തവിളിക്കു ഒരു കണക്കുമില്ല എന്ന കാര്യം നിനക്കും അറിയാവുന്നതാണ്. നീ പ്രവാചകചരിത്രം പരിശോധിച്ചോളൂ. ഒരു നബിയേയും അവരുടെ അനുയായികളേയും ആ കാലത്തെ ജനത പൂമാലയിട്ടു സ്വീകരിച്ച ചരിത്രമുണ്ടായിട്ടില്ല. അവരെ തെറികൊണ്ടഭിഷേകം ചെയ്തിട്ടേയുള്ളു. അവരെ കല്ലെറിഞ്ഞു രക്തത്തിൽ കുളുപ്പിച്ചിട്ടേയുള്ളു. ഇത്രയും പറഞ്ഞപ്പോഴേയ്ക്കും ഇബ്രാഹിമിനു ഹാലിളകി. പിന്നീട് അവൻ അതിഭയങ്കര കോപത്തോടെ മസീഹ് മൗഊദിﷺനെ അധിക്ഷേപിക്കാനും തെറി വിളിക്കാനും തുടങ്ങി. ബക്കർ മുസ്തഫാ സാഹിബ് പറയുകയാണ് മസീഹ് മൗഊദിﷺനെ തെറിവിളിച്ച സ്ഥിതിക്കു ഇനി ഞാൻ അവിടെ ഇരിക്കുന്നത് ശരിയല്ലായെന്നു മനസ്സിലാക്കിയതിനാൽ ഇബ്രാഹീമിനോടു കൂടുതൽ ഒന്നും സംസാരിക്കാതെ ഞാൻ അവിടെ നിന്നും എഴുന്നേറ്റു ഓഫീസിൽ ചെന്നിരുന്നു.

ബക്കർ മുസ്തഫാ സാഹിബ് തുടർന്നു പറയുകയാണു പിറ്റേ ദിവസം പതിവു പോലെ ഉച്ചയ്ക്കു ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ ഇബ്രാഹീം എന്റെ പുറകിൽ വന്ന് എനിക്കു നിന്നോടു ഒരു കാര്യം പറയാനുണ്ടെന്നും ഭക്ഷണം കഴിച്ച ശേഷം ഒന്നു പുറത്തേയ്ക്കു വരണമെന്നും ചെവിയിൽ വന്നു പറയുകയുണ്ടായി. ഇന്നലെ ഉച്ചയ്ക്കു മസീഹ് മൗഊദിനേയും എന്നേയും തെറിവിളിച്ച ഇവനു ഇപ്പോൾ എന്നോടു എന്താണു പറയുവാനുള്ളതെന്നു ഞാൻ ചിന്തിച്ചെങ്കിലും ഭക്ഷണം കഴിച്ച ശേഷം ഞാൻ പുറത്തു പോയി ഇബ്രാഹിമിനെ കണ്ടു. ഇബ്രാഹീം പറഞ്ഞു ഇന്നലെ ഞാൻ നിന്നേയും നിന്റെ ഇമാം മഹ്ദിയേയും ചീത്ത വിളിച്ചു പോയ ശേഷം എനിക്കു ഒരസാധാരണമായ അനുഭവമുണ്ടായി. അവൻ പറയുകയാണ് ഞാൻ ഓഫീസിനു ശേഷം ഭാര്യയേയും മക്കളേയും കൂട്ടി ടൗണിൽ പോയി സാധനങ്ങൾ വാങ്ങി പുറത്തു നിന്നു ഭക്ഷണവും കഴിച്ചു സന്ധ്യക്കുമുമ്പായി വീട്ടിൽ തിരിച്ചെത്തി. ഫ്ളാറ്റിന്റെ വാതിൽ തുറന്നപ്പോൾ അതിനകത്തെ അവസ്ഥ കണ്ട് ഞാൻ നടുങ്ങിപ്പോയി.

എന്റെ ഫ്ളാറ്റിലെ സകല ഗ്ലാസ്സ് ഡോറുകളും ജനവാതിലുകളും തകർന്നു തരിപ്പണമായിക്കിടക്കുന്നു. വീടിനകത്തു നിറയെ കുപ്പിച്ചില്ലുകൾ കൂടിക്കിടക്കുകയാണ്. ഇബ്രാഹീം പറയുകയാണു ഞാനൊരു ഒറ്റപ്പെട്ട കെട്ടിടത്തിലാണു താമസിക്കുന്നത്. ഈ കെട്ടിടത്തിന്റെ സമീപത്തു വേറെ കെട്ടിടങ്ങളോന്നുമില്ല. എന്റെ ഫ്ളാറ്റ് നാലാം നിലയിലാണ്. കെട്ടിടത്തിൽ നിന്നും അൽപം അകലെ ഒരു സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്. ആ സ്ക്കൂളിലെ വികൃതികളായ കുട്ടികൾ കല്ലെറിഞ്ഞതായിരിക്കുമോയെന്നു ഞാൻ ആദ്യം സംശയിച്ചുവെങ്കിലും അതിനുള്ള യാതൊരു തെളിവും കണ്ടെത്താനായില്ല. ഈ അപകടം എന്റെ ഫ്ളാറ്റിനു മാത്രമാണു സംഭവിച്ചത്. മറ്റു ഫ്ളാറ്റുകൾക്കു യാതൊരു കേടുപാടും സംഭവിച്ചിട്ടില്ല. അവയെല്ലാം സുരക്ഷിതമായിരുന്നു.

ശേഷം പേജ് 42 ൽ

ലേഖനം

# ഗസ്‌വയെ ഹിന്ദ്: യഥാർത്ഥ്യമെന്ത്?

'**ഗസ്‌വയെ ഹിന്ദ്**'വലിയ വിവാദങ്ങൾക്ക് വഴിവെച്ച ഹദീസിലെ ഒരു സാങ്കേതിക പ്രയോഗമാണ്. ജിഹാദിസ്റ്റുകൾ ഇതിന് സായുധ പോരാട്ടത്തിന്റെ അർത്ഥമാണ് നൽകുന്നത്. ഇസ്‌ലാം വിമർശകരും ഇസ്‌ലാമിക് ഫോബിയ പരത്തുന്നവരും ജിഹാദികളുടെ ഈ വ്യഖ്യാനം എടുത്തുകൊണ്ടാണ് ഇസ്‌ലാമിനെ വിമർശിക്കുന്നത്. വാസ്തവത്തിൽ ഗസ്‌വ എന്നത് ഇസ്‌ലാംമത സന്ദേശ പ്രചാരണത്തിനു വേണ്ടിയുള്ള ശാന്തിയാത്രകളാണ്. അതാണ് ഇന്ത്യയിൽ നടന്നത് വിവ: ആലിയാ സൈനബ്, മാത്തോട്ടം

**അമീർ അസീസ് അഹ്മദി**

**ഇ**സ്‌ലാം ഒരിക്കലും ഹിംസ അംഗീകരിക്കുന്നില്ല. ഇസ്‌ലാമിക സാങ്കേതിക പദങ്ങളിൽ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട ഒരു വാക്കാണ് 'ജിഹാദ്'. ജിഹാദിനെ സംബന്ധിച്ച് തീർത്തും വസ്തുതാവിരുദ്ധമായ ധാരണയെ അടിസ്ഥാനമാക്കി ഇസ്‌ലാമിലെ മറ്റു ഒരുപാട് ആശയങ്ങളും ദുർവ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ തെറ്റായി മനസ്സിലാക്കപ്പെട്ട ഒരു വിഷയമാണ് 'ഗസ്‌വായെ ഹിന്ദ്'. തങ്ങളുടെ സ്വാർഥലക്ഷ്യങ്ങൾക്കും ഭൗതിക നേട്ടങ്ങൾക്കും വേണ്ടി ചില തീവ്രവാദ സംഘടനകൾ 'ഗസ്‌വയെ ഹിന്ദ്' എന്ന ആശയത്തെ തെറ്റായി അവതരിപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ മുസ്‌ലിങ്ങൾക്ക് തങ്ങളുടെ രാജ്യത്തോടുള്ള കൂറിനെ ചോദ്യം ചെയ്യാനും, അവരുടെ ദേശസ്നേഹത്തിനു മേൽ സംശയത്തിന്റെ കരിനിഴൽ വീഴ്ത്താനും ഇസ്‌ലാമിന്റെ ശത്രുക്കൾ നിരന്തരം അവലംബിക്കാറുള്ള ഒരു വിഷയം കൂടിയാണിത്.

മുഹമ്മദ് നബി(സ) പ്രവചനം ചെയ്ത പ്രകാരം ഇന്ത്യാരാജ്യത്തെ കീഴടക്കാനുള്ള ഒരു സൈനിക നീക്കമാണ് 'ഗസ്‌വയെ ഹിന്ദ്' എന്നാണ് തീവ്രവാദ മുസ്‌ലിം സംഘടനകളും അത് പോലെ തന്നെ ഇസ്‌ലാം വെറുപ്പിന്റെ വാക്താക്കളും പ്രചരിപ്പിക്കാറുള്ളത്. എന്നാൽ, ഇത്തരം ഹിംസാത്മകമായ ഒരു ആശയത്തിന് ഇസ്‌ലാമിൽ സ്ഥാനമുണ്ടെന്ന് പറയുന്നത് തീർത്തും അടിസ്ഥാനരഹിതവും വസ്തുതക്ക് നിരക്കാത്തതുമാണ്. ഇതുമായി ബന്ധപ്പെട്ട ഇസ്‌ലാമിക സ്രോതസ്സുകൾ പരിശോധിക്കുമ്പോൾ ഇക്കാര്യം വ്യക്തമാകുന്നതാണ്.

### നിവേദനങ്ങളുടെ ആധികാരികത

ഹദീസ് ഗ്രന്ഥങ്ങളിൽ വച്ച് ഏറ്റവും ആധികാരികമായി കണക്കാക്കപ്പെടുന്ന സിഹാഹുസ്സിത്ത എന്ന ആറ് ഗ്രന്ഥങ്ങളിൽ സുനൻ അൻ-നസാഇയിൽ മാത്രമാണ് ഗസ്‌വയെ ഹിന്ദിനെ സംബന്ധിച്ച നിവേദനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. നസാഇയിൽ ഈ വിഷയത്തിൽ മൂന്ന് നിവേദനങ്ങൾ കാണാവുന്നതാണ്. അതിൽ ആദ്യ രണ്ട് നിവേദനങ്ങൾ സമാനമാണ്. ഹദ്റത്ത് അബൂ ഹുറൈറ(റ) ഇങ്ങനെ പറഞ്ഞതായി നിവേദനം ചെയ്യപ്പെടുന്നു:

'അല്ലാഹുവിന്റെ ദൂതൻ ഞങ്ങളോട് ഇന്ത്യയിലേക്കുള്ള ഒരു പര്യടനത്തെക്കുറിച്ച് വാഗ്ദാനം നല്കി. ഞാൻ അത് കാണാൻ ജീവിചിരിക്കുകയാണെങ്കിൽ എന്നെ ത്തന്നെയും എന്റെ സമ്പത്തിനെയും അതിലേക്ക് ദാനം ചെയ്യുന്നതാണ്. ഞാൻ കൊല്ലപ്പെട്ടാൽ രക്തസാക്ഷികളിൽ ഏറ്റവും ഉന്നതനായിത്തീരും. ഞാൻ തിരിച്ച് വന്നാൽ (നരകത്തിൽ നിന്ന്) സ്വതന്ത്രനാക്കപ്പെട്ട അബൂ ഹുറൈറയായിരിക്കും.[1] ഇത് വിശ്വാസയോഗ്യമായ ഒരു നിവേദനമല്ല എന്നാണ് ഹദീസ് പണ്ഡിതന്മാരുടെ അഭിപ്രായം. ഉദാഹരണത്തിന്, പ്രശസ്ത ഹദീസ് പണ്ഡിതനായ അൽ-ദഹബി എഴുതുന്നു:

'ജബർ ഇബ്നു അബീദ അബു ഹുറൈറയിൽ നിന്ന് വിശ്വാസയോഗ്യമല്ലാത്ത ഒരു ഹദീസ് നിവേദനം ചെയ്തിട്ടുണ്ട്. ഇന്ത്യയിലേക്ക് ഒരു പര്യടനം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് പറയുന്ന നിവേദനമാണത്.[2] ശെയ്ഖ് അൽ-അർനഊത്ത് പറയുന്നു:

'ഈ വിഷയത്തിൽ അബൂ ഹുറൈറയയിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ഹദീസുകളുടെ നിവേദക ശൃംഖലയിൽ രണ്ട് ദുർബല കണ്ണികൾ ഉണ്ട്.[3]

അഥവാ, ഈ രണ്ട് നിവേദനങ്ങളും ദുർബലവും വിശ്വാസയോഗ്യമല്ലാത്തതുമാണെന്ന് ഹദീസ് പണ്ഡിതന്മാർ തന്നെ വിലയിരുത്തുന്നു. നസാഇയിൽ വന്നിട്ടുള്ള മൂന്നാമത്തെ ഹദീസ് ഇപ്രകാരമാണ്:

അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: 'എന്റെ സമുദായത്തിൽ രണ്ട് വിഭാഗം ആളുകളെ അല്ലാഹു നരകാഗ്നിയിൽ നിന്ന് മോചിപ്പിക്കും: ഇന്ത്യയിൽ പര്യടനം നടത്തുന്ന സംഘവും ഈസബ്നു മർയമിനോടൊപ്പമുള്ള സംഘവും.'[4]

ഈ നിവേദനം മറ്റ് രണ്ട് നിവേദനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അല്പം ആധികാരികത പുലർത്തുന്നുണ്ട്. പല പണ്ഡിതന്മാരും ഇതിനെ വിശ്വസനീയമായി കണക്കാക്കുകയും ചെയ്യുന്നു. എന്നിരുന്നാലും ഈ ഹദീസും

പൂർണമായും വിമർശനങ്ങളിൽ നിന്ന് മുക്തമല്ല. ഇബ്നു അദീ തന്റെ ദുർബല ഹദീസുകളുടെ സമാഹാരത്തിൽ ഈ നിവേദനവും ഉൾപെടുത്തിയിട്ടുണ്ട്.[5] അതുപോലെ, ശെയ്ഖ് അൽ-അർനഊത്ത് പറയുന്നു:

'ഇത് വിശ്വസനീയമായ ഒരു നിവേദനമാണ്. പക്ഷേ, ഇബ്നു അൽ-വലീദ് (ബഖിയ്യ) കാരണം ഈ ശൃംഖല ദുർബലമാണ്. എങ്കിലും ചിലർ അദ്ദേഹത്തെ അംഗീകരിക്കുന്നുണ്ട്. അബൂ ബക്കർ ഇബ്നു അൽ-സുബൈദി ഒഴികെ ബാക്കിയുള്ള നിവേദകന്മാരെല്ലാം വിശ്വസ്തരാണ്. അദ്ദേഹത്തിന്റെ നില അജ്ഞാതമാണ്.'[6]

ചുരുക്കത്തിൽ, ഈ നിവേദനം പലരും 'ഹസൻ' അല്ലെങ്കിൽ തൃപ്തികരം എന്ന ഗണത്തിലാണെന്ന് കണക്കാക്കുന്നു. എന്നിരുന്നാലും, കുറഞ്ഞത് രണ്ട് നിവേദകന്മാരുടെയെങ്കിലും നില സംശയാസ്പദമായ കാരണത്താൽ ഇത് 'സഹീഹ്' എന്ന് വിളിക്കപ്പെടാൻ മാത്രം ആധികാരികവുമല്ല.

ഇവിടെ ശ്രദ്ധേയമായ കാര്യം, ഈ ഹദീസ് സ്വീകാര്യമാണെന്ന് കണക്കാക്കിയാലും, മറ്റു രണ്ട് നിവേദനങ്ങളിൽ പ്രതിപാദിക്കപ്പെട്ട പോലെ ഒരു പോരാട്ടത്തെ പറ്റിയോ, അതിൽ കൊല്ലപ്പെടുന്നതിനെ സംബന്ധിച്ചോ യാതൊരു പരാമർശവും ഇതിൽ ഇല്ല എന്നതാണ്. മറിച്ച് ഇന്ത്യയിൽ ഒരു ദൗത്യം ഏറ്റെടുക്കുന്ന ഒരു സംഘത്തെ സംബന്ധിച്ച് മാത്രമാണ് ഈ ഹദീസ് സംസാരിക്കുന്നത്. അഥവാ, പൊതുവിൽ മനസ്സിലാക്കപ്പെട്ടത് പോലെ, ഇസ്‌ലാം വിരുദ്ധ ശക്തികളും ഭീകരവാദ സംഘടനകളും പ്രചരിപ്പിക്കുന്ന രീതിയിലുള്ള ഒരു അക്രമാസക്തമായ ആശയത്തെ ഈ നിവേദനങ്ങൾ ഒരു തരത്തിലും പിന്തുണയ്ക്കുന്നില്ല.

'ഗസ്‌വ' എന്നത് എപ്പോഴും യുദ്ധത്തെ സൂചിപ്പിക്കുന്ന പദമല്ല. എന്തെങ്കിലും ഉദ്ദേശത്തിനായി ഒരു ദൗത്യം ഏറ്റെടുക്കുക എന്നർഥം വരുന്ന 'ഗസാ' എന്ന പദത്തിൽ നിന്നാണ് 'ഗസ്‌വ' നിഷ്പന്നമായത്. ഇസ്‌ലാമിൽ നടന്ന യുദ്ധങ്ങളിൽ പ്രവാചകൻ(സ) നേരിട്ട് പങ്കെടുത്ത യുദ്ധങ്ങൾ 'ഗസ്‌വ' എന്നും, അദ്ദേഹം നേരിട്ട് പങ്കെടുക്കാത്ത സൈനിക നീക്കങ്ങൾ 'സരിയ്യ' എന്നുമാണ് അറിയപ്പെടുന്നത്. എന്നിരുന്നാലും, ഈ വാക്കുകൾ എപ്പോഴും യുദ്ധങ്ങളെ സൂചിപ്പിക്കണം എന്നില്ല. മറിച്ച്, യാതൊരു സൈനിക ലക്ഷ്യവുമില്ലാത്ത സമാധാനപരമായ പ്രചാരണ ദൗത്യങ്ങൾക്കും ഇതേ വാക്കുകൾ ഉപയോഗിക്കാറുണ്ട്. ഇസ്‌ലാം എത്താത്ത പ്രദേശങ്ങളിൽ ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കാൻ നബി തിരുമേനി(സ) അയച്ച ദൗത്യങ്ങൾക്കും 'സരിയ്യ' എന്ന പദം ഉപയോഗിച്ചതായി കാണാൻ സാധിക്കും. അത്തരം സമാധാന പ്രചാരക സംഘങ്ങളെ യാതൊരു പ്രകോപനവും കൂടാതെ അവിശ്വാസികളായ ശത്രുക്കൾ ആക്രമിച്ച് കൊല ചെയ്ത സന്ദർഭങ്ങളും ഇസ്‌ലാമിക ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. സരിയ്യ അർ-റജീ, സരിയ്യ ബിഅ്റു മഊന എന്നിവ ഇത്തരം ഉദാഹരണങ്ങളാണ്.

ചുരുക്കത്തിൽ, 'ഗസ്‌വ' എന്ന പദം രണ്ട് കാര്യങ്ങളെ സൂചിപ്പിക്കുന്നു: ആക്രമണം ചെറുക്കുന്നതിനും അനീതി അവസാനിപ്പിക്കുന്നതിനും മർദ്ദിതരെ സംരക്ഷിക്കുന്നതിനും വേണ്ടി നടത്തുന്ന യുദ്ധം, അല്ലെങ്കിൽ, യാതൊരു സൈനികോദ്ദേശ്യങ്ങളുമില്ലാതെ സമാധാനപരമായ മാർഗങ്ങളിലൂടെ ജനങ്ങളിൽ സത്യം പ്രചരിപ്പിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്ന ദൗത്യം.

## ഹിംസ വിശുദ്ധ ഖുർആൻ അംഗീകരിക്കുന്നില്ല

മതത്തിന്റെ പേരിലുള്ള അതിക്രമങ്ങളെ വിശുദ്ധ ഖുർആൻ കർശനമായി വിലക്കിയിട്ടുണ്ട്. ഇസ്‌ലാം പ്രചരിപ്പിക്കുന്നതിന് ആരെയെങ്കിലും ആക്രമിക്കാനോ, അമുസ്‌ലിങ്ങളെ ഏതെങ്കിലും രീതിയിൽ ഉപദ്രവിക്കാനോ ഇസ്‌ലാമിൽ അനുവാദമില്ല.

അഥവാ, 'ഗസ്‌വയെ ഹിന്ദ്' സൈനിക നീക്കമാണെന്ന് വ്യാഖ്യാനിക്കുന്നവർ തങ്ങളുടെ ഭൗമരാഷ്ട്രീയ ഉദ്ദേശങ്ങളോടെയാണ് അങ്ങനെ ചെയ്യുന്നതെന്ന് മനസ്സിലാക്കേണ്ടി വരും. അതിന് ആരെങ്കിലും മതപരമായ സ്വഭാവം നല്കിക്കൊണ്ട് ജനങ്ങളെ ആക്രമണത്തിന് പ്രേരിപ്പിക്കുകയാണെങ്കിൽ, ലോകത്ത് സമാധാനം സ്ഥാപിക്കാൻ എന്ന വ്യാജേന വിവിധ രാഷ്ട്രങ്ങളെ ആക്രമിക്കുന്ന ശക്തികളിൽ നിന്നും ഇവർ വ്യത്യസ്തരല്ല.

നിരപരാധിയായ ഒരു മനുഷ്യനെ കൊല്ലുന്നത് മുഴുവൻ മനുഷ്യരാശിയെയും കൊല്ലുന്നതിനു തുല്യമാണ് എന്ന് അല്ലാഹു വശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നു.[7] അമുസ്‌ലിങ്ങളെ കൊല്ലുന്നതോ, അവരുടെ ആരാധനാലായങ്ങൾ തകർക്കുന്നതോ, അല്ലെങ്കിൽ മാനവികവിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോ ഇസ്‌ലാമിൽ യാതൊരു വിധത്തിലും ന്യായീകരിക്കപ്പെടുന്നില്ല. എന്നല്ല, അവ സഹിഷ്ണുത, സമാധാനം, സാഹോദര്യം എന്ന ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യങ്ങൾക്ക് വിരുദ്ധവുമാണ്. പ്രതിരോധാത്മകമല്ലാത്ത യുദ്ധത്തിനോ അധിനിവേശത്തിനോ ഒരു സാഹചര്യത്തിലും ഇസ്‌ലാം അനുമതി നല്കുന്നില്ല.

## പ്രവചനത്തിന്റെ യഥാർഥ വിവക്ഷ

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കാനുള്ള ആത്മീയ ദൗത്യമാണ് 'ഗസ്‌വയെ ഹിന്ദ്' എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. മുഈനുദ്ദീൻ ചിശ്ത്തി(റഹ്), ഫരീദുദ്ദീൻ ഗൻജ് ശക്കർ(റഹ്), നിസാ

മുട്ടീൻ ഔലിയാ(റഹ്) തുടങ്ങിയവർ ഇന്ത്യയിൽ ഇത്തരത്തിൽ ജിഹാദ് നടത്തിയ വ്യക്തിത്വങ്ങളായിരുന്നു. എന്നാൽ, അവരുടെ ജിഹാദ് അക്രമമായിരുന്നില്ല. മറിച്ച്, പ്രവാചകൻ(സ) നിർവഹിച്ച സഹിഷ്ണുതയുടെയും ബഹുസ്വരതയുടെയും ജിഹാദായിരുന്നു അവരും നടത്തിയത്. അതിനാൽ, ഹദീസിൽ പ്രതിപാദിക്കപ്പെട്ട ഇന്ത്യയിൽ ദൗത്യം നിർവഹിക്കുന്ന ആ സംഘം ഇവരാണെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.

പ്രസ്തുത നിവേദനത്തിന്റെ തുടർന്നുള്ള ഭാഗം ഈ വാദത്തെ പിന്തുണയ്ക്കുന്നു. നരകാഗ്നിയിൽ നിന്നും സംരക്ഷിക്കപ്പെടുമെന്ന് പറയപ്പെട്ട രണ്ടാമത്തെ സംഘം ഈസബ്നു മർയം അഥവാ അവസാന നാളിൽ അവതരിക്കേണ്ട വാഗ്ദത്ത മസീഹിനോടൊപ്പം ഉള്ളവരായിരിക്കുമെന്നാണ് ഹദീസിൽ പരാമർശിക്കപ്പെട്ടത്. തിരുനബി(സ)യുടെ വിവിധ പ്രവചനങ്ങൾ വാഗ്ദത്ത മസീഹ്(അ)ന്റെ ജനനം ഇന്ത്യയിലായിരിക്കുമെന്ന് സൂചിപ്പിക്കുന്നുണ്ട്.[8] അദ്ദേഹവും അദ്ദേഹത്തിന്റെ അനുചരന്മാരും മുഖേന സംഭവിക്കാനിരിക്കുന്ന ആത്മീയ വിപ്ലവത്തെയാണ് പ്രസ്തുത ഹദീസ് സൂചിപ്പിക്കുന്നതെന്ന് ഇതിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാവുന്നതാണ്.

വാഗ്ദത്ത മസീഹിന്റെ ദൗത്യം യുദ്ധം അവസാനിപ്പിച്ച് യുക്തിയും സത്യവും വഴി ഒരു പുതിയ ലോകക്രമം സ്ഥാപിക്കുക എന്നതായതിനാൽ, അദ്ദേഹത്തിന്റെ കാലത്ത് ഏതെങ്കിലും തരത്തിലുള്ള യുദ്ധം പ്രതീക്ഷിക്കുന്നത് അസംബന്ധവും യുക്തിരഹിതവുമാണ്. അദ്ദേഹത്തിന്റെ കാലത്ത് നടക്കുമെന്ന് പറയപ്പെട്ട പോരാട്ടങ്ങളെല്ലാം മനുഷ്യനെ സത്യത്തിലേക്ക് ക്ഷണിക്കുന്നതിനായുള്ള ബൗദ്ധിക പോരാട്ടങ്ങളാണ് എന്നതാണ് യാഥാർഥ്യം.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകനായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) താൻ വാഗ്ദത്ത മസീഹാണെന്ന് വാദിക്കുകയും, 1908-ൽ തന്റെ മരണം വരെ ഇസ്‌ലാമിന്റെ പ്രബോധനത്തിലൂടെ ആ സമാധാനപരമായ ദൗത്യം നിറവേറ്റുകയും ചെയ്തു. ലോകമെമ്പാടുമുള്ള ജനങ്ങളുടെ ഹൃദയം ജയിക്കുക എന്ന ദൗത്യം അദ്ദേഹത്തിന്റെ ആത്മീയ പിൻഗാമികളായ ഖലീഫമാരിലൂടെ ഇന്നും തുടർന്നു വരുന്നു.

## സമാധാനം സ്ഥാപിക്കുന്നതിനുള്ള ആത്മീയ ദൗത്യം

ഇസ്‌ലാമികാധ്യാപനങ്ങളെ കുറിച്ച് വ്യക്തമായ ഈ കാഴ്ചപ്പാട് നിലനില്ക്കെ ഒരു സമാധാനപരമായ രാജ്യത്തെ ആക്രമിക്കുന്നതിന് ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു എന്ന് പറയുന്നത് പരമാബദ്ധമാണ്;. പ്രത്യേകിച്ച്, ഇന്ത്യയെ പോലെ വിവിധ ആശയങ്ങളെ ഇരുകൈകളും നീട്ടി സ്വീകരിച്ചിട്ടുള്ള, ഇസ്‌ലാമിനോട് ആദരവ് പ്രകടിപ്പിച്ച രാജ്യം.

ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാൻ ശത്രുക്കൾ എല്ലാ ശ്രമങ്ങളും നടത്തിയിരുന്ന ഇസ്‌ലാമിന്റെ ആദ്യകാല സാഹചര്യം തികച്ചും വ്യത്യസ്തമായിരുന്നു. സമാധാനം സ്ഥാപിക്കാനുള്ള എല്ലാ മാർഗങ്ങളും വിഫലമാകുകയും, ശത്രുക്കൾ ഇസ്‌ലാമിനെയും മുസ്‌ലിങ്ങളെയും യുദ്ധത്തിലൂടെ പരിപൂർണമായും തുടച്ചു നീക്കാൻ ഉദ്ദേശിക്കുകയും ചെയ്ത സാഹചര്യത്തിലാണ് അനീതിക്കെതിരെ പോരാടാനുള്ള അനുമതി അവർക്ക് നല്കപ്പെട്ടത്. അതിനാൽ, ഹിംസയിൽ അധിഷ്ഠിതമായ ഒരു പോരാട്ടമായി ഗസ്‌വയെ ഹിന്ദിനെ മനസ്സിലാക്കുന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾക്കും, മതസ്വാതന്ത്ര്യത്തിന് പ്രാധാന്യം നല്കുന്ന വിശുദ്ധ ഖുർആന്റെ ആത്മാവിനും എതിരാണ്. വിവിധ സൂഫീവര്യന്മാർ ഇന്ത്യയിൽ നടത്തിയ ആത്മീയ പോരാട്ടവും, തുടർന്ന് വാഗ്ദത്ത മസീഹ് കൊണ്ട്വന്ന ബൗദ്ധിക വിപ്ലവുമാണ് 'ഗസ്‌വയെ ഹിന്ദ്' എന്നാണ് നിഷ്പക്ഷമായ പഠനത്തിൽ നിന്നും മനസ്സിലാകുന്നത്.

അവലംബം: *light of islam*

**കുറിപ്പുകൾ**

(1) സുനൻ അൻ-നസാഈ, കിതാബുൽ ജിഹാദ് (ജിഹാദ് സംബന്ധിച്ച അധ്യായങ്ങൾ)

(2) മീസാൻ അൽ-ഇഅ്തിദാൽ, 1/388

(3) തഖ്‌രീജ് മുസ്നദ് അഹ്മദ് 37/42

(4) സുനൻ അൻ-നസാഈ, കിതാബുൽ ജിഹാദ് (ജിഹാദ് സംബന്ധിച്ച അധ്യായങ്ങൾ)

(5) അൽ-കാമിൽ ഫീ ദുഅഫാഇർ-രിജാൽ

(6) തഖ്‌രീജ് മുസ്നദ് അഹ്മദ് 12/30

(7) വിശുദ്ധ ഖുർആൻ 5:33

(8) വാഗ്ദത്ത മസീഹ് ദമാസ്കസിന്റെ കിഴക്ക് ഭാഗത്ത് അവതരിക്കും എന്ന ഒരു നിവേദനം സഹീഹ് മുസ്‌ലിമിൽ രേഖപ്പെട്ടിട്ടുണ്ട്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകനായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ജന്മദേശമായ ഖാദിയാൻ എന്ന ഇന്ത്യൻ ഗ്രാമം ദമാസ്കസിന്റെ നേരെ കിഴക്കാണ് സ്ഥിതി ചെയ്യുന്നതെന്ന വസ്തുത ഇവിടെ ശ്രദ്ധേയമാണ്.

കൂടാതെ, വാഗ്ദത്ത മസീഹും ഇമാം മഹ്ദിയും ഒരേ വ്യക്തിയായിരിക്കുമെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്. ഇബ്നു മാജയുടെ ഒരു നിവേദനത്തിൽ ഈസാ(അ) തന്നെയായിരിക്കും മഹ്ദി എന്ന് പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ, പിൽക്കാലത്ത് ജനങ്ങൾ ഈസബ്നു മർയമിനെ ഇമാം മഹ്ദിയാകുന്ന അവസ്ഥയിൽ കാണും എന്ന് മുസ്നദ് അഹ്മദിലെ ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

മഹ്ദി അവതരിക്കുന്നത് ഒരു അറബ്യേതര രാജ്യത്തായിരിക്കുമെന്നും കിഴക്കായിരിക്കുമെന്നും സൂചനകളുണ്ട്. ഇതുമായി ബന്ധപ്പെട്ട ഒരു കൃത്യമായ വിവരണം 'ജവാഹിർ അൽ-അസ്റാർ' (പേജ്. 58) എന്ന ഗ്രന്ഥത്തിൽ കാണാവുന്നതാണ്. ഇമാം മഹ്ദി 'കദ്അ' എന്ന സ്ഥലത്ത് പ്രത്യക്ഷനാകും എന്ന് ആ നിവേദനത്തിൽ കാണാം. ഇത് 'ഖാദിയാൻ' എന്ന പേരിന്റെ ഒരു അറബി രൂപമാറ്റമാണെന്ന് വ്യക്തമായും അനുമാനിക്കാവുന്നതാണ്.

# ഹിദായത്തുല്ലാ ഹബ്സ് സാഹിബ് ഇസ്‌ലാമിനെ സ്നേഹിച്ച ജർമ്മൻ അഹ്മദി

ദൈവാന്വേഷണത്തിന്റെ കനലെരിയുന്ന ഹൃദയവുമായി പാശ്ചാത്യമായ ലോക ഭോഗങ്ങളുടെ ഭൗതിക പരിസരത്ത് കുത്തഴിഞ്ഞ് ഹിപ്പിയായി ജീവിച്ച ഒരു ജർമ്മൻ കാരനായിരുന്നു ഹിദായത്തുല്ലാ ഹബ്ശ്. അദ്ദേഹത്തിന്റെ സത്യാന്വേഷണങ്ങളുടെ ഒടുവിൽ അഹ്മദിയ്യാ ജമാഅത്തിലൂടെ ഇസ്‌ലാം മതത്തിലെ ദൈവത്തെ അദ്ദേഹം കണ്ടെത്തുകയും ആത്മീയ ശോഭ സ്പുരിക്കുന്ന ഉത്തമ ദൈവദാസനായി മാറുകയും ചെയ്തു.

ആസിഫ് മുനീർ, ന്യൂസിലനന്റ്

**ജ**ർമ്മനി ദേശീയ ജൽസ സലാന സമീപസ്ഥമാവുമ്പോൾ ജർമ്മനിയിലെ അഹ്മദിയാ മുസ്‌ലിം ജമാത്തിന്റെ ആഴത്തിലുള്ള ആവേശോജ്ജ്വലമായ ചരിത്രമാണ് നമ്മെ അത് ഓർമ്മിപ്പിക്കുന്നത്. ഇസ്‌ലാം അഹ്മദിയത്തിന് വേണ്ടി തന്റെ ജീവിതം സമർപ്പിച്ച ഹിദായത്തുല്ല ഹബ്ഷ് സാഹിബിനെപ്പോലുള്ള അർപ്പണബോധമുള്ള വ്യക്തികളെ നാം വിസ്മരിക്കരുത്. അദ്ദേഹം ഇസ്‌ലാമിനെക്കുറിച്ചും അഹ്മദിയത്തിനെക്കുറിച്ചും അനേകം പുസ്തകങ്ങൾ എഴുതുകയും നിരവധി തബ്ലീഗ് പരിപാടികൾ സംഘടിപ്പിക്കുകയും തനിക്ക് കഴിയുന്നിടത്തോളം ആളുകളെ സഹായിക്കുകയും ചെയ്തു. അദ്ദേഹത്തെ എല്ലാവർക്കും എപ്പോഴും പ്രാപ്യമായിരുന്നു. എല്ലാവരും സഹായത്തിനായി അദ്ദേഹത്തെ ആശ്രയിക്കാമായിരുന്നു. ഒരു ദിവസം അദ്ദേഹം ഇസ്‌ലാമിൽ ചേരുമെന്നും തന്റെ ജീവിതഗതിയെ മാറ്റിമറിക്കുമെന്നും ആരും അദ്ദേഹത്തെ സംബന്ധിച്ച് കരുതിയിരുന്നില്ല. ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പ് അദ്ദേഹം ക്രിസ്ത്യാനി, ബുദ്ധമതക്കാരൻ, കലാകാരൻ, കവി, ഹിപ്പി എന്നീ വിവിധ വ്യക്തിത്വങ്ങളിൽ ജീവിച്ചു. ഇസ്‌ലാം കണ്ടെത്തിയപ്പോൾ തന്റെ ജീവിതം ഒരു പുതിയ ദിശയിലേക്ക് അദ്ദേഹം സമർപ്പിച്ചു. മറ്റെല്ലാ ശീലങ്ങളും വിശ്വാസങ്ങളും അദ്ദേഹം ഉപേക്ഷിച്ചു. കലാകാരൻ കവി എന്ന സത്വം മാത്രം അവശേഷിപ്പിച്ചു കൊണ്ട് അദ്ദേഹം ഇസ്‌ലാം മത വിശ്വാസിയായി തുടർന്നു.

### ഇസ്‌ലാം സ്വീകരണരത്തിന് മുമ്പ് അഹ്മദിയത്ത്

1946 ജനുവരി 8ന് കിഴക്കൻ ജർമ്മനിയിലെ ചെംമ്നിറ്റ്സിൽ ഒരു മധ്യവർഗ ക്രിസ്ത്യൻ കുടുംബത്തിലാണ് ഹിദായത്തുല്ല ഹബ്ഷ് സാഹിബ് ജനിച്ചത്. ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ പേര് പോൾ-ഗെർഹാർഡ് ഹബ്ഷ് എന്നായിരുന്നു.

ചെറുപ്പം മുതൽ തന്നെ സാഹിത്യം, കല, കവിത, തത്ത്വചിന്ത എന്നിവയിൽ അദ്ദേഹത്തിന് അതീവ താൽപര്യം ഉണ്ടായിരുന്നു. ഈ അഭിരുചികൾ പങ്കിടുന്ന ആളുകളുമായി അദ്ദേഹം ചുറ്റിക്കറങ്ങുകയും റോക്ക് സംഗീതം കേൾക്കുകയും കവിതകൾ കൈമാറുകയും ചെയ്യും. അലൻ ഗിൻസ്ബെർഗ്, ജാക്ക് കെറോവാക് തുടങ്ങിയ ചില വിമത കവികളുടെ ജീവിതശൈലി അദ്ദേഹത്തെ ആകർഷിച്ചു. ആണവായുധങ്ങളുടെ ഉപയോഗത്തെയും നിർമ്മാണത്തെയും പലപ്പോഴും നിശിതമായി വിമർശിച്ച അദ്ദേഹത്തിന് സജീവമായ രാഷ്ട്രീയ നിലപാടുകളുണ്ടായിരുന്നു.

ഹിദായത്തുല്ല സാഹിബ് തന്റെ കവിതകളാൽ പ്രശസ്തനായി. വിവിധ മാസികകളിൽ അദ്ദേഹം തന്റെ കവിതകൾ പ്രസിദ്ധീകരിച്ചു. അക്കാലത്ത് ജർമ്മനിയിലെ ഏറ്റവും ജനപ്രിയമായ സാഹിത്യ-രാഷ്ട്രീയ ക്ലബ്ബുകളിലൊന്നായ 'ക്ലബ് വോൾട്ടെയറി'ന്റെ പ്രോഗ്രാം മാനേജരായും അദ്ദേഹം പ്രവർത്തിച്ചു. അവിടെവെച്ച് അദ്ദേഹം ആദ്യത്തെ ഹിപ്പികളെ കണ്ടുമുട്ടി, അവർ അദ്ദേഹത്തിന് തികച്ചും പുതിയ ഒരു ജീവിതരീതി പരിചയപ്പെടുത്തി. സോഷ്യലിസ്റ്റ് വിദ്യാർത്ഥികൾക്കിടയിൽ എത്ര വലിയ വൈരുദ്ധ്യങ്ങളുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. അതിനാൽ 1968 ലെ വസന്തകാലത്ത് അദ്ദേഹം ക്ലബ് വോൾട്ടെയറിലെ ജോലിയിൽ നിന്ന് രാജിവച്ച് ഹിപ്പികളിലേക്ക് തിരിഞ്ഞു.

### സർവ്വശക്തനായ ദൈവത്തിനായുള്ള അന്വേഷണം

ഹിദായത്തുല്ല സാഹിബ് ആത്മശാന്തിക്കായി തിരയുമ്പോൾ നിരാശയായിരുന്നു ഫലം. അദ്ദേഹം സെൻ ബുദ്ധമതം പഠിക്കുകയും ജീവിതത്തിൽ ഒരു പുതിയ ലക്ഷ്യം കണ്ടെത്തിയെന്ന് വിശ്വസിക്കുകയും ചെയ്തു. ലൗകിക ജീവിതത്തിന്റെ എല്ലാ ഉയർച്ചകളും താഴ്ചകളും അതിന്റെ കൃത്രിമ പറുദീസകളും അനുഭവിച്ചതിന് ശേഷം, ഇരുപത്തിമൂന്നാം

വയസ്സിൽ, മൊറോക്കോയിലെ ഒരു റോഡ് യാത്രയ്ക്കിടെ അദ്ദേഹത്തിന് ഭയപ്പെടുത്തുന്ന ഒരു അനുഭവം ഉണ്ടായി. പൂർണ്ണ നിരാശയിൽ ക്രൂശിക്കപ്പെട്ട യേശുവിന്റെ ചിത്രമുള്ള ഒരു ജപമാല കഴുത്തിൽ ചുറ്റി അദ്ദേഹം പൂർണ്ണ നഗനായി മൊറോക്കൻ പുൽമേടുകളിലേക്ക് ഓടി. അവിടെവെച്ച് അദ്ദേഹത്തിന് ഒരു ദിവ്യാനുഭൂതി അനുഭവപ്പെട്ടു. ഒരു അദൃശ്യശക്തി തന്നെ പിടിച്ചു നിർത്തുന്നതായി അദ്ദേഹത്തിന് തോന്നി. ബുദ്ധമതവും ക്രിസ്തുമതവും കൂടുതൽ പരിചിതമായിരുന്നെങ്കിലും അദ്ദേഹം ആകാശത്തേക്ക് നോക്കി: 'അല്ലാഹുവേ, എന്നെ ശുദ്ധീകരിക്കണമേ' എന്ന് കേണപേക്ഷിച്ചു. 'അല്ലാഹു' ആരാണെന്ന് പോലും അദ്ദേഹത്തിന് അറിയില്ലായിരുന്നു. അദ്ദേഹത്തിന്റെ വായിൽ നിന്നും വന്ന വചനം അതായിരുന്നു.

ഈ അനുഭവത്തിന് ശേഷം അദ്ദേഹത്തിന്റെ പോരാട്ടങ്ങൾ തുടർന്നു. സ്പെയിൻ വഴി അദ്ദേഹം ജർമ്മനിയിലേക്ക് മടങ്ങി. സ്പെയിനിൽ വെച്ച് അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. ജാമ്യത്തിൽ പുറത്തിറങ്ങുന്നത് വരെ ജയിലിലടക്കുകയും ചെയ്തു. ജർമ്മനിയിൽ തിരിച്ചെത്തിയ അദ്ദേഹം രണ്ടാമത്തെ ദിവ്യാത്ഭുതത്തിന് സാക്ഷ്യം വഹിച്ചു. യോഗ സമ്പ്രദായങ്ങൾക്കനുസരിച്ച് ധ്യാനിക്കുമ്പോൾ, തന്റെ പുസ്തക അലമാരയിൽ സൂക്ഷിച്ച വിശുദ്ധ ഖുർആനിലേക്ക് നയിക്കുന്ന ഒരു ധവള പ്രകാശം അദ്ദേഹം ദർശിച്ചു. അത് വായിച്ച ഉടൻ തന്നെ അതിൽ പരമമായ സത്യം ഉണ്ടെന്ന് അദ്ദേഹത്തിന് തോന്നുകയും ഒരു മുസ്‌ലിമാകാൻ തീരുമാനിക്കുകയും ചെയ്തു.

ഹിദായത്തുല്ല സാഹിബ് ഇസ്‌ലാമിനെക്കുറിച്ചും അത് എങ്ങനെ നടപ്പാക്കണം എന്നതിനെക്കുറിച്ചും വിവരങ്ങൾ തേടാൻ തുടങ്ങി. ഫ്രാങ്ക്ഫർട്ടിൽ ഒരു പള്ളി



കണ്ടെത്താൻ അദ്ദേഹം പാടുപെടുകയും ഒടുവിൽ ലെബനീസ് കോൺസുലേറ്റ് വഴി അഹ്മദികളുടെ നൂർ പള്ളി കണ്ടെത്തുകയും ചെയ്തു. സ്പാനിഷ് ജയിലിലായിരുന്ന കാലം മുതൽ ഷേവ് ചെയ്ത തല, വൃത്തികെട്ട ജീൻസ്, കീറിയ തുകൽ ജാക്കറ്റ് എന്നിവ ഉണ്ടായിരുന്നിട്ടും പള്ളിയിലെ ഇമാം മസൂദ് ഝലൂമി സാഹിബ് അദ്ദേഹത്തെ ഊഷ്മളമായി സ്വാഗതം ചെയ്തു. മെച്ചപ്പെട്ട ഒരു ഖുർആൻ വിവർത്തനം, ഇസ്‌ലാമിക പ്രാർത്ഥന പഠിക്കുന്നതിനുള്ള ഒരു പുസ്തകം, വാഗ്ദത്ത മസീഹിന്റെ 'നമ്മുടെ അദ്ധ്യാപനങ്ങൾ' എന്ന ചെറുപുസ്തകം എന്നിവ ഇമാം അദ്ദേഹത്തിന് നൽകി.

**ജീവിതം മാറ്റിമറിച്ച സംഭവം**

ഒരു ദിവസം അദ്ദേഹം പള്ളിയിൽ പോയപ്പോൾ, അദ്ദേഹത്തിന്റെ ജീവിതത്തെ എന്നെന്നേക്കുമായി മാറ്റിമറിക്കാൻ വിധിക്കപ്പെട്ട ദിവസമായിരുന്നു അത്. ഹിദായത്തുല്ല സാഹിബ് ആ ദിവസത്തെക്കുറിച്ച് എഴുതുന്നു:

'എനിക്ക് ഇരുപത്തിയഞ്ച് വയസ്സായിരുന്നു, നൂർ പള്ളി ഒഴികെ ഞാൻ സന്ദർശിച്ച എല്ലാ പള്ളികളും എന്നെ പിന്തിരിപ്പിക്കുകയായിരുന്നു. ഞാൻ ഉടനെ പ്രാർത്ഥനാമുറിയിൽ ചെന്ന് പ്രാർത്ഥന ആരംഭിച്ചു. പ്രാർത്ഥിക്കാനും വേണ്ടി പഠിക്കാനും മാത്രമാണ് ഞാൻ ആഗ്രഹിച്ചത്. അക്കാലത്ത് അമുസ്‌ലിംകൾക്ക് പലപ്പോഴും ഖുർആൻ സ്പർശിക്കാൻ പോലും അനുവാദമുണ്ടായിരുന്നില്ല. ഇതായിരുന്നു ഞാൻ നേരിട്ട പ്രഥമ വെല്ലുവിളി.

അഹ്മദിയ മുസ്‌ലിംകൾ അവരുടെ പ്രാർത്ഥനകളിൽ പങ്കെടുക്കാൻ എന്നെ അനുവദിച്ചു. വലിയ വെളുത്ത തലപ്പാവും ഒഴുകുന്ന വെളുത്ത താടിയുമുള്ള ഒരു വൃദ്ധൻ പൾപ്പിറ്റിൽ(മിമ്പർ) ഐശ്യര്യത്തോടെ നിൽക്കുകയും വിദേശ ഭാഷയിൽ സംസാരിക്കുകയും ചെയ്യുന്നു. മുറി അപ്പോഴും ആളുകളെ കൊണ്ട് നിറഞ്ഞിരുന്നില്ല. എന്നെ പ്രാർത്ഥനയിൽ നിന്നും പിന്തിരിപ്പിക്കുമെന്ന് ഭയന്ന് ഞാൻ നിശബ്ദമായി ഇരുന്നു. ഈ വിശിഷ്ടവ്യക്തിയുടെ വ്യക്തിത്വത്തെക്കുറിച്ചും അദ്ദേഹം സംസാരിക്കുന്ന ഭാഷയെക്കുറിച്ചും ഞാൻ അത്ഭുതപ്പെട്ടു. പെട്ടെന്ന്, അദ്ദേഹം നിശബ്ദനായി, ഒരു നിമിഷം, പൾപ്പിറ്റിന് പിന്നിൽ അപ്രത്യക്ഷനായതായി തോന്നി. എന്താണ് സംഭവിക്കുന്നതെന്ന് അറിയാനുള്ള എന്റെ ആകാംക്ഷ വർദ്ധിച്ചു. അദ്ദേഹം വീണ്ടും എഴുന്നേറ്റപ്പോൾ, അദ്ദേഹം എന്നെ നേരിട്ട് നോക്കി, അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്ന് ശക്തവും തിളക്കമാർന്നതുമായ ഒരു പ്രകാശം പ്രസരിക്കുന്നത് ഞാൻ കണ്ടു. ഞാൻ അന്ധനായി. പ്രാർത്ഥന ആരംഭിക്കുന്നത് വരെ എനിക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല. മുഴുവൻ അനുഭവവും അതുല്യവും അമ്പരപ്പിക്കുന്നതുമായിരുന്നു. പിന്നീട്, അത് ജുമുഅ ആണെന്ന് ഞാൻ മനസ്സിലാക്കി, പൾപ്പിറ്റിലെ വിശുദ്ധൻ ഹദ്റത്ത് മിർസ നാസിർ അഹ്മദ്, ഖലീഫത്തുൽ മസീഹ് മൂന്നാമൻ ആയിരുന്നു. ഞാൻ ഇസ്‌ലാം സ്വീകരിച്ചു. ഖലീഫ എനിക്ക് ഹിദാഅയത്തുല്ല എന്ന

[illegible] യത് ഭഅല്ലാഹുവിലേക്ക് നയിക്കുന്നയാൾ'.(The Search of truth)

ആളുകൾ വിവിധ കാരണങ്ങളാൽ വ്യത്യസ്ത രീതികളിൽ അഹ്മദിയ്യാ സമൂഹത്തിൽ ചേരുന്നു, ഈ കാരണം അല്ലെങ്കിൽ രീതി അവരുടെ ജീവിതത്തിലുടനീളം അവരുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു. ബുദ്ധിപരമായ വാദപ്രതിവാദങ്ങൾ കൊണ്ടോ ആരുടെയെങ്കിലും പ്രസംഗങ്ങൾ കൊണ്ടോ അല്ല ഹിദായത്തുള്ള സാഹിബ് അഹ്മദിയത്ത് സ്വീകരിച്ചത്. മറിച്ച് അല്ലാഹുവുമായുള്ള ബന്ധത്തെയും പ്രാർത്ഥനയെയും വിശ്വാസത്തെയും കുറിച്ചുള്ള ഗ്രാഹ്യത്തിന്റെ സവിശേഷമായ രീതിയിൽ രൂപപ്പെടുത്തിയ ആത്മീയ അനുഭവങ്ങളിലൂടെയാണ് ഹബ്ഷ് സാഹിബ് അഹ്മദിയ്യാ സമൂഹത്തിൽ ചേർന്നത്.

1970 ജൂലൈയിൽ ഹിദായത്തുള്ള സാഹിബ് ബൈഅത്ത് സ്വീകരിക്കുകയും ആ ദിവസം മുതൽ അദ്ദേഹം തന്റെ ജീവിതത്തിൽ ഒരു പുതിയ അധ്യായം ആരംഭിക്കുകയും ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമനുമായുള്ള അനുഗ്രഹീത കൂടിക്കാഴ്ച ഖിലാഫത്തിനോട് അദ്ദേഹം വളർത്തിയെടുത്ത സ്നേഹത്തിന്റെ അടിത്തറയായി മാറി. പിന്നീടുള്ള ജീവിതത്തിൽ ഒരു ഇമാമായി പള്ളിയെ സേവിക്കാൻ അദ്ദേഹത്തിന് ബഹുമതി ലഭിച്ചു. ജമാത്തിനോടുള്ള ഭക്തി

ഹിദായത്തുല്ല ഹബ്ഷ് സാഹിബ് തന്റെ ജീവിതം ഇസ്ലാമിനായി സമർപ്പിച്ചുകൊണ്ട് തന്റെ ജീവിതം പൂർണ്ണമായും മാറ്റി. അദ്ദേഹം തന്റെ സുഹൃത്തുക്കളിൽ നിന്ന് അകന്ന് ജമാഅത്തിനായി 'Der Weg Mohammeds' (മുഹമ്മദിന്റെ മാർക്ഷം), `Prophezeiungen des Islam` (ഇസ്ലാമിന്റെ പ്രവചനങ്ങൾ), Fanatische Krieger im Namen Allahs (അല്ലാഹുവിന്റെ നാമത്തിൽ മതഭ്രാന്തന്മാരായ പടയാളികൾ) മുതലായ പുസ്തകങ്ങളും നിരവധി ലേഖനങ്ങളും അദ്ദേഹം രചിച്ചു. ക്ലാസിക്കൽ ഇസ്ലാമിക ഗ്രന്ഥമായ തദ്കിറത്ത് അൽ-ഔലിയ ജർമ്മൻ ഭാഷയിലേക്ക് അദ്ദേഹം വിവർത്തനം ചെയ്യുകയും ചെയ്തു

ജർമ്മൻ ജമാഅത്തിലെ ഒരു പ്രധാന സ്തംഭമായിരുന്നു ഹിദയത്തുല്ല സാഹിബ്. ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കാൻ അദ്ദേഹം തന്റെ മുഴുവൻ സമയവും ചെലവഴിച്ചു. 1990 മുതൽ, അഹ്മദിയ മുസ്ലിം ജമാത്തിന്റെ പ്രസിദ്ധീകരണ സ്ഥാപനമായ 'ദേർ ഇസ്ലാമിന്റെ' ഡയറക്ടറായി സേവനമനുഷ്ഠിച്ച ഹബ്ഷ് സാഹിബ് ജർമ്മനിയിലെ അഹ്മദിയ മുസ്ലിം ജമാത്തിന്റെ വാക്താവായി പ്രവർത്തിച്ചു. മതാന്തര സംവാദങ്ങൾക്കായി സ്വയം സമർപ്പിക്കപ്പെട്ട അദ്ദേഹം ജർമ്മനിയിലുടനീളം സഞ്ചരിച്ച് ജമാഅത്തിന്റെ അദ്ധ്യാപനങ്ങളെ കുറിച്ച് പ്രഭാഷണങ്ങൾ നടത്തി. ജർമ്മനിയിലെ ഏറ്റവും പ്രശസ്തമായ ദേശീയ പത്രങ്ങളിലൊന്നായ ഫ്രാങ്ക്ഫർട്ടർ ഓൾജെമൈൻ സൈറ്റുങ്ങിന് (Frankfurter Allgemeine Zeitung.) അദ്ദേഹം നിരന്തരം എഴുതുമായിരുന്നു.

1991-ൽ ഹിദായത്തുല്ല സാഹിബ് 'യാത്രകൾക്ക് സമയമില്ല' (Keine Zeit für Trips ) എന്ന പേരിൽ തന്റെ ആത്മകഥ എഴുതി. അദ്ദേഹത്തി





ന്റെ ആത്മീയാനുഭവങ്ങളെ പറ്റി ജർമ്മൻ ഗ്രാമ്യഭാഷയിലെഴുതിയ അനുഭവമായിരുന്നു അത്. തന്റെ ഭൂതകാലം, താൻ നേരിട്ട ആശയക്കുഴപ്പം, ഇസ്‌ലാമിലേക്ക് തന്നെ നയിച്ച പ്രകാശത്തിന്റെ ദർശനം എന്നിവ അദ്ദേഹം ശ്രദ്ധേയമായ രീതിയിൽ അതിൽ വിവരിച്ചു. നിരവധി മഹത്തായ ഗുണങ്ങൾ സ്വായത്തമാക്കിയ വ്യക്തിയായിരുന്നു അദ്ദേഹം, അത് അദ്ദേഹത്തെ ഇസ്‌ലാമിന്റെ മഹാനായ സേവകനാക്കി മാറ്റി. ആരെങ്കിലും ഇസ്‌ലാമിനെ ആക്രമിക്കുന്നതുവരെ താഴ്മയും ശാന്തതയുമുള്ള ഒരു മനുഷ്യനായാണ് അദ്ദേഹത്തെ കാണാൻ കഴിയുക. പക്ഷേ ആരെങ്കിലും ഇസ്‌ലാമിനെ അനാവശ്യവും നിന്ദ്യവുമായി അക്രമിക്കുമ്പോൾ രൂക്ഷമായി ഇസ്‌ലാമിനെ അദ്ദേഹം പ്രതിരോധിക്കുമായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഈ സമർപ്പണത്തിന്റെ തെളിവാണ്.

ഹിദായത്തുല്ല ഹബ്ഷ് സാഹിബ് ഖാദിയനിലേക്കും റബ്‌വയിലേക്കും യാത്ര ചെയ്യുകയും ഈ പുണ്യസ്ഥലങ്ങളെ സ്നേഹിക്കുകയും ചെയ്തു. കൗതുകം തോന്നിയ അദ്ദേഹം ഖാദിയാനിലേക്ക് മാറാൻ തീരുമാനിച്ചു. തന്റെ യഥാർത്ഥ ജീവിതോദ്ദേശം കണ്ടെത്തിയതായി തോന്നിയതിനാൽ അപരിചിതമായ ഭാഷപോലും അദ്ദേഹത്തെ തടഞ്ഞില്ല. അദ്ദേഹം ഖാദിയാനിൽ താമസമാരംഭിച്ചു. അഹ്മദിയ മുസ്‌ലിം ജമാഅത്തിലെ വിശുദ്ധ സ്ഥാപകരുടെ ജന്മസ്ഥലമായതിനാൽ ഖാദിയാന് എല്ലായ്പ്പോഴും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനമുണ്ടായിരുന്നു. ഇസ്‌ലാമിനെക്കുറിച്ചുള്ള യഥാർത്ഥ അദ്ധ്യാപനങ്ങൾ നേടാൻ ഖാദിയാൻ സന്ദർശിച്ചാൽ മതി എന്ന് അദ്ദേഹം കരുതി. അഹ്മദിയത്തിലേക്ക് പ്രവേശിച്ച ഓരോ പുതുമുഖത്തെയും കണ്ടാൽ ഖാദിയൻ സന്ദർശിക്കാൻ അദ്ദേഹം ശുപാർശ ചെയ്തു. 1977 ൽ ജർമ്മനിയിലെ അഹ്മദിയ മുസ്‌ലിം ജമാഅത്തിലെ ഇപ്പോഴത്തെ അമീറായ അബ്ദുല്ല ഉവെ വാഗിഷൌസർ സാഹിബ് ഖാദിയാനിലെത്തുകയും ഹിദായത്തുല്ല സാഹിബിനെ കാണുകയും ചെയ്തു. ജർമ്മൻകാരായ അവരുടെ വീടുകൾ തമ്മിൽ ആയിരം മൈൽ അകൽച്ചയുണ്ടായിരുന്നു. പക്ഷേ അവർ ഒരുമിച്ച്, ഇസ്‌ലാമിന് വേണ്ടി പ്രചാരണത്തിലേർപ്പെട്ടു. തബ്‌ലീഗിന്റെ അവർ എന്നും മുൻപന്തിയിലായിരുന്നു.

ജർമ്മനിയിലേക്ക് മടങ്ങിയ. ഹിദായത്തുല്ലാ സാഹിബിന്റെ യുവതലമുറയെക്കുറിച്ചുള്ള ധാരണ സവിശേഷമായ ഒന്നായിരുന്നു. ചെറുപ്പക്കാർ മാത്രമല്ല, പുതുതായി മതപരിവർത്തനം ചെയ്തവരെല്ലാം അദ്ദേഹം സഹായിച്ചിരുന്നു. ജൽസ സലാനയിലും ഇജ്തിമയിലും അക്കാദമിക് തലത്തിൽ പ്രഭാഷണം നടത്തുന്ന ഒരു സമുന്നതനായ വാഗ്മിയായിരുന്നു ഹബ്ശ് സാഹിബ്. ജാമിയ അഹ്മദിയ ജർമ്മനിയിൽ ജർമ്മൻ പഠിപ്പിക്കുന്ന അദ്ധ്യാപകനുമായിരുന്നു അദ്ദേഹം. തന്റെ ഇസ്‌ലാമിനെ കുറിച്ചുള്ള അറിവ് പുസ്തകങ്ങളിലൂടെ കൈമാറുകയും നിരവധി ആളുകൾ ഈ പുസ്തകങ്ങൾ വായിക്കുകയും ഇസ്‌ലാം അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്തു. അല്ലാഹുവിന്റെ കാരുണ്യത്താൽ, അദ്ദേഹം നിരവധി പുസ്തകങ്ങളും ലേഖനങ്ങളും എഴുതി, അത് അഹമദിയ്യാ സൈറ്റുകളിൽ കാണാം.

### ഖിലാഫത്തുമായുള്ള ബന്ധം

ഹദ്റത്ത് മിർസ നാസിർ അഹ്മദ്, ഖലീഫത്തുൽ മസീഹ് മൂന്നാമനുമായി ഹിദായത്തുല്ല സാഹിബിന് വലിയ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. ഖലീഫത്തുൽ

മസീഹ് നാലാമനുമായി ഫ്രാങ്ക് ഫർട്ടിൽ വെച്ച് പലതവണ കണ്ട് മുട്ടിയതിനാൽ ഹദ്റത്ത് മിർസ ത്വാഹിർ അഹ്മദ്, ഖലീഫത്തുൽ മസീഹ് റാബി ഹിദായത്തുല്ല സാഹിബിനെ തന്റെ ഖിലാഫ ത്തിന് മുമ്പ് അറിയാമായിരുന്നു. അദ്ദേഹവുമായി അടുത്ത ബന്ധം പുലർത്തുകയും ചെയ്തിരുന്നു.

ഹദ്റത്ത് മിർസ ത്വാഹിർ അഹ് മദ് പതിവായി ജർമ്മനി സന്ദർശി ക്കുമായിരുന്നു. അദ്ദേഹം ചോ ദ്യോത്തര സെഷൻ നടത്തുമ്പോ ഴെല്ലാം, ഹിദായത്തുല്ലാ സാഹിബി ന് വിവർത്തകനാകാനുള്ള പദ വിയും ബഹുമാനവും ഉണ്ടായി രുന്നു. വിവർത്തനം ചെയ്യുമ്പോൾ, മുമ്പ് ആരിലും കണ്ടിട്ടില്ലാത്ത ഒരു വൈദഗ്ദ്ധ്യം അദ്ദേഹം പ്ര കടിപ്പിച്ചിരുന്നു. ഹദ്റത്ത് മിർസ താഹിർ അഹ്മദ് ചിലപ്പോൾ പ തിനഞ്ച് മിനിറ്റിലധികം സംസാ രിക്കുകയും അത് നിർത്തി ഹിദാ യത്തുല്ല സാഹിബിനോട് വിവർ ത്തനം ചെയ്യാൻ പറയാൻ ചില പ്പോൾ മറന്നുപോകുകയും ചെയ്യും. അതിശയകരമെന്നു പറയട്ടെ, ഹിദാ യത്തുല്ല സാഹിബ് ഉടൻ ത ന്നെ യാതൊന്നും വിട്ടുപോകാ തെ വിവർത്തനം ചെയ്യാൻ തുട ങ്ങും. ഇത് ശ്രോതാക്കളെ അത്ഭു തപ്പെടുത്തി, കാരണം ദൈർഘ്യ മേറിയ പ്രസംഗമായിരുന്നിട്ടും അ ദ്ദേഹത്തിന്റെ പരിഭാഷ കൃത്യ മായിരിക്കും. ഹിദായത്തുല്ല സാ ഹിബ് എല്ലായ്പ്പോഴും താഴ്മയു ള്ളവനായിരുന്നു. അദ്ദേഹം ഒരി ക്കലും അദ്ദേഹത്തിൽ പ്രകടനാ ത്മകത കണ്ടിരുന്നില്ല. എല്ലായ് പ്പോഴും അദ്ദേഹം പിന്നണിയി ലായിരിക്കും പ്രവർത്തിക്കുക. പ്ര ധാന ശ്രദ്ധാകേന്ദ്രമാകാൻ ഒരി ക്കലും ആഗ്രഹിച്ചില്ല.

2003ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബി ദിവംഗതനായി. ഇത് ഹിദായത്തുല്ല സാഹിബിനെ യും മുഴുവൻ ജമാഅത്തിനെയും അങ്ങേയറ്റം വേദനയിലാഴ്ത്തി. അഞ്ചാം ഖലീഫയുടെ തിരഞ്ഞെ ടുപ്പിനുള്ള തിരഞ്ഞെടുപ്പ് ബോർ ഡിൽ ഹിദായത്തുല്ല സാഹിബും ഉണ്ടായിരുന്നു.

### വിയോഗവും ഹുസൂറിന്റെ അനുസ്മരണ സന്ദേശവും

2011 ജനുവരി 4ന് ഹൃദയാഘാ തത്തെ തുടർന്ന് ഹിദായത്തുല്ല ഹബ്ഷ് സാഹിബ് വീട്ടിൽ വെ ച്ച് അന്തരിച്ചു. ജമാഅത്തിലെ അം ഗങ്ങളെ വിവരമറിയിച്ച ഉടൻ തന്നെ എല്ലാ ഭാഗത്തുനിന്നും ദുഃഖവും അനുശോചനവും പ്രവ ഹിച്ചു. ഫ്രാങ്ക്ഫർട്ടിലെ സുഡ്ഫ്രീ ഡ്ഹോഫിൽ നടന്ന ജനാസയിൽ ചടങ്ങുകളിൽ സമീപത്തുനിന്നും ദൂരെനിന്നും വന്ന നിരവധി ആ ളുകൾ പങ്കെടുത്തു. മയ്യത്ത് സംസ് ക്കാര ചടങ്ങിൽ പങ്കെടുക്കാൻ ലണ്ടനിലെ അഡീഷണൽ വക്കീൽ -ഉത്-തബ്ഷിർ ബഹുമാനപ്പെട്ട അബ്ദുൾ മാജിദ് ത്വാഹിർ സാഹി ബിനെ ഹുസൂർ തന്റെ പ്രതിനി ധിയായി അയച്ചു, അദ്ദേഹമാണ് ജനാസ സംസ്ക്കരണ ചടങ്ങുകൾ ക്കും പ്രാർത്ഥനകൾക്കും നേതൃത്വം നൽകിയത്. 2011 ജനുവരി 7 ന്, വെള്ളിയാഴ്ച ഖുതുബ പ്രഭാഷ ണത്തിനിടെ, ഖ്ലീഫാതിരുമനസ്സ് ഹിദായത്തുല്ല ഹബ്ഷ് സാഹി ബിനെ നന്ദിയോടെ പരാമർശിച്ചു: 'ഹുദായത്തുല്ല ഹബ്ഷ് സാഹിബ് ലളിതവും ആത്മാർത്ഥതയുള്ള വ്യക്തിയായിരുന്നു. ദൈവത്തി ലുള്ള വിശ്വാസത്തിൽ അദ്ദേഹം ഉന്നത സ്ഥാനീയനായിരുന്നു. വിശ്വ സ്തത, സ്നേഹം, ആത്മാർത്ഥത എന്നിവയിൽ അദ്ദേഹം മികവ് പുലർത്തി. അദ്ദേഹം ഖിലാഫ ത്തിനെ സ്നേഹിക്കുകയും അഭി പ്രായവ്യത്യാസങ്ങൾ ഒരിക്കലും അദ്ദേഹത്തിൽ നിന്ന് ഉണ്ടാകാ തിരിക്കുകയും ചെയ്തു. അദ്ദേഹം സുബഹി നമസ്ക്കാരങ്ങൾ കൃത്യ മായി നടത്തിയിരുന്നു. അദ്ദേഹം എന്നെ തന്റെ വീട്ടിലേക്ക് ക്ഷണി ക്കുകയും തന്റെ ലൈബ്രറി കാണി ക്കുകയുമുണ്ടായി. ഞാൻ അദ്ദേ ഹത്തെ സന്ദർശിക്കുന്നതിൽ അ ദ്ദേഹം ആവേശഭരിതനായിരുന്നു. അദ്ദേഹം ഒരു തികഞ്ഞ പ ണ്ഡിതനായിരുന്നു. പതിനാറ് പത്ര ങ്ങൾ അദ്ദേഹത്തിന്റെ മരണവാർ ത്ത പ്രസിദ്ധീകരിച്ചു. അദ്ദേഹ ത്തിന്റെ മരണത്തിൽ മതകാര്യ മന്ത്രി അഭിപ്രായപ്പെട്ടത് 'ജർമൻ അഹ്മദികൾ അദ്ദേഹത്തിന്റെ പാത പിന്തുടർന്നുകൊണ്ട് ഇസ് ലാമിന്റെ മേന്മ വിശദീകരിക്കേ ണ്ടവരാണെന്നാണ്.'

സർവ്വശക്തനായ അല്ലാഹു ജർമ്മനിയെ അനുഗ്രഹിക്കുമെന്ന് ഹുസർ തിരുമനസ്സ് പറഞ്ഞു. ഹദ്റത്ത് മുസ്‌ലിഹെ മഊദ് ജർ മ്മനിയെ പറ്റി പറഞ്ഞത് ഓർ ക്കുകയുണ്ടായി.

'ജർമ്മനിയിലെ ജമാത്തിന് വ ലിയ പുരോഗതിയുടെ ഒരു സമ യം വരും, അത് വ്യാപിക്കും'. കൂടാതെ, ഹുസൂർ തിരുമനസ്സിന്റെ ബഹുമാന്യയായ മാതാവ് ഹദ്റത്ത് സാഹിബ്സാദി നസീറ ബീഗം ഒരു സ്വപ്നത്തിൽ ജർമ്മനിക്ക് താക്കോലുകൾ സമ്മാനിച്ചതായി കാണുകയുണ്ടായി. വാസ്തവ ത്തിൽ, ജർമ്മൻകാർ എങ്ങനെ ഇസ്‌ലാം അഹ്മദിയത്ത് സ്വീക രിച്ചു എന്നതിന് ജർമ്മനിയിലെ ജമാഅത്ത് സാക്ഷ്യം വഹി ച്ചിട്ടുണ്ട്. അതിന്റെ ഏറ്റവും വലി യ ഉദാഹരണങ്ങളിലൊന്ന് ഹിദാ യത്തുല്ല സാഹിബായിരുന്നു. സർ വ്വശക്തനായ ദൈവത്താൽ അദ്ദേഹം സ്വയം നയിക്കപ്പെടുക മാത്രമല്ല, മറ്റ് നിരവധി ജർമ്മൻ കാരെ ഇസ്‌ലാം അഹ്മദിയ്യത്തി ലേക്ക് നയിച്ചതിന്റെ ഉറവിടമാ യിരുന്നു അദ്ദേഹം. ഹിദായത്തു ല്ല സാഹിബിനെപ്പോലുള്ള മഹാ ന്മാരയ വ്യക്തിത്വങ്ങളാൽ സർ വ്വശക്തനായ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ, സർവ്വശക്ത നായ അല്ലാഹു ഹിദായത്തുല്ല ഹബ്ഷ് സാഹിബിന്റെ പദവി സ്വർഗത്തിൽ ഉയർത്തുമാരാകട്ടെ ആമീൻ.

വിവ: എ.എം (*Al Hakam 23rd August 2024* )

ലേഖനം

# വിവാദാത്മകമായ ദയാവധം

ജീവൻ എന്നത് ദൈവത്തിന്റെ പരമ പാവനമായ നിരുപാധിക ദാനമാണ്. അത് സ്വയം നശിപ്പിക്കാനോ മറ്റൊരാളാൽ നശിപ്പിക്കപ്പെടാനോ അനുവാദമില്ല. മാറാരോഗത്തിന്റെ തീരാവേദന അനുഭവിക്കുന്ന രോഗിയെ നിഷ്ക്രിയ ദയാവധത്തിനു (***Passive Euthanesia***) വിധേമാക്കുന്ന വിധി നിലവിലിരിക്കേ പതിനൊന്ന് വർഷമായി അബോധവസ്ഥയിൽ കഴിയുന്ന തന്റെ മുപ്പത് വയസ്സായ മകനെ ദയാവധത്തിന് വിധേയമാക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട സുപ്രിം കോടതിയെ സമീപിച്ച വൃദ്ധ ദമ്പതിമാരെ പരമോന്നത കോടതി ഈയ്യിടെ വിലക്കുകയും. അബോധസാവസ്ഥയിൽ കിടക്കുന്ന (***Vegitative State***) രോഗിയെ ദയാവധത്തിന് വിധേയനാക്കാൻ പറ്റുമോ എന്ന് ആധികാരികമായ അഭിപ്രായമറിയാൻ ഒരു മെഡിക്കൽ ബോർഡിനെ നിയമിക്കാൻ കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**എ.എം. മുഹമ്മദ് സലീം**

**ജീ**വന്റെ സ്രഷ്ടാവ് അല്ലാഹു വാണ്. മനുഷ്യന് ജീവൻ ദാനം ലഭിച്ചതാണ്. അങ്ങനെ ദാനം കിട്ടിയ മനുഷ്യജീവൻ സ്വയം നഷ്ടപ്പെടുത്താനോ അന്യന്ന് നശിപ്പിക്കാനോ വ്യക്തിക്കോ സമൂഹത്തിനോ അവകാശമില്ല എന്നാണ് പൊതുവേയുള്ള നീതിസങ്കൽപ്പം. കൊലപാതകം പോലെയുള്ള ഘോരകൃത്യങ്ങൾക്ക് സമൂഹത്തിന്റെ നീതിന്യായ വ്യവസ്ഥ വിധിക്കുന്ന വധശിക്ഷ മറ്റൊരു പരിപ്രേഷ്യത്തിൽ ചർച്ചചെയ്യേണ്ടത് വിഷയമാണ്. ചില അപൂർവ്വ സന്ദർഭങ്ങളിൽ കർശനവും സങ്കീർണ്ണവുമായ ഉപാധികളോടെ മനുഷ്യജീവൻ നശിപ്പിക്കാൻ നിഷ്ക്രിയ ദയാവധം (Passive Euthanasia) അനുവദിക്കുന്ന വിധികൾ ബഹുമാനപ്പെട്ട സുപ്രിം കോടതി 2011, 2018 വർഷങ്ങളിൽ പുറപ്പെടുവിച്ചതാണ്. 2023 ൽ ദയാവധത്തിന്റെ മാർക്ഷരേഖകൾ പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. റയ്ലസ് ട്യൂബ് (Ryles Tube) വയറ്റിൽ കടത്തി പോഷണം നൽകിക്കൊണ്ട് പതിനൊന്ന് വർഷമായി അബോധവസ്ഥയിൽ കഴിയുന്ന തന്റെ മുപ്പത് വയസ്സായ മകനെ ദയാവധത്തിന് വിധേയമാക്കണമെന്ന വൃദ്ധ ദമ്പതിമാരുടെ അഭ്യർത്ഥന സുപ്രിം കോടതി നിരസിച്ചു. റയലസ് ട്യൂബ് വഴിയാണ് അബോധസ്ഥയിലായ രോഗിക്ക് ഭക്ഷണവും മരുന്നും നൽകിയിരുന്നത്. ശരീരത്തിൽ നിന്നും അതിന്റെ വിഛേദനം നിഷ്ക്രിയ വധത്തിൽ പെടുകയില്ല, അത് ഭക്ഷണ നിഷേധമാണെന്നാണ്. അൻഫനെ വന്നാൽ രോഗി പട്ടിണി കിടന്നാണ് മരിക്കുക അത് അനുവദനീയമല്ല എന്നായിരുന്നു ബഹുമാനപ്പെട്ട സുപ്രിം കോടതിയുടെ കോടതിയുടെ നിരീക്ഷണം.

മനുഷ്യജീവനെ പറ്റിയുള്ള മൗലിക മതസങ്കൽപ്പങ്ങളും താത്വികവും ദാർശനികവുമായ വീക്ഷണവും ഉൾക്കൊള്ളുന്നതിനാൻ സുപ്രിം കോടതി വളരെ സുചിന്ത്യമായാണ് വിവാദാത്മകമായ ഇത്തരം വിഷയങ്ങളിൽ വിധി പറയുക. ആദരണീയമായ കോടതികൾ നിയമം വ്യാഖ്യാനിക്കുന്നവർ മാത്രമാണ്. നിയമം നിർമ്മിക്കുന്നവരല്ല. നിയമം നിർമ്മിക്കേണ്ടത് വിശ്വാസ-നൈതിക മാനങ്ങളുള്ള രാജ്യത്തെ ജനപ്രതിനിധി സഭയുടെ പാർലമെന്ററി പ്രക്രിയകളിലൂടെയാണെന്നും നാം ഓർക്കണം.

മറാരോഗങ്ങൾക്ക് (Terminal Illness) അടിമപ്പെട്ട് ജീവിതം നരകതുല്യമായി മാറുന്ന രോഗികൾക്ക് കൃത്രിമോപാധികളിലൂടെ ദുരിത ജീവിതം വലിച്ചു നീട്ടികൊണ്ടു പോകുന്നത് വ്യക്തിക്ക് സ്വയം വേണ്ടെന്ന് വെച്ചുകൂടേ എന്നതാണ് സുപ്രിം കോടതിക്ക് മുമ്പിലെത്തുന്ന നിയമ പ്രശ്നം. കർശനവും വ്യവസ്ഥാപിതവുമായ ചില ഉപാധികൾ പാലിച്ചുകൊണ്ട് ഒരാൾ രേഖാമൂലം മരണതാൽപര്യ പത്രം (Living will) മുൻകൂട്ടി നൽകി ആവശ്യപ്പെട്ടാൽ അങ്ങനെ ആവാമെന്നും നമ്മുടെ ഭരണ ഘടന മൗലികമായി വാഗ്ദാനം ചെയ്യുന്ന ജീവിക്കാനുള്ള അവകാശത്തിൽ 'അന്തസ്സായ മരണം' ഉൾപ്പെടുമെന്നുമാണ് (To Live and Die with Dignity) സുപ്രിം കോടതിയുടെ അഭിപ്രായം. കോടതി വിധിയുടെ അന്തസത്ത ഒരാളെ കൊല്ലാൻ സഹായിക്കുന്നു എന്നതിനെക്കാൾ മാറാരോഗത്തിന്റെ തീരാവേദനയിൽ നിന്നുമുള്ള മോചനമാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നതെന്നും ബഹുമാനപ്പെട്ട കോടതി ഇതിന് മുമ്പ് വ്യക്തമാക്കിയിരുന്നു. യൂത്തനേഷ്യ (Euthanasia) എന്ന ഗ്രീക്ക് പദത്തിന്ന് ദയാവധം എന്നല്ല 'നല്ല മരണം' എന്നാണ് അർത്ഥമെന്നും വേദനയോ കഷ്ടപ്പാടോ ഇല്ലാതെയുള്ള സുഖമരണം എന്നാണ് അതിന്റെ അർത്ഥമെന്നും ജഡ്ജിമാർ സൂചിപ്പിച്ചു.

### ദയാവധം വീക്ഷണ വ്യത്യാസങ്ങൾ

ദയാവധത്തിന്ന് വിവിധ രാജ്യങ്ങൾ വ്യത്യസ്ത സമീപനങ്ങളും




നിർവ്വചനങ്ങളുമാണ് നൽകിയിരിക്കുന്നത്. ബ്രിട്ടീഷ് വൈദ്യശാസ്ത്ര നൈതിക നിർവ്വചനമനുസരിച്ച് ഒരിക്കലും ശമിക്കില്ലെന്ന് പൂർണ്ണബോദ്ധ്യമുള്ള ജീവന്റെ ആതുരാവസ്ഥയിൽ നിന്നും മോചിപ്പിക്കാനുള്ള ഇടപെടൽ ആണ് ദയാവധം. നെതർലാഡ്സ്, ബെൽജിയം മുതലായ കുറേകൂടി ഭൗതികോന്മുഖരായ യൂറോപ്യൻ രാജ്യങ്ങളുടെ അഭിപ്രായത്തിൽ രോഗിയുടെ അപേക്ഷ പ്രകാരം ഡോക്ടർ അവസാനിപ്പിക്കുന്ന ജീവിതം എന്നാണ് ദയാവധത്തെ ലളിതമായി നിർവ്വചിച്ചിരിക്കുന്നത്. അതായത് 'അപേക്ഷ പ്രകാരമുള്ള സഹായാധിഷ്ഠിത ആത്മഹത്യയും ജീവൻ അവസാനിപ്പിക്കലും' (Assisted suicide and termination of life on request.) എന്നാണ് യൂറോപ്യൻ നിർവ്വചനം. യു എസ്സിലെ നിയമം യൂറോപ്പിനെ അപേക്ഷിച്ച് താരതമ്യേന കുറേകൂടി കർശനമാണ് സ്വയം ദയാവധത്തിന്ന് ശ്രമിക്കുന്നവരെ ആത്മഹത്യാ കുറ്റത്തിന്നും സഹായിക്കുന്നവർക്ക് കൊലകുറ്റത്തിന്നും കേസെടുക്കുന്നതാണ് അവിടുത്തെ പല സംസ്ഥാനത്തെയും നിയമം. ചില സംസ്ഥാനങ്ങൾ യൂത്തനേഷ്യ അംഗീകരിച്ചിട്ടുണ്ട്.

**ദയാവധം രണ്ട് വിധം**

ദയാവധം മുഖ്യമായും രണ്ടായി തരം തിരിക്കാം. സകർമകമായ ദയാവധം(Active Euthenesia) നിഷ്ക്രിയ ദയാവധം (Passive Euthanesia) എന്നിങ്ങനെയാണ് ഈ തരം തിരിവ്. രോഗി ഉണർച്ചയിലാണെങ്കിലും അബോധാവസ്ഥയിൽ കഴിയുന്ന ആതുരാവസ്ഥയെയാണ് Persistent Vegetative State (PVS) എന്ന് പറയുന്നത് ഈ അവസ്ഥയിൽ ഉപകരണങ്ങളുടെയോ മരുന്നുകളുടെ സഹായത്തോടെ നിലനിൽക്കുന്ന ജീവൻ വലിച്ചു നീട്ടികൊണ്ടു പോകാതെ, രോഗിയുടെ പൂർവ്വ സമ്മതത്തോടെ ഉപകരണങ്ങളുടെയും മറ്റുഉപാധികളുടെയും വിഛേദനം കൊണ്ട് രോഗിക്കുണ്ടാകുന്ന മരണത്തെയാണ് പാസ്സീവ് യൂത്തനേഷ്യ എന്ന് പറയുന്നത്. ആക്ടീവ് ദയാവധം കുടുതൻ മനുഷ്യത്വ വിരുദ്ധവും ക്രൂരവുമാണ്. രോഗി സ്വബോധത്തോടെ സ്വന്തം സമ്മതത്തോടെയും ഡോക്ടറുടെ സഹായം തേടിക്കൊണ്ട് മാരകമായ വിഷം കുത്തിവെച്ചോ ഉറക്കഗുളികയോ മറ്റുവല്ല മരുന്നു കഴിച്ചോ രോഗാവസ്ഥയിൽ നിന്നും മരണം മുഖേന മോചനം നേടുന്നതിനെയാണ് ആക്റ്റീവ് യൂത്തനേഷ്യ എന്ന് പറയുന്നത്. നെതർലഡ്സ്, ബൽജിയം, ലക്സ്ംബർക്ഷ് എന്നീ യൂറോപ്യൻ രാജ്യങ്ങളിലൊഴിച്ച് ആക്ടീവ് യൂത്തനേഷ്യ അംഗീകരിച്ചിട്ടില്ല. യൂത്തനേഷ്യ അംഗീകരിച്ച രാജ്യങ്ങളിലെല്ലാം അത് ആക്ടീവ് യൂത്തനേഷ്യയായാലും പാസ്സീവ് യൂത്തനേഷ്യയായാലും രോഗിയുടെ സമ്മതത്തോടെയുള്ള Voluntary Euthanasiaയാണ് അംഗീകരിച്ചിട്ടുള്ളത്. രോഗിയുടെ സമ്മതമില്ലാതെ Nonvoluntary Euthanasia എല്ലാ രാജ്യങ്ങളിലും നിരോധിച്ചതാണ്. അത് കൊലപാതകമാണ്.

**ലിവിംങ്ങ് വിൽ**

ബഹുമാനപ്പെട്ട സുപ്രിംകോടതി പാസ്സീവ് ദയാവധമാണ് കർശനമായ ഉപാധികളോടെ അംഗീകരിച്ചത്. ജീവൻ രക്ഷായന്ത്രങ്ങളുടെയും മരുന്നുകളുടെയും സഹായത്തോടെ ജീവൻ വലി

ച്ചുനീട്ടി നിലനിർത്തുന്ന രോഗാവസ്ഥയെയും ചികിത്സയേയും ഫിലമെന്റ് ഇല്ലാത്ത ഒരു ബൾബ് കത്തിക്കാൻ ശ്രമിക്കുന്നത് പോലെ എന്നാണ് വിധി പറഞ്ഞ സുപ്രീം ജഡ്ജിമാർ വിശേഷിപ്പിച്ചത്. മസ്തിഷ്ക്കത്തിന്റെ പ്രവർത്തനം നിലച്ചതിനാൽ പേരിന്ന് മാത്രം ജീവൻ നിലനിൽക്കുകയും മരണം നിഴൽപോലെ പുറകെ നിൽക്കുകയും ഒരിക്കലും മാർക്ഷ നിർദേശങ്ങളും ഇല്ലാത്തതിനാൽ കോടതി അനുഛേദം 142 പ്രകാരം പാർലമെന്റ് ഇക്കാര്യത്തിൽ ഒരു സമ്പൂർണ്ണ നിയമം കൊണ്ട് വരുന്നത് വരെ കോടതി നിർദ്ദേശങ്ങൾ നിയമപരമായി തുടരുമെന്നും സുപ്രീംകോടതി വിധിയിലുണ്ട്.

**സ്വയംമരണം മതങ്ങളിൽ**

ഹിന്ദു ക്രിസ്ത്യൻ ഇസ്ലാം ജൂത ബൗദ്ധ ജൈന മതങ്ങളടക്കം എല്ലാ മതങ്ങളും ജീവൻ ദൈവദത്തമാണെന്നും അത് യാതൊരു വിധത്തിലും നശിപ്പിക്കാൻ മനുഷ്യന്ന് അനുവാദമില്ലെന്നും പൊതുവായി വാദിക്കുന്നുണ്ടെങ്കിലും സ്വയം ജീവൻ നശിപ്പിക്കുന്ന ചില ആത്മബലി സമ്പ്രദായങ്ങളും ആചാരങ്ങളും പല മതങ്ങളിലും കാണാവുന്നതാണ്. ക്രിസ്തുമതത്തിൽ ക്രിസ്തുവിന്റെ ക്രൂശീകരണം ഒരു ആത്മ ബലിയാണെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. മനുഷ്യരുടെ പാപം ഏറ്റെടുത്ത് കൊണ്ട് ക്രിസ്തു സ്വയം അറിഞ്ഞു നടത്തിയ ജീവനാശമാണ് ക്രൂശീകരണം എന്നാണ് ക്രിസ്തീയ വിശ്വാസം. ഭർത്താവ് മരിച്ചാൽ ചിതയിൽ ചാടി ആത്മഹത്യചെയ്യുന്ന സതി സമ്പ്രദായം മറ്റൊരു ആത്മബലിയാണ്. പ്രാചീന ഗ്രീസിൽ ശിക്ഷ വിധിക്കപ്പെട്ട കുറ്റവാളികൾ സ്വയം ജീവനൊടുക്കാൻ നിയമം അനുവദിച്ചിരുന്നു. ജപ്പാനിൽ നിലനിന്നിരുന്ന വളരെ (കു)പ്രസിദ്ധമായ ആത്മാഹുതീ സമ്പ്രദായമാണ് ഹരാകീരി (Hara-kiri) സ്വന്തം വയർ കുത്തിക്കീറി ജീവിതം അവസാനിപ്പിക്കുന്ന രീതിയാണ് ഇത്. ക്ഷേത്രങ്ങളിലാണ് ഇത് അരങ്ങേറിയത്. ജൈന സന്യാസിമാർ അനുഷ്ഠിക്കുന്നതും പുണ്യമാണെന്ന് കരുതുന്നതുമായ ഒരു കർമ്മമാണ് നിർവ്വാണം. ഭക്ഷണ മുപേക്ഷിച്ചു കൊണ്ട് സംസാര ജീവിതത്തിൽ നിന്ന് മോക്ഷം നേടുകയാണ് ജൈന സന്യാസിമാർ ചെയ്യുന്നത് എന്നാണ് വിശ്വാസം. സ്വന്തം ഇഛപ്രകാരം ജീവൻ ഉപേക്ഷിക്കുന്ന യൂത്തനേഷ്യ അനുവദിക്കുന്ന സുപ്രീം കോടതി വിധിയുടെ ചൈതന്യം ഉൾക്കൊണ്ട് മതങ്ങളിലെ സ്വജീവ ഹനന സമ്പ്രദായങ്ങളെല്ലാം നിയമപരമായി സാധൂകരിക്കപ്പെടുമോ എന്ന് ആശങ്കപ്പെടാനും സാദ്ധ്യതയുണ്ട്. അതുപോലെ മരണം വരെ ഉപവാസ മനുഷ്ഠിക്കും എന്ന് കട്ടായം പറഞ്ഞ് ഉപവസിക്കുന്ന രാഷ്ട്രീയക്കാരെ അറസ്റ്റ് ചെയ്ത് ബലമായി ആഹാരം കഴിപ്പിക്കുന്നതും ഇല്ലാതാവുമോ?

ആത്മഹത്യയും ചികിത്സവേണ്ടെന്ന് വെച്ച് ജീവൻ വെടിയുന്നതിനെയും ഇസ്ലാം ഒരിക്കലും അംഗീകരിക്കുന്നില്ല. മനുഷ്യ ജീവൻ പരിപാവനമാണെന്നാണ് ഇസ്ലാമിന്റെ സങ്കൽപ്പം. ഖുർആൻ പറയുന്നു: **'അല്ലാഹു പാവനമാക്കിയ ജീവനെ നിയമാനുസൃതമായിട്ടല്ലാതെ വധിക്കരുത്.'** (അൻആം 6:152) ഒരാളെ അകാരണമായി വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചത് പോലെയാകുന്നു. (അൽ മാഇദ 5:33) **നിങ്ങൾ നിങ്ങളെ തന്നെ വധിക്കരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയേറെ കരുണയുള്ളവനാണ്** (അൽ മാഇദ 5:30)

**ദയാവധം ജീവന്റെ അന്തസ്സ് വർധിപ്പിക്കുമോ?**

ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ ഉന്നത നീതിബോധമുള്ള പണ്ഡിതന്മാരായ നിയമജ്ഞന്മാർ യുത്തനേഷ്യയുടെ വിധിയിൽ രേഖപ്പെടുത്തിയ സുചിന്ത്യമായ അഭിപ്രായങ്ങൾ മനുഷ്യദു:ഖങ്ങൾക്കും വേദനകൾക്കും അറുതി വരുത്താനും ജീവിതം സുഖപ്രദമക്കാനുമുള്ള ആത്മാർത്ഥമായ അഭിലാഷത്തിന്റെ പ്രകടനമാണെന്നതിൽ സംശയമില്ല. മനുഷ്യന്ന് പ്രകൃതി അനുവദിക്കുന്ന സ്വഭാവിക മരണം നൽകാതെ കൃത്രിമ മാർക്ഷങ്ങളിലൂടെ ജീവൻ നീട്ടിവലിച്ചുകൊണ്ടുപോകുന്നതിന മതങ്ങളും അനുകൂലിക്കുമെന്നു തോന്നുന്നില്ല. രോഗം മൂലം താൻ ജീവഛ്വമായി മാറുന്ന ഒരവസ്ഥ വരുകയാണെങ്കിൽ തന്നെ കൊന്നുകളയണമെന്ന് ആരോഗ്യാവസരത്തിൽ അല്ലെങ്കിൽ ബോധമുള്ളപ്പോൾ സമ്മതപത്രം ഒസിയത്തായി എഴുതിവെക്കണം എന്ന സുപ്രീം കോടതി വിധിയിലെ നിർദ്ദേശങ്ങളോട് മതങ്ങൾ യോജിക്കുമെന്ന് തോന്നുന്നില്ല. അങ്ങനെ മുൻകൂറായി സ്വന്തം ജീവൻ നശിപ്പിക്കാൻ ഒസിയത്ത് ചെയ്യുന്നത് അയുക്തികവും അനുചിതവും അശുഭാപ്തി വിശ്വാസവുമല്ലേ? സുപ്രീം കോടതി വിധിയിൽ പറഞ്ഞ സ്വന്തം ശരീരത്തിന്മേലുള്ള വ്യക്തിയുടെ Self Determination and Autonomy ആത്മനാശത്തിന്ന് ഉപയോഗിക്കുന്നത് മൗലികാവകാശത്തിന്ന് പറഞ്ഞ ജീവസുരക്ഷാ വകുപ്പിന്ന് വിരുദ്ധമല്ലേ?

രോഗത്താൽ മനുഷ്യൻ എത്ര തന്നെ പീഡിതനാണെങ്കിലും ജീവൻ സ്വയം ഉപേക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതി നിയമപരമായ അനുമതി നൽകുന്നത് കോടതി അവകാശപ്പെടുന്നത് പോലെ മനുഷ്യ ജീവന്റെ അന്തസ്സിന്റെയും പരിപാവനത്വത്തിന്റെയും ഗുണനിലവാരം ഉയർത്തുന്നുണ്ടോ എന്ന കാര്യം യു



ക്തിപരമായും നൈതികമായും ധാർമികമായും ശരിയാണെന്ന് തോന്നുന്നില്ല. ഒരുപക്ഷേ കോടതിവിധിയിലൂടെ അത്തരം ഒരു കൃത്രിമ നൈതികത. സൃഷ്ടിക്കപ്പെടുകയും, അത് പിന്നീട് ധാർമികമാണെന്ന് (കുറ്റകരമല്ല) വ്യഖ്യാനിക്കപ്പെടുകയും ചെയ്തേക്കാം. ദയാവധത്തിന്ന് നിയമപരമായ അനുവാദം നൽകുമ്പോൾ ഒരു ഘട്ടത്തിൽ മനുഷ്യജീവൻ സ്വയം നശിപ്പിക്കാനോ അന്യന്ന് നശിപ്പിക്കാനോ അനുവാദമുണ്ട് എന്ന സന്ദേശമാണ് നൽകപ്പെടുന്നത്. അത് മനുഷ്യജീവന്റെ പാവന സങ്കൽപത്തിന്ന് വിരുദ്ധമല്ലേ? മനുഷ്യന്റെ ജീവനും ജീവിതവും സുഖദുഃഖങ്ങളിലൂടെയും സങ്കട- സന്തോഷങ്ങളിലൂടെയും ബോധത്തിലൂടെയും അബോധത്തിലൂടെയും കടന്നു പോകുന്ന പ്രതിഭാസമാണ്. എല്ലാ അവസ്ഥാന്തരങ്ങളിലും മനുഷ്യൻ പാലിക്കുന്ന സംയമനവും സഹനതയുമാണ് മനുഷ്യമഹത്വത്തിന്റേയും മനുഷ്യജീവന്റെ അന്തസ്സിന്റെയും അടിസ്ഥാനം. പരമ്പരാഗതമായി വ്യക്തിയും സമൂഹവും അംഗീകരിക്കുന്ന ഈ ജീവിതവീക്ഷണമല്ലേ മനുഷ്യന്റെ അന്തസ്സ് വർദ്ധിപ്പിക്കുക? തനിക്ക് അഭിമുഖീകരിക്കാൻ കഴിയാത്ത ജീവിത സന്ദർഭം വരുമ്പോൾ ജീവിതം അവസാനിപ്പിച്ചുകളയാൻ മുൻകൂട്ടി തീരുമാനിക്കാൻ അനുവദിക്കുന്ന സുപ്രിം കോടതി വിധികൾ ഒരു നിഷേധാത്മക നീതി സങ്കൽപ്പത്തിന്ന് പ്രേരണയാവില്ലേ?

### അവശ രോഗികൾ വധാർഹരോ?

വൃദ്ധന്മാരോടും രോഗികളോടും വ്യക്തികളും ആധുനിക കുടുംബങ്ങളും സമൂഹവും കാണിക്കുന്ന അവഗണ ഇന്ന് ഏറെ വിമർശിക്കപ്പെടുകയാണ്. ധാർമികതയുടെയും കുടുംബമൂല്യങ്ങളുടെയും ഏറ്റവും വലിയ അപചയമായി ഇത് ചൂണ്ടികാണിക്കപ്പെടുന്നു. വൃദ്ധരോടും അവശരോഗികളോടും കാണിക്കുന്ന അവഗണനയുടെ പ്രതിഫലനം ഇത്തരം ദയവധഅനുകൂല വിധിയിലുണ്ടോ എന്ന് സംശയം ജനിപ്പിക്കുന്നു എന്ന് പറഞ്ഞാൽ അതിനെ കുറ്റപ്പെടുത്താനാവുമോ? വൃദ്ധ പരിചരണം പലർക്കും ഇന്നൊരു ഭാരമാണ്. രോഗിക്ക് തങ്ങളുടെ വേദനയിൽ നിന്നും ദുരിതത്തിൽ നിന്നുമുള്ള മോചനം എന്നതിലുപരി വൃദ്ധനും അവശനുമായ താൻ മറ്റുള്ളവർക്ക് ഒരു ഭാരമായി തീരുന്നു എന്ന തോന്നലാണ് സ്വയം ദയാവധം തിരഞ്ഞെടുക്കുന്നതിന്ന് ആളുകളെ പ്രേരിപ്പിക്കാൻ സാദ്ധ്യതയുള്ള ഒരു ഘടകം.

തമിഴ്നാട്ടിലെ വിരുദു നഗർ, മധുര, തേനി ജില്ലകളിലെ ചില ഗ്രാമങ്ങളിൽ രഹസ്യവും ദുരുഹവുമായി ഇന്നും തുടരുന്ന ആരെയും ഞെട്ടിപ്പിക്കുന്ന ഒരു പഴയ ആചാരമുണ്ട് 'തലൈകൂത്തൽ' എന്നാണ് അതറിയപ്പെടുന്നത്. മക്കളും ബന്ധുക്കളും ചേർന്ന് വൃദ്ധരായ മനുഷ്യരെ ആചാര സഹിതം കൊല്ലുന്ന സമ്പ്രദായമാണത്. അത്യന്തം ക്രൂരവും നീചവുമായ ഈ പരമ്പരാഗത ആചാരം. ഇന്ത്യയിൽ നിരോധിച്ചതാണെങ്കിലും അതിന്റെ സാമൂഹിക സ്വീകാര്യത കൊണ്ടും ബന്ധുക്കളാണ് ഈ വധകൃത്യം ചെയ്യുന്നത് എന്നത് കൊണ്ടും വാർത്തകൾ പുറത്തവരാറില്ല. ബന്ധുക്കളുടെ വധശ്രമത്തിൽ നിന്നും രക്ഷപ്പെട്ട ഒരുപാവം വൃദ്ധന്റെ കഥ മാധ്യമങ്ങൾ പുറത്ത്കൊണ്ട് വന്നിട്ടുണ്ട്. (The Hindu March 20, 2010) മാതൃഭൂമിയിൽ ഇത് സംബന്ധിച്ച് ഇതിന് മുമ്പ് ഒരു ലേഖന പരമ്പരയും വന്നിരുന്നു. അങ്ങേയറ്റം മനുഷ്യത്വവിരുദ്ധമായ തമിഴ്നാട്ടിലെ തലൈകൂത്തലും ഒരു തരത്തിലുള്ള ദയാവധമല്ലേ?

ജീവചൈതന്യവും ബോധവും തിരിച്ചു വരാത്ത അവസ്ഥയിൽ മാന്യതയോടെ മരിക്കാനുള്ള മനുഷ്യന്റെ അവകാശം മൗലികാവകാശമാണെന്നാണ് ബഹുമാനപ്പെട്ട

സുപ്രിം കോടതി ദയാവധ അനുകൂല വിധികളിൽ പറയുന്നത്. ദയാവധത്തിന്റെ നൈതികവും നിയമപരവുമായ വശങ്ങൾ മറ്റ് രാജ്യങ്ങളുടെ നിലപാടുകൾ, ലോ കമ്മീഷൻ റിപ്പോർട്ട്, അന്താരാഷ്ട്ര കരാറുകൾ, മനുഷ്യവകാശ നിയമങ്ങൾ എന്നിവയെല്ലാം ഇക്കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ട്.

യൂത്തനേഷ്യക്കുള്ള ലിവിംങ്ങ് വിൽ എഴുതിയ വ്യക്തിക്ക് എപ്പോൾ വേണമെങ്കിലും ആ വിൽ പത്രം റദ്ദാക്കാം പക്ഷേ അവശനിലയിലോ അബോധാവസ്ഥയിലോ ആയ രോഗി വിദഗ്ദ ചികിയിലൂടെ ജീവിതത്തിലേക്ക് തിരിച്ചു വരാൻ സാദ്ധ്യതയുണ്ടെങ്കിലും ബന്ധുക്കളായവർക്ക് അലംബാവമോ നിക്ഷിപ്തതാൽപര്യങ്ങളോ ഉണ്ടെങ്കിൽ അത് രോഗിയുടെ ജീവന്ന് ഭീഷണിയായേക്കാം .പ്രത്യേകിച്ച് സമ്പന്നനാണെങ്കിൽ. വിധിയിൽ ഒരിടത്ത് അതിന്റെ സാധ്യതകളും അതിന്നുള്ള പരിഹാരങ്ങളും ചൂണ്ടിക്കാട്ടുന്നുണ്ട്.

**രോഗം വ്യക്തി ദുരന്തമല്ല**

രോഗം എന്നത് ഒരു വ്യക്തി ദുരന്തമായി മാത്രം കാണുന്ന പ്രവണത തീർചയായും നാം മാറ്റേണ്ടതുണ്ട്. ഒരാൾ രോഗിയാവുന്നത് വ്യക്തിക്കുണ്ടാകുന്ന ദുരന്തമായി കണ്ട് സമൂഹം ഒഴിഞ്ഞ് നിൽക്കുന്നത് ശരിയല്ല. രോഗമുണ്ടാകുന്നത് സമൂഹത്തിന്റെ കുറ്റംകൊണ്ടു കൂടിയാണ് എന്ന ബോധം ഉണ്ടാവണം. അതാണ് ഉന്നതമായ സാമൂഹിക വീക്ഷണം. വ്യക്തി രോഗിയാവുന്നത് പലപ്പോഴും രോഗ സംക്രമണം മൂലമാണ്. സാമൂഹിക ശുചിത്വവും സമൂഹത്തിൽ നിന്നുമുള്ള പോഷണ ദാരിദ്രവും അതുപോലെ ചികിത്സയുടെ അഭാവവും അതിന്ന് കാരണമാവാം. അതെല്ലാം സമൂഹത്തിന്റെ കൂടി കുറ്റമാണ്. രോഗചികിത്സയിലുണ്ടാകുന്ന ദുസ്സഹമായ ചിലവ് സഹിക്കാൻ ഒരു സമ്പന്നന്ന് പോലും സാദ്ധ്യമല്ലാത്ത സാമൂഹികാവസ്ഥ ഇന്ന് നിലനിൽക്കുന്നു. രോഗചികിത്സാരംഗം ജീവകാരുണ്യപരമായ ഒരു മേഖലയായി മാറേണ്ടതിന്ന് പകരം ജീവന്ന് വില പേശി പണം കൊയ്യുന്ന ചൂഷണ വ്യവസായമായി മാറിയിരിക്കുകയാണ്. ചികിത്സിച്ചു കടക്കാരനായി മരിക്കുന്നതിനേക്കാൾ ഭേദം ചികിത്സിക്കാതെ മരിക്കുന്നതാണെന്ന് രോഗി ചിന്തിക്കുന്നതിൽ അത്ഭുതമില്ല. രോഗി മരണം തിരഞ്ഞെടുക്കുന്നതിൽ ബന്ധുക്കൾക്കും അതുപോലെ സമൂഹത്തിന്നും തീർച്ചയായും ഒരു പങ്കുണ്ട്.

വൈദ്യശാസ്ത്രവും സമൂഹവും ഏറ്റവും കൂടുതൽ ശ്രദ്ധയും സേവനവുമർപ്പിക്കേണ്ട രംഗമാണ് പാലിയേറ്റീവ് കെയർ (Palliative care) അഥവാ സാന്ത്വന ചികിത്സ. രോഗപീഢയാൽ ദയാവധം കാത്തു കഴിയുന്നവർക്ക് സാന്ത്വന ചികിത്സയുടെ തൂവൽസ്പർശത്താൽ അകാല മരണം വരിക്കാനുള്ള അവരുടെ ആഗ്രഹം തന്നെ ഇല്ലാതാക്കാനും അവരുടെ ഒസ്യത്ത് മാറ്റിയെഴുതാനും സാധ്യമാണ്. അവശതയിലേക്ക് വീണുപോവുന്ന രോഗിയെ പരിചരിക്കാനും സാന്ത്വനിപ്പിക്കാനും ബന്ധുക്കളെപ്പോലെ തന്നെ സമൂഹവും ഭരണകൂടവും തികഞ്ഞ പ്രതിബദ്ധതയോടെ തയ്യാറാകേണ്ടതുണ്ട്. വൈദ്യശാസ്ത്രത്തിന്റെ സകല ശ്രദ്ധയും ആ രംഗത്തേക്ക് തിരിച്ചു വിടണം തീരാ വേദനയിൽ നിന്നുമുള്ള മോചനം ജീവിക്കാനുള്ള മൗലികാവകാശത്തിന്റെ ഭാഗമാക്കി മാറ്റണം.

മനുഷ്യന്ന് എത്രന്നെ ഇഛാശക്തിയുണ്ടെങ്കിലും അവന്റെ ജൈവികവും ശാരീരികവുമായ പ്രവർത്തനങ്ങൾ ബഹുഭൂരിപക്ഷവും മനുഷ്യന്റെ നിയന്ത്രണത്തിന്നതീതമാണ്. അതുകൊണ്ട് എത്ര രോഗബാധിതനായാലും പ്രകൃതി മനുഷ്യന്ന് നൽകുന്ന സ്വാഭാവിക അന്ത്യം മനുഷ്യന്റെ അന്തസ്സാർന്ന അന്ത്യമായി കരുതുന്നതാണ് ശരിയായ കാഴ്ചപ്പാട്. അന്തസ്സാർന്ന ജീവിതം എന്നത് കേവലം വേദനയിൽ നിന്നുള്ള മോചനമാണ് എന്ന നിരീക്ഷണം നാം തിരുത്തണം. വേദന അസഹനീയമാവുമ്പോൾ മനുഷ്യന്ന് ബോധക്ഷമുണ്ടാകുന്നു. പ്രാഥമികമായി ശരീരത്തിൽ തന്നെ വേദന അതി വർത്തിക്കാനുള്ള മെക്കാനിസമുണ്ട്. കൂടാതെ വേദനാ സംഹാരികളോട് പ്രതികരിച്ച് വേദന ഇല്ലാതാക്കുന്ന ഘടനയാണ് ശരീരത്തിന്നുള്ളത് തീർച്ചയായും ശാരീരിക വേദനയില്ലാതാക്കാനുള്ള ചികിത്സാ സമ്പ്രദായം ഇനിയും മുന്നേറി രോഗിക്ക് കൂടുതൽ ആശ്വാസം നൽകേണ്ടതുണ്ട്. വേദന എന്നത് കഠോരമായ അനുഭവമാണ് എന്നത് ശരിതന്നെ പക്ഷേ അത് നാനാവിധ പ്രയോജനങ്ങളുള്ള പ്രകൃതിയുടെ ഒരു ശാരീരിക സംവിധാനം കൂടിയാണ്. അതിൽ പ്രസനവേദന പോലെയുള്ളവയും മനുഷ്യന്ന് അപായ സൂചനങ്ങൾ നൽകുന്നവയുമുണ്ട്. ഏതായാലും വേദനയിലും സഹനയിലും ഗുണങ്ങളും ഗുണപാഠങ്ങളും മുണ്ട്. അത് മനുഷ്യന്ന് ശാക്തികരണം നൽകാൻ കൂടിയുള്ളതാണ് എന്നതാണ് ശരിയായ കാഴ്ചപ്പാട്.

**രോഗശമനത്തിലെ അപ്രവചനീയത**

രോഗശമനം പലപ്പോഴും അത്യന്തം വിചിത്രവും യാദൃശ്ചികവും ആകസ്മികവും അപ്രവചനീയവുമാണ്. ഒരോ വ്യക്തിക്കും അത്തരം അനിഷേധ്യമായ അനുഭവങ്ങളുണ്ട്. വിദഗ്ദന്മാർ മുതൽ സാധാരണക്കാർ വരെയുള്ളവരുടെ അനുഭവ യാഥാർത്ഥ്യമാണിത്. പോസ്മോർട്ടം മുറിയിൽ നെറ്റിയിൽ ചുറ്റിക അടിക്കുമ്പോൾ വരെ ആളുകൾ ജീവനോടെ എഴുന്നേറ്റുവന്ന വാർത്തകൾ നാം വായിച്ചതാണ്. അത്ര

മാത്രം അനിശ്ചിതത്വവും അപ്രവചനീയതയും അത്ഭുതങ്ങളും രോഗശമനത്തിലും രോഗചികിത്സയുടെ ചരിത്രത്തിലുമുണ്ട്.

വിശ്വപ്രശസ്തനായ കോസ്മോളജിസ്റ്റ് സ്റ്റീഫൻ ഹോക്കിൻസ് അന്തരിച്ചത്. അദ്ദേഹത്തിന്റെ ജീവിതവും മരണവും ബഹുമാനപ്പെട്ട സുപ്രിം കോടതിയുടെ ദയാവധത്തെ സംബന്ധിച്ച പല അഭിപ്രായങ്ങളേയും പ്രത്യക്ഷമായും പരോക്ഷമായും ചോദ്യം ചെയ്യുന്നതാണ്. 21-ാം വയസ്സിൽ യുവാവായിരിക്കെ നാഡീകോശങ്ങളെ തകർക്കുന്ന മോട്ടേർ ന്യൂറോൺ രോഗം പിടിപെട്ട അദ്ദേഹം രണ്ട് വർഷത്തിനകം ജീവിക്കില്ല എന്ന് ഡോക്ടർമാർ വിധിയെഴുതിയതാണ്. അത്ഭുതകരമായ പ്രതിഭാശേഷിയോടെ സുദീർഘമായ 55 വർഷം അദ്ദേഹം പിന്നേയും ജീവിച്ചു. 76-ാമത്തെ വയസ്സിലാണ് അന്തരിച്ചത്. അതിനിടക്ക് 1985 ൽ സ്റ്റീഫൻ ഹോക്കിൻസിന്ന് സ്വിറ്റ്സർലാന്റിൽ വെച്ച് അണുബാധയുണ്ടായി മരണത്തിന്റെ വക്കിലെത്തിയിരുന്നു. അദ്ദേഹത്തിന്റെ ജീവൻ യന്ത്രസഹായത്തോടെയായി. യന്ത്രസംവിധാനത്തിന്റെ പ്രവർത്തനം നിർത്തി വേണമെങ്കിൽ അദ്ദേഹത്തിന്ന് ദയാവധത്തിന്ന് വിധേയമാക്കാമെന്ന് ഡോക്ടർമാർ അന്ന് അഭിപ്രായപ്പെട്ടിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ഭാര്യ ജെയിൻ അതിന്ന് സമ്മതിച്ചില്ല. അവർ അവിടെ നിന്നും ഹോക്കിൻസിനെ ഡിസ്ചാർജ്ജ് ചെയ്ത് കാംബ്രിഡ്ജിലേക്ക് കൊണ്ടു വരികയാണ് ചെയ്തത്. യൂത്തനേഷ്യയിൽ നിന്നും രക്ഷപ്പെട്ട ആ മഹാപ്രതിഭ 33 വർഷം വീണ്ടും ജീവിച്ചു. പിന്നീടാണ് A Brief History of Time എന്ന പ്രഖ്യാതമായ പുസ്തകവും മറ്റുപുസ്തകങ്ങളും അദ്ദേഹം എഴുതുകയും ഉജ്ജ്വമായ അകാദമിക് ജീവിതം നയിക്കുകയും ചെയ്തത്. സുപ്രിം കോടതിയുടെ യൂത്തനേഷ്യ നിയമ നിർദ്ദേശത്തിൽ പറയുന്ന ഡോക്ടർമാരുടെ വിദഗ്ദാഭിപ്രായത്തിന്റെ സ്ഥിതിയാണിത്. എല്ലാവരാലും അറിയപ്പെടുന്ന ലോക പ്രശസ്തനായ സ്റ്റീഫൻ ഹോക്കിൻസിന്റെ രോഗത്തെകുറിച്ച് ഒരു വികസിത രാജ്യത്തെ ഡോക്ടമാർ നടത്തിയ വിദഗ്ദാഭിപ്രായം ഇങ്ങനെയാണെങ്കിൽ സാധാരണക്കാരന്റെ ജീവനെ സംബന്ധിച്ച് മൂന്നാം ലോകരാജ്യത്തെ ഡോക്ടർമാർ പറയുന്ന അഭിപ്രായങ്ങൾ അവസാനവാക്കായി എടുക്കാൻ പറ്റുമോ?

മരണത്തെ സംബന്ധിച്ച വൈദ്യശാസ്ത്ര നിർവ്വചനങ്ങൾ കാലാകാലങ്ങളിൽ മാറിവരുന്നത് നമുക്ക് കാണാം. രോഗിയുടെ മരണാസന്നാവസ്ഥയെക്കുറിച്ച് സുപ്രിം കോടതി ഉപയോഗിച്ച വൈദ്യശാസ്ത്ര സാങ്കേതിക പദം Persistent Vegetative State 'അബോധാവസ്ഥ' എന്നാണ്. ഈ അവസ്ഥയിൽ ഒരാഴ്ച്ച രോഗി നിൽക്കുന്നതിനെയാണ് മെഡിക്കൽ സയിൻസ് PVS എന്ന് വിശേഷിപ്പിക്കുന്നത്. ഇത് സ്ഥിരമായി നിലനിൽക്കുകയാണെങ്കിൽ അതിനെ Permanent Vegetative State എന്നും വിളിക്കുന്നു. ഇത്തരം മെഡിക്കോ-ലീഗൽ സാങ്കേതിക പദങ്ങളുടെ നിർവ്വചനങ്ങൾ തന്നെ വിവിധ നാടുകളും വ്യത്യസ്തമാണ്. മാത്രമല്ല കുതികൊള്ളുന്ന വൈദ്യശാസ്ത്രം നിരന്തരം ചികിത്സാ സമ്പ്രദായങ്ങൾ പരിഷ്ക്കരിച്ച് കൊണ്ട് രോഗിക്ക് സമാശ്വസം നൽകാൻ പ്രതിജ്ഞാബദ്ധവുമാണ്. ഏതവസ്ഥയിലും രോഗിക്ക് ആത്മവിശ്വാസം നൽകി ക്ഷണഭംഗുരമായ മനുഷ്യജീവിതം വിജയകരമായി സഭാവിക സമാപ്തിയിലെത്തിക്കാൻ വ്യക്തികളും സമൂഹവും കൂട്ടായി ശ്രമിക്കേണ്ടതുണ്ട്. ദയാവധത്തിന്ന് പാർലമെന്റ് ഇനി നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. നമ്മുടെ സംസ്കാരത്തിന്റെ ഉദാത്തമായ മാനവീയ വീക്ഷണങ്ങളും സങ്കൽപ്പങ്ങളും ദയാവധത്തെക്കുറിച്ചുള്ള നിയമനിർമാണത്തിൽ പ്രതിഫലിക്കുമോ? അല്ലെങ്കിൽ അത് വെറും പാശ്ചാത്യ അനുകരണമായി മാറുമോ?

വിധിയിൽ സുപ്രധാനമായ ഒന്നാണ് Living will (സജീവമായ ഒസ്യത്ത്) എന്നാണ് പേരെങ്കിലും അത് ഒരു മരണ താൽപര്യ ഒസ്യത്താണ്. പ്രായപൂർത്തിയായ ഒരാൾ ശാരീരികവും മാനസികവുമായി തികച്ചും ആരോഗ്യമുള്ള അവസരത്തിൽ തനിക്ക് ഭാവിയിലുണ്ടാകുന്ന ആതുരാവസ്ഥയിൽ ലഭിക്കേണ്ട ചികിത്സയെ പറ്റി മുൻകൂട്ടി നൽകുന്ന നിർദേശങ്ങളടങ്ങിയ ഒസ്യത്തിന്നാണ് Living will എന്ന് പറയുന്നത്. സാധാരണ ഒസ്യത്ത് മരണ ശേഷമാണ് നടപ്പാക്കുക എന്നാൽ ലിവിംങ്ങ് വിൽ ജീവിച്ചിരിക്കുമ്പോൾ അതായത് അയാൾ ജീവഛവമായി മാറിക്കഴിഞ്ഞാൽ നടപ്പാക്കുന്ന ഒന്നാണ്. ജീവൻ രക്ഷാ ഉപകരണങ്ങളുടെ സഹായവും ചികിത്സയും വേണ്ടെന്ന് വെച്ച് ദയാവധം വരിക്കാനുള്ള അവകാശത്തിന്റെ ഭാഗമായാണ് ലിവിംങ്ങ് വിൽ മുൻകൂറായി എഴുതണമെന്ന് സുപ്രിം കോടതി വിധിയിൽ നിർദ്ദേശിച്ചത്. ലിവിംങ്ങ് വിൽ എന്ന് വിളിക്കപ്പെടുന്ന ഈ മുൻകൂർ നിർദ്ദേശങ്ങളടങ്ങിയ സാക്ഷ്യപത്രം ഒരു രേഖയായി സൂക്ഷിക്കപ്പെടണം. അത്തരം ഒരു വിൽ പത്രത്തിൽ തന്റെ ആഗ്രഹം നടപ്പാക്കാനായി ഒരു രക്ഷകർത്താവിനെയോ അടുത്ത ബന്ധുവിനേയോ ചുമതലപ്പെടുത്തേണ്ടതുണ്ട്. സാക്ഷികൾ ഒപ്പിടുന്നതിന്ന് പുറമേ ഒരു ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ഈ സാക്ഷ്യ പത്രം സാക്ഷ്യപ്പെടുത്തണം. ആ വിൽ പത്രം മജിസ്ട്രേറ്റിന്റെ ഓഫീസിൽ സൂക്ഷിച്ചിരിക്കണം. അതിന്റെ ഒരു കോ

ശേഷം പേജ് 38 ൽ



# ഇസ്റയേലിന്റെ ലെബനാൻ യുദ്ധം

ഒരു വർഷത്തെ ഹമാസിനെ തിരെയുള്ള യുദ്ധത്തിന് ശേഷം ഇസ്റയേൽ അതിന്റെ യുദ്ധ ലക്ഷ്യം ലെബനോനിലെ ഹിസ് ബുല്ലയിലേക്ക് തിരിച്ചിരിക്കയാണ്. അതിനിടെ 2024 ഒക്ടോബർ 1 ന് ഇറാൻ ടെൽഅവീവിനെയും ജെറുസലേമിനേയും ലക്ഷ്യംവെച്ച് 181 മിസൈലുകൾ തൊടുത്ത് വിടുകയുണ്ടായി. ഇറാൻ മുൻ പ്രസിഡണ്ട് ഇബ്രാഹിം റയീസി, ഹമാസ് നേതാവ് ഇസ്മായിൽ ഹനി എന്നിവരെ ഇറാനിൽ വെച്ചും ഹിസ് ബുല്ലാ മേധാവി ഹസ്സൻ നസറുല്ലയെ ലെബനോനിൽ വെച്ചും വധിച്ചതിനും ഇറാന്റെ നിരവധി നേതാക്കന്മാരെയും ശാസ്ത്രജ്ഞന്മാരെയും വധിച്ചതിനുള്ള തിരിച്ചടിയാണ് ഇറാൻ നടത്തിയത്. ഇറാന്റെ ഈ ആക്രമണം ഇസ്റയേലിൽ ഒരു മിലിറ്ററി കമാന്ററടക്കം 8 പേർ കൊല്ലപ്പെട്ടു എന്ന് ഇസ്റയേൽ തന്നെ ഔദ്യോഗികമായി അറിയിച്ചു. മറ്റു നാശങ്ങൾ എത്രയാണെന്ന് ഇത് വരെ അറിഞ്ഞിട്ടില്ല. ഇസ്റയേൽ ഇപ്പോഴത്തെ ഇറാൻ അക്രമണത്തിന് തയ്യാറെടുക്കുകയാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ് ഏപ്രിലിൽ 14 ന് ഡമാസ്ക്കസിലെ ഇറാൻ കോൺസുലേറ്റിനെ ഇസ്റയേൽ അക്രമണത്തിൽ ഉന്നത ഇറാനിയൻ സൈനിക മേധാവിയടക്കം 14 പേരാണ് കൊല്ലപ്പെട്ടത്. ഇത്പോലെ ഇറാൻ ഡ്രോണുകളും മിസൈലുകളും ഉപയോഗിച്ച് ഇസ്റയേലിനെ നേരിട്ട് പ്രത്യാക്രമണം നടത്തി. ഇസ്റായേലിൽ നിന്ന് അതിന് പ്രതികരണമുണ്ടായിട്ടില്ല. ഇസ്റയേലും അമേരിക്കയും കൂടി ഇറാനെതിരെ പ്രത്യാക്രമണം നടത്തിയാൽ യുദ്ധഗതി എന്താവുമെന്ന് പ്രവചിക്കാൻ വയ്യ. വൻ ശക്തി രാജ്യങ്ങൾ ഈ യുദ്ധങ്ങളിൽ നേരിട്ട് കക്ഷി ചേർന്നെങ്കിൽ യുദ്ധ ചിത്രം മാറും. രാഷ്ട്രീയവും വാണിജ്യപരവുമായ ബന്ധങ്ങൾക്ക് പുറമെ ഇറാൻ റഷ്യയും ചൈനയുമായി ഭൂമിശാസ്ത്രപരമായി അടുത്തു നിൽക്കുന്ന രാജ്യമാണ്. ഇറാനെ അമേരിക്കയും ഇസ്റയേലും ചേർന്ന് ആക്രമിക്കുമ്പോൾ അതുണ്ടാക്കുന്ന പ്രതികരണവും പ്രത്യാഘാതം കണ്ടറിയണം.

അമേരിക്കയിൽ നവമ്പറിൽ ഇലക്ഷൻ നടക്കുന്നതിനാൽ ധനികരായ അമേരിക്കൻ യഹൂദരുടെ ഫണ്ട് ലഭ്യമാക്കാൻ ഹിസുബുള്ളക്കെതിരെയുള്ള ആക്രമണത്തിന് അഭിനന്ദിച്ചും ഇറാന്റെ മിസൈൽ ടെലവീവ് ആക്രമണങ്ങളെ അപലപിച്ചും ഇസ്റയേലിന് പിന്തുണയുമായി റിപ്പബ്ളിക്കൻ പാർട്ടിയും ഡെമോക്രാറ്റുകളും തമ്മിൽ മത്സരം തന്നെ നടക്കുകയാണ്. പക്ഷേ വലിയൊരു വിഭാഗം അമേരിക്കക്കാർ പ്രത്യേകിച്ചും യുവജനങ്ങളും വിദ്യാർത്ഥികളും ഇസ്റയേൽ നടത്തുന്ന ആക്രമണങ്ങൾക്കും അതിന് അമേരിക്ക കൊടുക്കുന്ന പിന്തുണക്കുമെതിരെ പ്രതിഷേധിക്കുന്നവരും ഫലസ്തീനികളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നവരുമാണ്.

ഇസ്യേലിന്റെ ലെബനാൻ അക്രമണത്തിലേക്ക് വരാം. വടക്കും കിഴക്കും സിറിയയും തെക്ക് ഇസ്റയേലും പടിഞ്ഞാറ് മധ്യധരണ്യാഴിയും വലയം ചെയ്തു നിൽക്കുന്ന 55 ലക്ഷം ജനങ്ങളുള്ള ഒരു കൊച്ചു രാജ്യമാണ് ലെബനാൻ. ഇസ്റയേലികൾക്ക് യഹോവ വാഗ്ദാനം ചെയ്ത ഭൂമിയിൽ പെട്ടതാണ് ലെബനാൻ. ആ ലെബനാനിലേക്കാൻ അവർ ഇപ്പോൾ കരയുദ്ധം ആരംഭിച്ചിരിക്കുന്നത്. ഇറാൻ പിന്തുണയോടെ ലെബനാൻ രാഷ്ട്രീയത്തിൽ നല്ല സ്വാധീനമുള്ള ഷിയാക്കളുടെ ഒരു സൈനിക- രാഷ്ട്രീയ സംഘടനയായ ഹിസ്ബുല്ലയാണ് ഇസ്റയേലിന്റെ മുഖ്യ എതിരാളി. ലോകം മുഴുവനും നിസ്സംഗതയോടെ നോക്കി നിൽക്കെ കുട്ടികളും സ്ത്രീകളുമടക്കം നിരപരാധികളും നിസ്സഹായരുമായ ആയിരക്കണക്കിന് മനുഷ്യരെയും ഹിസ്ബുല്ലയുടെ ഏറ്റവും സമുന്നത നേതാവായ ഹസൻ നസറുല്ലയെയും മറ്റു കമാന്റർമാരെയും വധിച്ചു കൊണ്ടാണ് അമേരിക്കയുടെ പിന്തുണയോടെ

വംശീയ ഉന്മൂലനം അവർ നടപ്പാക്കി കൊണ്ടിരിക്കുന്നത്. ഗസ്സയിൽ യുദ്ധം തുടരുകയും ചെയ്യുന്നു.

### വാഗ്ദത്ത ഭൂമിക്ക് വേണ്ടിയുള്ള യുദ്ധം

ഈ കൂട്ടക്കൊലകളുടെയും വംശഹത്യയുടെയും യഥാർത്ഥ കാരണവും യഹോവ യഹൂദർക്ക് കൊടുത്ത ഒരു വാഗ്ദാനവും പ്രചോദനവുമടങ്ങിയ ബൈബിൾ വചനമാണ്. അതായത് ഭൂമിയിൽ തന്റെ ഇഷ്ടജനമായ യഹൂദർക്ക് യഹോവ വാഗ്ദാനം നൽകിയ ഭൂമിയിൽ ഫലസ്തീനികൾ കയറി പാർത്തു എന്നതാണ് അവർ ചെയ്ത കുറ്റം. ഏകദേശം മൂവായിരത്തി അഞ്ഞൂറു വർഷം മുമ്പ് യഹൂദർ കാനാൻ ദേശം എന്നറിയപ്പെട്ടിരുന്ന ഫലസ്തീനിൽ കാലുകുത്തുന്നതിനു മുമ്പ് പാർത്തു വരുന്നവരാണ് ഫലസ്തീനികളുടെ പൂർവ്വ പിതാക്കൾ. ചരിത്രത്തിന്റെ പല സന്ദർഭങ്ങളിലും രാഷ്ട്രീയവും മതപരവുമായ കാരണങ്ങളാൽ യഹൂദർ പലസ്തീൻ വിട്ടു പ്രവാസികളായി പോയപ്പോയും ഫലസ്തീനികൾ ആ മണ്ണിൽ തന്നെ ജീവിച്ചു. ആ ഭൂമിയാണ് യഹോവ തങ്ങൾക്ക് തന്നതാണെന്ന അവകാശവാദം യഹൂദർ ഉയർത്തുന്നത്. വംശീയമായ ബൈബിൾ മിത്തിന്റെ പിൻബലത്തിൽ യഹൂദർ അവിടെ ആയിരക്കണക്കിന് വർഷങ്ങളായി പാർത്തു വരുന്ന ഫലസ്തീനികളെ പുറത്താക്കി 1948 ൽ യഹൂദ രാഷ്ട്രം സ്ഥാപിക്കുന്നത്. ആ ബൈബിൾ വചനം ഇപ്രകാരമാണ്. **'അന്നു കർത്താവ് അബ്രഹാമിനോട് ഒരു ഉടമ്പടി ഉണ്ടാക്കി പറഞ്ഞു: 'ഞാൻ നിന്റെ സന്തതികൾക്കായി ഈജിപ്തിലെ നദി മുതൽ മഹാനദിയായ യൂഫ്രട്ടീസ് നദി വരെയുള്ള ദേശം തരുന്നു-കേനിയർ, കെനീസിയർ, കദ്മേനിയർ, ഹിത്തിയർ പെരിസിയർ, രെഫായീമിയർ, അമോരിയർ, കനാനിയർ ഗിർഗശിയർ യെബൂസിയർ എന്നിവരുടെ ദേശം'** (ഉൽപ്പത്തി 15: 18,19) അതുകൊണ്ട് യഹോവയുടെ ഇഷ്ടജനവും തിരഞ്ഞെടുത്ത ജനവുമായ തങ്ങൾക്ക് ദൈവം നൽകിയ ഈ ഭൂമിയിൽ ചരിത്രാതീത കാലംതൊട്ട് താമസിച്ചു വരുന്ന മേൽപറഞ്ഞ പൂർവ്വ പിതാക്കളുടെ അനന്തര തലമുറയിൽപ്പെട്ട ഫലസ്തീനികൾക്കും അറബികൾക്കും പാർക്കാൻ അവകാശമില്ല എന്നാണ് യഹൂദരുടെ വാദത്തിന്റെ കാതൽ. ഇസ്റയേൽ ഭരണകൂടം ഫലസ്തീനിൽ സ്ഥാപിച്ചതിന് ശേഷം യുദ്ധങ്ങളിലൂടെ ഇസ്റയേൽ രാജ്യം ബൈബിളിൽ പറഞ്ഞ അതിർത്തി വരെ വ്യാപിക്കാനുള്ള വികസന യുദ്ധങ്ങളാണ് ഇപ്പോൾ അവർ നടത്തിക്കൊണ്ടിരിക്കുന്നത്.

ബൈബിളിൽ ചിതറിത്തെറിച്ച യഹൂദ ജനതയെ ഭൂമിയുടെ നാലു ഭാഗത്ത് നിന്നും ഒരുമിച്ചു കൂട്ടും എന്ന് ബൈബിൾ പറയുന്നു. **'യഹൂദായുടെ ചിതറിപ്പോയവരെ ഭൂമിയുടെ നാലു മൂലയിൽ നിന്നും ഒന്നിച്ചു കൂട്ടും'** (യെശയ്യാ 11:12) **'ഏതു സ്ഥലത്ത് നിന്നും നിങ്ങളെ ഞാൻ പ്രവാസത്തിന്നയച്ചുവോ ആ സ്ഥലത്തേക്ക് തന്നെ ഞാൻ നിങ്ങളെ തിരിച്ചു കൊണ്ടു വരും'** (യിരെമ്യാ 29: 14) യുഗാന്ത്യ സംഭവങ്ങളുടെ ഭാഗമായി യഹൂദരുടെ ഫലസ്തീനിലേക്കുള്ള തിരിച്ചു വരവിനെ പറ്റി വിശുദ്ധ ഖുർആനും പറയുന്നുണ്ട്. **'അവനു ശേഷം (ഫിർഔൻ) ഇസ്റായീല്യരോട് നാം പറഞ്ഞു: നിങ്ങൾ ആ ഭൂമിയിൽ സമാധാനത്തോടെ വസിച്ചു കൊള്ളുക (സ്കുനുൽ അർള:). പിന്നീട് (ചിതറിതെറിച്ചതിഞ്ഞ് ശേഷം) ഒടുവിലത്തെ വാഗ്ദാനം പൂർത്തിയാവുന്ന സമയം ആഗതമായാൽ നാം നിങ്ങളെ ഒരുമിച്ചു കൂട്ടിക്കൊണ്ടു വരുന്നതാണ്'**(17:105) ദീർഘമായ ഇസ്റയേലി ചരിത്രം വളരെ സംക്ഷേപിച്ചു കൊണ്ടാണ് ഖുർആൻ ഇവിടെ പറയുന്നത്. ചരിത്രത്തിലുടനീളം അടിമത്വവും പീഢനവും അനുഭവിച്ച യഹൂദ ജനത ചിതറിത്തെറിച്ചതിനു ശേഷം ഒരുമിച്ചു കൂട്ടി ഒരു രാഷ്ടമായി സമാധാനത്തോടെ ജീവിക്കാനാണ് വിശുദ്ധ ഖുർആനിൽ ദൈവം അവരോട് കൽപ്പിക്കുന്നത്. പക്ഷേ പണ്ട് മർദ്ദകരയ ഭരണാധികാരികൾ അവരോട് കാണിച്ച ക്രൂരതകളും മർദ്ദനങ്ങളും പതിന്മടങ്ങ് ആവർത്തിച്ചു കൊണ്ടാണ് ഇസ്റയേൽ അവിടെ ഭരിക്കുന്നത്. വിശുദ്ധ ഖുർആൻ ശാന്തരായി ഫലസ്തീനിൽ ജീവിക്കാനാണ് യഹൂദരോട് പറഞ്ഞത്. എന്നാൽ യഹോവ ബൈബിളിൽ അവരോട് പറഞ്ഞത് മറ്റൊരു വിധത്തിലാണ്: **'നിന്നെ എതിരിടുന്ന ജനതകളിൽ സംഭ്രാന്തിയുണ്ടാക്കും, നിന്റെ എല്ലാ ശത്രുക്കളും പിന്തിരിഞ്ഞോടാൻ ഇടയാക്കും....... നീ പെരുകി രാജ്യത്തു നിറയുംവരെ പടിപടിയായി അവരെ ഞാൻ പുറന്തള്ളും നിന്റെ ദേശം ഫെലിസ്തിയരുടെ കടൽ വരെയും മരുഭൂ മുതൽ യൂഫ്രട്ടീസ് നദിവരെയും ആയിരിക്കും തദ്ദേശവാസികളെ ഞാൻ നിങ്ങളുടെ കയ്യിൽ അകപ്പെടുത്തും നീ അവരെ നിന്റെ മുമ്പിൽ നിന്നും നീക്കി കളയണം'** *(പുറപ്പട് 23: 27– 33)* നാലായിരം കൊല്ലം കഴിഞ്ഞിട്ടും ബൈബിളിലുള്ള ഈ വംശീയ വാദത്തിന്റെ സംഹാര ശേഷി വർത്തമാനകാലത്തും നാം അനുഭവിക്കുന്നു. ഇത് എത്ര ഭയാനകമാണെന്ന് ആലോചിച്ചു നോക്കൂ. ബൈബിളിലെ യഹോവയുടെ വാഗ്ദാനമനുസരിച്ച് ഇസ്റയേലിയർക്ക് ഒഴിഞ്ഞു കൊടുക്കാൻ ബാദ്ധ്യതപ്പെട്ട 6 രാജ്യങ്ങൾ ഭൂമിയിലുണ്ട്!!. ഇപ്പോൾ ആക്രമിച്ചു കൊണ്ടിരിക്കുന്ന ലെബനോൻ

കൂടാതെ സൗദി അറേബ്യയുടെയും ഇറാഖിന്റെയും ഈജിപ്തിന്റെയും ഭാഗങ്ങൾ, സിറിയ, ജോർദാൻ എന്നീ രാജ്യങ്ങൾ കൂടി അവരുടെ വാഗ്ദത്ത ഭൂമിയിലുൾപ്പെട്ടതാണ്. ബൈബിൾ വാക്യത്തെ ആധാരമാക്കി യഹൂദരും അമേരിക്കയും പാശ്ചാത്യ മാധ്യമങ്ങളും നടത്തുന്ന **'ഇസ്റയേലിന്റെ നിലനിൽപ്പിനുള്ള അവകാശം'** എന്ന ലളിതസുന്ദരമായ വാദത്തിന്റെ ഉള്ളടക്കം വംശീയവും മനുഷ്യത്വ വിരുദ്ധവുമാണ് എന്ന സത്യം നാം തിരിച്ചറിയുക.!! യഹോവ തന്റെ 'ഇഷ്ട ജനം' എന്നും 'തിരഞ്ഞെടുത്ത ജനം' എന്ന് പറഞ്ഞ് യഹൂദർക്ക് തീറെഴുതിക്കൊടുത്ത ഭൂമിയാണ് ഫലസ്തീൻ എന്നതാണ് യഹൂദരുടെ അവകാശവാദത്തിന്റെ അടിസ്ഥാനം. ഇസ്റയേലികൾ അവിടെ വരുന്നതിനു മുമ്പെ കനാൻ ദേശത്ത് ജീവിച്ചു വരുന്നവരുണ്ട് എന്ന ബൈബിൾ തന്നെ പറയുന്നു. ദൈവത്തിന്റെ രണ്ടാംകിട സൃഷ്ടികളായ ഫലസ്തീനികൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട യഹൂദ ജനതക്ക് വേണ്ടി വിശാലമായ വാഗ്ദത്ത ഭൂമി ഒഴിഞ്ഞു കൊടുക്കണം!!. അല്ലെങ്കിൽ അവർ യുദ്ധം ചെയ്ത് രാജ്യം വികസിപ്പിച്ചു കൊണ്ടേയിരിക്കും!!. ഇത്രയും പക്ഷപാതിത്വപരമായി തന്റെ സൃഷ്ടികളായ മനുഷ്യരിൽ വിവേചനം കൽപ്പിക്കുന്ന ബൈബിളിലെ ദൈവം എങ്ങനെ നീതിമാനും സാർവ്വജനീനനായ ദൈവവുമാകും!!

### ലെബനാനിലെ ഹിസ്ബുല്ലക്കെതിരെ

ഇസ്റയേൽ വംശീയ അധിനിവേശത്തിന്റെയും അവരുടെ വാഗ്ദത്ത ഭൂമിയുടെ രാജ്യവികസന യുദ്ധങ്ങളുടെയും അവസാനത്തെ ചോരപുരണ്ട എപ്പിസോഡാണ് 2024 സെപ്തംബർ 23 ാം തിയ്യതിലെ ലെബനാൻ ആക്രമണം. 2024 സെപ്തംബർ 28 ന് ഹിസ്ബുല്ലയുടെ സ്ഥാപക നേതാക്കളിൽ പെട്ടയാളും 32 വർഷക്കാലം അതിന്റെ സുപ്രീം കമാണ്ടറുമായിരുന്ന ഹസൻ നസറുല്ലയുടെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടെയും വധം ഹിസ്ബുല്ലക്കും ഇറാനും കനത്ത പ്രഹരമാണ് ഏൽപ്പിച്ചിട്ടുള്ളത്. ആയിരക്കണക്കിന് ആളുകളാണ് കൊല്ലപ്പെട്ടത്. 10 ലക്ഷത്തോളം ആളുകൾ ലെബനനിൽ ആക്രമണം ഭയന്ന് അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുകയാണ്.



ഇസ്റയേലിന്റെ വാഗ്ദത്ത ഭൂമിയുടെ ഭാഗമാണ് ലെബനാൻ. ഇസ്റയേൽ നടത്തുന്ന ഗസ്സ വെസ്റ്റ് ബാങ്ക് ബോംബാക്രമണത്തിൽ ഏകദേശം അരലക്ഷം ഫലസ്തീനികൾ കൊല്ലപ്പെട്ടു. അവരുടെ പാർപ്പിടങ്ങൾ കല്ലിന്മേൽ കല്ല് ഇല്ലാത്ത വിധം തവിടു പൊടിയാക്കി മാറ്റി. ഗസ്സ യുദ്ധത്തിന് ഒരു വർഷം പൂർത്തിയാവുമ്പോഴാണ് ഹിസ്ബുല്ലയെ നശിപ്പിക്കുമെന്ന് പറഞ്ഞുകൊണ്ട് ഇസ്റയേലിന്റെ പോർമുന ലെബനാനിലേക്ക് തിരിച്ചത്. ഹമാസിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച ഇസ്റയേലിന്റെ തൊട്ട അയൽരാജ്യമാണ് ലെബനാൻ.

എന്താണ് ഹിസ്ബുള്ള? 1979 ലെ ഇറാനിലെ ഷിയാ വിപ്ലവത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് 1982 ലാണ് ഹിസ്ബുല്ലാ (അല്ലാഹുവിന്റെ പാർട്ടി) എന്ന് പേരുള്ള സൈനിക- രാഷ്ട്രീയ പാർട്ടി ഒരു സംഘം ശിയാ മതപണ്ഡിതന്മാർ തെക്കൻ ലെബനോനിൽ രൂപീകരിച്ചത്. ശിയാ മിലീഷ്യയായ ഈ സൈനിക സംഘത്തിന് സാമ്പത്തിക സ്റോതസ്സ് ഇറാനാണ്. ലെബനോൻ രാഷ്ട്രീയത്തിൽ ഗണ്യമായ സ്വാധീനമുള്ള ഒരു രാഷ്ട്രീയ പാർട്ടി കൂടിയാണ് ഹിസ്ബുല്ല. ഇസ്റയേൽ സൈന്യത്തെ ലെബനോനിൽ നിന്നും പുറത്താക്കാനും ലെബനോനെ ഇസ്ലാമിക വത്ക്കരിക്കാനുമുള്ള ഉദ്ദേശത്തോടെയാണ് ഹിസ്ബുള്ള എന്ന സൈനിക ദളം രൂപീകരിച്ചത്. പിന്നീട് ഇസ്റയേലീ അക്രമണങ്ങൾക്കെതിരെ ഹിസ്ബുള്ള നിരന്തരം പോരാടി. 1970 മുതൽ 1990 വരെ നീണ്ടുനിന്ന ലെബനോനിലെ ആഭ്യന്തര യുദ്ധത്തിൽ ഹിസ്ബുല്ല രൂപികരിച്ചതിന് ശേഷം സജീവമായിപങ്കെടുത്തു.

1948 ഇസ്റയേൽ രൂപീകരണത്തിന് ശേഷം സ്വന്തം ജന്മഭൂമിയിൽ നിന്നും ആട്ടിയോടിക്കപ്പെട്ട അഭയാർത്ഥികളായ 91 ദശലക്ഷം ഫലസ്തീനികൾ ചുറ്റുമുള്ള ലെബനോൻ, സിറിയ ജോർദാൻ, ഗസ്സ, വെസ്റ്റ് ബാങ്ക്, മുതലായ രാജ്യങ്ങളിലെ അഭയാർത്ഥി ക്യാമ്പുകളിലാണ് കഴിയുന്നത്. 1982 ജൂൺ 6 നാണ് ൽ ഇസ്റയേൽ ലെബനാൻ കടന്നുകയറുകയുണ്ടായി. 1982 സെപ്തംമ്പർ 16 മുതൽ 18 വരെയുള്ള ദിനങ്ങളിൽ ലെബനാനിലെ ശാബ്റ, ശാത്തില ഫലസ്തീൻ അഭയാർത്ഥി ക്യാമ്പിൽ ഇസ്റയേൽ സൈനിക ഭീകരർ നടത്തിയ ആക്രമണത്തിൽ 3500 ഓളം ഫലസ്തീനികളാണ് കൊല്ലപ്പെട്ടത്. ഹിസുബുല്ലയുമായി നിരന്തരം ചെറുത്തു നിൽപ്പിനെ തുടർന്ന് 25 മെയ് 2000 ന് ഇസ്റയേൽ ലെബനനിൽ നിന്ന് പിൻവാങ്ങുകയും ചെയ്തു.

കൊല്ലപ്പെട്ട ഹസ്സൻ നസറുല്ല കഴിഞ്ഞ 32 വർഷമായി ഹിസ്ബുല്ലയുടെ സെക്രട്ടറി ജനറലാണ്. അതിന് മുമ്പ് വ്യാപകമായ പേജർ ആക്രമണത്തിലൂടെ നിരവധി സാധാരണക്കാരടക്കം വധിക്കപ്പെടുകയും പരിക്കേൽപ്പിക്കുകയും ചെയ്തിരിക്കുന്നു. വാർത്താവിനിമയങ്ങൾക്ക് ജനങ്ങൾ വിശ്വാസ പൂർവ്വം ഉപയോഗിക്കുന്ന ഉപകരണമായ പേജറിനെ ഭീകരാക്രമണത്തിനുള്ള ആയുധമാക്കി ഉപയോഗിച്ച് ചതി പ്രയോഗത്തിലൂടെയാണ്. സാധാരണ ധാർമിക നിലവാരമുള്ള ഒരു രാജ്യവും ശത്രുരാജ്യത്തിലെ സിവിലിയൻ ജനതക്കെതിരെ പ്രയോഗിക്കാൻ പാടില്ലാത്ത രീതിയാണിത്. സ്കൂളുകൾക്കും ആശുപത്രികൾക്കും അഭയാർത്ഥി ക്യാമ്പുകൾക്കും നേരെ ബോംബിട്ട് നിരായുധരായ സിവിലിയൻ ജനതയെ കൊന്നൊടുക്കി വംശീയ ഉന്മൂലനം നടത്തുകയാണ് ഇസ്റയേൽ ചെയ്യുന്നത്. ഇത്തരം ഹീന മാർക്ഷങ്ങളാണ് ഇസ്റയേലിന്റെ സാഹസികതയും ധീരതയുമായി പലപ്പോഴും വാഴ്ത്തപ്പെടാറ്.




2006 ലെ ഹിസബുല്ലാ ഇസ്റയേൽ യുദ്ധത്തിൽ 1000 ലെബനീസ് പൗരന്മാർ കൊല്ലപ്പെടുകയും 119 ഇസ്റായേലി സൈനികൾ കൊല്ലപ്പെടുകയും ചെയ്തു. ലക്ഷണക്കിന് ആളുകളെ മാറ്റി താമസിപ്പിക്കുകയും ചെയ്തു. രണ്ട് വർഷത്തിനു ശേഷം 2008 ൽ ബന്ധികളാക്കപ്പെട്ട രണ്ട് ഇസ്റയേലി പട്ടാളക്കാർക്ക് പകരം 5 ലെബനാനികളെയും 200 ലെബനാനികളുടെ മൃതശരീരങ്ങളും കൈമാറികൊണ്ടാണ് ആ യുദ്ധം അവസാനിച്ചത്. 2008 ൽ ഹിസ്ബുല്ലായുടെ കമാന്ററായിരുന്ന ഇമാദ് മുഗ്ദിയുടെയും 2020 ൽ ഇറാന്റെ ഖുദ്സ് സേന തലവൻ ജന. ഖാസിം സുലൈമാനിയുടെയും വധം ഫോണുകൾ ചോർത്തിയാണ് നടത്തിയതെന്ന് മനസ്സിലായതോടെയാണ് ഹിസുബുല്ല പേജറിലേക്കും വോക്കിടോക്കിയിലേക്കും വാർത്താ വിനിമയം മാറിയത്. എന്നാൽ അവരുടെ ഈ തീരുമാനം ചോർത്തിയറിഞ്ഞ ഇസ്റയേൽ ബുഡാപെസ്റ്റിൽ തായ്‌വാൻ കമ്പനിയുടെ ലൈസൻസിൽ ഒരു കടലാസ് കമ്പനി ആരംഭിച്ചു. ഈ കമ്പനിയാണ് ഹിസ്ബുല്ല വാങ്ങിയ പേജറുകളിലും വോക്കിടോക്കികളിലും കുഞ്ഞു ബോംബുകൾ ഒളിപ്പിച്ചു നിർമ്മിച്ച് അവർക്ക് വിറ്റത്. ഈ ഉപകരണങ്ങൾ ഉപയോഗിച്ചായിരുന്നു വ്യാപകമായ പേജർ സ്ഫോടനങ്ങൾ.

### നെതന്യാഹുവിന്റെ യു എൻ പ്രസംഗം

2024 സെപ്തംമ്പർ 24 ന് യു എന്നിൽ ചേർന്ന ജനറൽ അസംബ്ലിയിൽ ഇസ്റയേൽ പ്രധാന മന്ത്രി നെതന്യാഹുവിന്റെ പ്രസംഗം ബോസ്വാന കൊളംമ്പിയ, ചിലി, ജിബോട്ടി, ഇറാൻ മുതലായ രാജ്യങ്ങൾ ബഹിഷ്ക്കരിക്കുകയുണ്ടായി. തന്റെ യു എൻ പ്രസംഗത്തിൽ രണ്ട് പ്ലേക്കാർഡുകൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് നെതന്യാഹു പ്രസംഗിച്ചത്. അതിൽ ഒന്നിൽ 5 രാജ്യങ്ങളുടെ ഭൂപടവം പച്ച നിറത്തിൽ ‘അനുഗ്രഹം’ (Blessed) എന്ന് പേരു വെച്ചിരിക്കുന്നു. അത് ഈജിപ്ത്, സഊദി അറേബ്യ, സുഡാൻ, ഇന്ത്യ എന്നീ രാജ്യങ്ങളായിരുന്നു. നെതന്യാഹു തന്റെ പ്രസംഗത്തിൽ ‘ഇസ്റയേലും തങ്ങളുടെ അറബ് പങ്കാളികളും ചേർന്ന് ഏഷ്യയും

യൂറോപ്പും തമ്മിൽ ഇന്ത്യൻ മഹാസമുദ്രവും മെഡിറ്ററേനിയൻ കടലും ബന്ധിപ്പിച്ചു കൊണ്ട് ഒരു കരപാലം നിർമ്മിക്കുകയാണ് ആ പാലത്തിൽ ഞങ്ങൾ റെയിൽ പാളയവും ഊർജ്ജ പെപ്പ്ലൈനും ഫൈബർ ഓപ്റ്റിക് കാബിളും സ്ഥാപിക്കും......ഈ രണ്ടാമത്തെ ചിത്രം നോക്കൂ. അത് ശാപത്തിന്റെ (Cursed) ഭൂപടമാണ്. അത് കറുത്ത നിറത്തിലാണ്.' (ആ ഭൂപടത്തിൽ ഇറാൻ സിറിയ, ഇറാഖ് യെമൻ എന്നീ രാജ്യങ്ങളാണ്) അവർ ഭീകരതയുടെ ചാപമാണ്' എന്ന് വിശേഷിപ്പിച്ചുകൊണ്ട് സമാധാനത്തിന്നായി ചേർന്ന യു എൻ യോഗത്തിൽ ഇറാന്റെയും ഹമാസിന്റെ അക്രമണങ്ങൾ എണ്ണി പറഞ്ഞുള്ള യുദ്ധ ഭീഷണിയായിരുന്നു അദ്ദേഹം മുഴക്കിയത്. മോസസിന്റെ വാഗ്ദാനം പാലിക്കാൻ തങ്ങളെ അനുവദിക്കണമെന്നും ഭീകരവാദികളാണ് തങ്ങളെ അക്രമിക്കുന്നതെന്നുമാണ് നെതന്യാഹു തന്റെ പ്രസംഗത്തിൽ പറഞ്ഞത്. ഏതായാലും സഊദി അറേബ്യ തങ്ങളുടെ വികസന പങ്കാളിയാണെന്ന് ഐക്യരാഷ്ട്ര സഭയിൽ ഇസ്റായേൽ വെളിപ്പെടുത്തിയത് നന്നായി. മുസ്‌ലിം രാജ്യങ്ങൾക്ക് നേതൃത്വം നൽകുന്ന സഊദി അറേബ്യ ഫലസ്തീൻ അക്രമണങ്ങളിൽ പുലർത്തുന്ന നിസ്സംഗതക്ക് വ്യക്തമായ ഉത്തരം ലഭിച്ചല്ലോ.

2024 സെപ്തമ്പർ 18 ന് ഐക്യരാഷ്ട്ര സഭ പാസ്സാക്കിയ പ്രമേയത്തിൽ അധിനിവിഷ്ട ഫലസ്തീൻ പ്രദേശത്ത് നിന്ന് ഇസ്റയേൽ പിന്മാറണമെന്നായിരുന്നു പ്രമേയം 124 ലോക രാഷ്ട്രങ്ങളുടെ പിന്തുണയോടെ പാസ്സായ പ്രമേയത്തെ എതിർത്തവർ 14 രാജ്യങ്ങൾ മാത്രം. 43 രാജ്യങ്ങൾ വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു നിർഭാഗ്യകരമെന്ന് പറയട്ടെ അതിൽ നമ്മുടെ രാജ്യവുമുണ്ടായിരുന്നു.

ദക്ഷിണാഫ്രിക്ക നൽകിയ പരാതിയിൽ 2024 ജൂലൈ 19 ന് ലോക കോടതി പുറപ്പെടുവിച്ച വിധി പ്രകാരം ഫലസ്തീനിൽ ഇസ്റയേലിന്റെ അധിനിവേശവും അവിടങ്ങളിലെ പാർപ്പിട നിർമ്മാണവും നിയമ വിരുദ്ധമാണെന്നാണ് പറഞ്ഞത്. മാത്രമല്ല യു എന്നിന്റെ നിരവധി പ്രമേയങ്ങൾ ലംഘിക്കുകയും തങ്ങളുടെ രാജ്യം സ്ഥാപിച്ചത് മുതൽ ഇന്ന്വരെ പതിനായിരക്കണക്കിന് ആളുകളെ കൊന്നൊടുക്കുയും അവരുടെ പാർപ്പിടം തകർത്ത് ഭൂമി പിടിച്ചെടുത്ത് അവിടങ്ങളിൽ സ്വന്തം പാർപ്പിട സമുച്ചയങ്ങൾ പണിയുകയും ചെയ്യുന്ന ഇസ്റയേൽ യാതൊരു സങ്കോചവും കൂടാതെയാണ് സമാധാനത്തിന്നായി വിളിച്ചു ചേർത്ത ഐക്യരാഷ്ട്ര സഭയിൽ പോലും ഇറാനെതിരെ യുദ്ധഭീഷണി മുഴക്കി സംസാരിച്ചത്.

ഇറാന്റെ ഇസ്റയേൽ ആക്രമണത്തെ പേരെടുത്ത് അപലപിക്കാത്തതിനും ഹമാസിനെ ഭീകര പ്രസ്ഥാനമായി വിശേഷിപ്പിക്കാത്തതിനും ലോകം ആദരിക്കുന്ന ഐക്യരാഷ്ട്രസഭാ ജനറൽ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസിനെ ഇസ്റയേലിൽ പ്രവേശിക്കുന്നതിന് അവർ വിലക്കേർപ്പെടുത്തിരിക്കുകയാണ്. യഹൂദരെ പറ്റി അല്ലാഹു പറഞ്ഞ ഒരു വചനം മാത്രം ഉദ്ദരിച്ച് ഇത് ഉപസംഹരിക്കാം.

**'അവർ യുദ്ധത്തിനുള്ള തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അത് കെടുത്തി കളഞ്ഞിരിക്കുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിനു വേണ്ടി അവർ ഓടി നടക്കുകയാണ്. അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുന്നില്ല.'** (അൽ മായിദ 5: 65)

WWW.MTA.TV
Reaching The Corners Of The Earth

പേജ് 35 ൽ നിന്ന്

പ്പി ലോക്കൽ പഞ്ചായത്ത് മുസിപ്പൽ അധികാരികളുടെ പക്കലും സൂക്ഷിക്കണം. ജീവചരവമായിക്കിടക്കുന്ന രോഗിയുടെ ലിവിംങ്ങ് വിൽ പ്രകാരം ദയാവധം നടപ്പാക്കാൻ ഒരു മെഡിക്കൽ ബോർഡ് രൂപീകരിക്കണം. ജനറൽ മെഡിസിൻ കാർഡിയോളജി ന്യൂറോളജി നെഫ്രോളജി സൈക്യാർഡി അല്ലെങ്കിൽ ഓങ്കോളജി വിഭാഗങ്ങളിൽ നിന്നുള്ള കുറഞ്ഞത് മൂന്ന് ഡോക്ടർമാരും ബോർഡിലുണ്ടാകണം. അവർക്ക് 20 വർഷത്തിൽ കുറയാത്ത ചികിത്സാപരിചയവുമുണ്ടാകണം. രോഗിയുടെ ജീവൻ അവസാനിപ്പിക്കാമെന്നാണ് അവരുടെ അഭിപ്രായമെങ്കിൽ അത് അവർ കലക്ടറെ അറിയിക്കണം. കലക്ടർ ഇത്പോലെ ഒരു സമിതി രൂപീകരിച്ച് ലിവിംങ്ങ് വില്ലിലെ നിർദ്ദേശം നടപ്പാക്കണം. ദയാ വധത്തിന്ന് രോഗിനൽകുന്ന സമ്മത പത്രം ഏതവസരത്തിൽ വേണമെങ്കിലും രോഗിക്ക് റദ്ദാക്കാൻ അവകാശമുണ്ടായിരിക്കും. നിലവിൽ വൈദ്യശാസ്ത്രപരമായ കാരണത്താൽ മനുഷ്യ ജീവിതം അവസാനിപ്പിക്കുന്ന ദയാവധം സംബന്ധിച്ച നിയമങ്ങളൊന്നും തന്നെ അന്തിമവാക്കായി കാണാൻ പറ്റില്ല. ജീവൻ ദൈവത്തിന്റെ ദാനമാണ് അത് നശിപ്പിക്കാനും അവസാനിപ്പിക്കാനും മനുഷ്യന് അവകാശമോ അധികാരമോ ഇല്ല. വിശുദ്ധ ഖുർആൻ പറയുന്നു:

**'ആരുടെ കൈകളിലാണോ പരമാധികാരം സ്ഥിതി ചെയ്യുന്നത് അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാണ്. നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിനു വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനത്രെ അവൻ. അവൻ പ്രതാപവാനും സർവ്വഥാ പൊറുക്കുന്നവനുമാകുന്നു.'** (67 2,3)

## വാർത്തകൾ

### അഹ്മദീ യുവാക്കളുടെ 3500 കിലോമീറ്റർ സൈക്കിൾ റൈഡ്




'റൈഡ് ഫോർ പീസ്' എന്ന മുദ്രാവാക്യവുമായി 5 അഹ്മദീ യുവാക്കൾ പഞ്ചാബിലെ അഹ്മദിയ്യാ ആസ്ഥനമായ പരിശുദ്ധ ഖാദിയാൻ ലക്ഷ്യം വെച്ചു കൊണ്ടുള്ള 3500 കിലോമീറ്റർ സൈക്കിൾ യാത്ര കോഴിക്കോട് ജില്ലാ അമീർ കെ. എം അഹമദ് കോയാ സാഹിബ് കോഴിക്കോട് നിന്നും ഫ്ളാഗ് ഓഫ് ചെയ്തു. 'മൂന്നാം ലോക മഹായുദ്ധം ഒഴിവാക്കുക' എന്ന സന്ദേശവുമായി സുപ്രധാനമായ ഇന്ത്യൻ നഗരങ്ങളും അഹ്മദിയ്യാ കേന്ദ്രങ്ങളും സന്ദർശിച്ചും വഴിയോരങ്ങളിൽ മരങ്ങൾ നട്ടുമാണ് സൈക്കിൾ യാത്ര മുന്നോട്ട് പോകുന്നത്. ഒക്ടോബർ 25,26, 27 തിയ്യതികളിൽ നടക്കുന്ന അഖിലേന്ത്യാ അഹ്മദിയ്യാ യുവജന സമ്മേളനത്തിന് മുമ്പായി സൈക്കിൾ റൈഡ് ഖാദിയാനിൽ എത്തിചേരും (ഇൻശാ അല്ലാഹ്) സൈക്കിൾ റൈഡിൽ പങ്കെടുത്തവർ മിഷാൽ സാഹിബ് കെ, ഫസൽ അഹ്മദ് ജലീൽ സാഹിബ്, ടി. റഹീം അഹ്മദ് സാഹിബ്, അബ്ദുൾ സലാം സാഹിബ്, എം. പി അമീറുദ്ദീൻ സാഹിബ്.




## അനുസ്മരണം



### എം പി അബ്ദുൾ മജീദ് സാഹിബ്

മാത്തോട്ടം ജമാഅത്തിലെ പരേതനായ ജനാബ് ടി. മൊയ്തീൻ കോയാ സാഹിബിന്റെയും എം പി മറിയംബി സാഹിബയുടെയും മകനായ ജനാബ് എം പി അബ്ദുൾ മജീദ് സാഹിബ് (57) ആഗസ്ത് 2-ാം തിയ്യതി നിര്യാതനായി. ഇന്നാലില്ലാഹി.... കോഴിക്കോട് ജമാഅത്തിലെ പരേതനായ എം പി കോയോട്ടി സാഹിബിന്റെ പുത്രി സാജിതാ പി. പി ആണ് ഭാര്യ. മജീദ് സാഹിബിന്റെ തബ്ലീഗ് ഫലമായാണ് കുടുംബത്തിലെല്ലാവരും മറ്റു പലരും ബൈഅത്ത് ചെയ്തത്. മൂസിയായിരുന്നു.

മകൻ നേവൽ ആർകിടെക്റ്റിലെ ഗവേഷനായ ജനാബ് എം പി മുജീബ് സാഹിബ് (യുകെയിലെ സ്കോട്ട്ലണ്ട് ജമാഅത്ത് സെക്രട്ടിയാണ്). മകൾ എം പി മുബീന സാഹിബ ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻസ് ബിരുദധാരിയാണ്. മർഹൂം എം പി നൗഫൽ സഹോദരനാണ്. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. – *കെ.വി ഹസ്സൻ കോയ, കോഴിക്കോട്*



## ബി. സഈദാ ബീബി സാഹിബ

കോഴിക്കോട് ജമാഅത്തിലെ ബി. സഈദാ ബീബി സാഹിബ (80) 21-9-2024 ശനിയാഴ്ച വഫാത്തായി. ഇാലില്ലാഹി.... സി.എച്ച്. അബ്ദുൽ ഖാദർ മാസ്റ്റർ ബി.കുഞ്ഞലീമ ദമ്പതിമാരുടെ അഞ്ചു മക്കളിൽ മൂത്ത മകളാണ് സഈദാബീബി സാഹിബ. മർഹൂം കെ. പി. കുഞ്ഞഹമ്മദ് കോയ സാഹിബ് ഭർത്താവാണ്.

അഹ്മദിയ്യത്ത് ഒരു വികാരം പോലെ കൊണ്ടു നടക്കുകയും തന്റെ സുഹൃത്ത് വലയത്തിൽ പെട്ടവർക്കും അല്ലാത്തവർക്കും അഹ്മദിയ്യാ സന്ദേശം എത്തിക്കാൻ പരമാവധി ശ്രമിക്കുകയും ചെയ്തിരുന്നു. ലജനാഇമാഇല്ലായുടെ സദറായി അഞ്ചു വർഷം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേന്ദ്രം അവരുടെ സേവനത്തെ വിലമതിക്കുകയും നല്ല സദറിനുള്ള അവാർഡ് നൽകി ആദരിക്കുകയും ചെയ്തിരുന്നു. ദാനധർമ്മങ്ങളിൽ ഉദാരമതിയായിരുന്ന അവർ നമസ്കാരത്തിൽ കൃത്യത പുലർത്തുകയും തഹജ്ജുദ് നിലനിർത്തുകയും ചെയ്തിരുന്നു. ഖലീഫ തിരുമനസ്സ് കാലനുസൃതം നിർദ്ദേശിക്കുന്ന ദുആകൾക്ക് പ്രത്യേക പരിഗണന നൽകിയിരുന്നു. ദിനേന ഖുർആൻ പരായണം ചെയ്തിരുന്നു. ഉംറ നിർവ്വഹിക്കുകയും പരിശുദ്ധ ഖാദിയാൻ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ഹദ്റത്ത് മസീഹ് മഊദ്(അ)ന്റെ അൽ വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്ന അവരുടെ ഭൗതിക ശരീരം 23-9-2024ന് ഖാദിയാനിലെ ബഹ്ശ്തീ മഖ്ബറയിൽ ഖബറടക്കം ചെയ്തു. അല്ലാഹു പരേതയ്ക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

മക്കൾ: ബി. മൻസൂർ അഹമ്മദ്, ബി. ആബിദ, ബി. സാജിദ, ബി. മുനവ്വർ അഹമ്മദ്. മരുമക്കൾ: കെ. പി. ശക്കീല, യു. ബഷീർ അഹ്മ്മദ്, മൂസക്കോയ, റോസ്നാ മുനവ്വർ സഹോദരങ്ങൾ: പ്രൊഫ: ബി. മഹ്മൂദ് അഹ്മദ് (മുൻ സംസ്ഥാന പബ്ലിക്കേഷൻ സെക്രട്ടറി),ബി.താഹിറ,ബി.സക്കിയാബി, ബി. അബ്ദുൽ ഹമീദ്

-ബി. മൻസൂർ അഹമ്മദ് മാത്തോട്ടം

പേജ് 21 ൽ നിന്ന്

ഇബ്രാഹീം പറയുകയാണു ശൈത്യകാലമായിരുന്നു. നാലാം നിലയിലായതു കൊണ്ട് ശക്തമായ കാറ്റും അസഹ്യമായ തണുപ്പുമുണ്ട്. കിടപ്പുമുറിയിൽ നിൽക്കുമ്പോൾ പുറത്തു തുറന്ന മൈതാനത്തു നിൽക്കുന്ന അവസ്ഥയാണുള്ളത്. അതിനാൽ ഞാൻ ഗ്ലാസ്സ് കടയിലേയ്ക്കോടി. സന്ധ്യ കഴിഞ്ഞതിനാൽ കടകളെല്ലാം അടച്ചു തുടങ്ങിയിരിക്കുന്നു. ഞാൻ പല കടക്കാരേയും സമീപിച്ചു. കാര്യങ്ങൾ വിശദീകരിച്ചു രാത്രി തന്നെ പുതിയ ഗ്ലാസ് ഫിക്സ് ചെയ്യാൻ ആവശ്യപ്പെട്ടു. കൂടുതൽ കാശ് കൊടുക്കാമെന്നു പറഞ്ഞിട്ടും ആരും തയ്യാറായില്ല. ഞാൻ ഒരു കടയിൽ നിന്നും മറ്റൊരു കടയിലേയ്ക്കോടി. ഒരു വീടിന്റെ മുഴുവൻ ഗ്ലാസ്സുകൾ മാറ്റി ഫിക്സ് ചെയ്യാനുള്ള വലിയൊരു ജോലി ഇത്ര പെട്ടെന്നു ചെയ്യണമെന്നു പറയുന്ന ഞാനൊരു തികഞ്ഞ മൂഢനാനെന്ന ഭാവത്തിൽ എല്ലാ കടക്കാരും നിർവാഹമില്ലെന്നും അസാദ്ധ്യമെന്നും പറഞ്ഞു പിറ്റേന്നു വരാൻ പറഞ്ഞു. അവസാനം ഞാൻ നിരാശനായി മാർക്കറ്റിൽ നിന്നും വീട്ടിലേക്കു തിരിച്ചു വന്നു. അന്നു രാത്രി ഞാനും ഭാര്യയും മക്കളും എല്ലാവരും ഒരു മുറിയിൽ കമ്പിളിയും ലിഹാഫും എല്ലാം പുതച്ചു നേരം വെളുപ്പിച്ചു.

ഇബ്രാഹീം ഇത്രയും കാര്യങ്ങൾ വിവരിച്ച ശേഷം മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബിനോടു ചോദിച്ചു ഇന്നലെ ഞാൻ നിന്റെ മഹ്ദി മസീഹിനെ ചീത്ത വിളിച്ചതുമായി ഈ സംഭവത്തിനു വല്ല ബന്ധവുമുള്ളതായി നീ കരുതുന്നുണ്ടോ? അല്ലെങ്കിൽ നീ പറയുന്ന മഹ്ദി ഇമാനിനെ ചീത്ത വിളിച്ചതു കൊണ്ടാണ് ഇതു സംഭവിച്ചതെന്നു നീ വിശ്വസിക്കുന്നുണ്ടോ? ബക്കർ മുസ്തഫാ സാഹിബ് പറഞ്ഞു തീർച്ചയായും അങ്ങനെ ആകാൻ സാദ്ധ്യതയുണ്ട്. കാരണം അല്ലാഹുവിന്റെ വരിഷ്ടദാസരെ ചീത്ത വിളിക്കുന്നതു അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. ക്ഷമിക്കുകയുമില്ല. മാത്രവുമല്ല ഇവിടെ ഇമാം മഹ്ദിയോടാണെങ്കിൽ

اِنِّی مُهِینٌ مَّنْ اَرَادَ اِهَانَتَكَ


എന്നു അല്ലാഹുവിന്റെ വാഗ്ദാനവുമുണ്ട്. അതിനാൽ നിനക്കും നിന്റെ ഭാര്യാമക്കൾക്കും നേരിട്ട ഈ ദുരവസ്ഥയ്ക്കു കാരണം ആ പുണ്യാത്മാവിനെ അപമാനിച്ചതു കൊണ്ടു തന്നേയാണെന്നാണു ഞാൻ മനസ്സിലാക്കുന്നത്. ഈ സംഭവത്തിനു ശേഷം ഇബ്രാഹീം മസീഹ് മൗഊദിനെ കുറിച്ചു അപമര്യാദയായി സംസാരിച്ചിട്ടില്ലെന്നു മാത്രമല്ല എന്നോടുള്ള അദ്ദേഹത്തിന്റെ സമീപനത്തിൽ കാര്യമായ മാറ്റം വരികയും ചെയ്തു. (തുടരും)

### കുടുംബബന്ധം

**അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: തീർച്ചയായും കുടുംബബന്ധം പരമകാരുണികന്റെ വേരുകളാണ്. അല്ലാഹു പറയും. നിന്നോട് ബന്ധം പുലർത്തിയവനോട് ഞാനും ബന്ധം പുലർത്തും. നീയുമായി ബന്ധം മുറിച്ചവനോട് ഞാനും ബന്ധം മുറിക്കും. (ബുഖാരി).**

# ഉടൻ
# പുറത്തിറങ്ങുന്നു!!

**ഖുർആനിക ദർശനങ്ങളുടെ**
**അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.**



# കേവലനീതി
# കാരുണ്യം
# ബന്ധുത്വം
## മൂന്ന് സക്രിയ തത്വങ്ങൾ

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
**(ഖലീഫത്തുൽ മസീഹ് IV)**

---

വിവ: എ.എം.മുഹമ്മദ് സലീം

മനുഷ്യനിലും പ്രകൃതിയിലും
പ്രതിഫലിക്കുന്ന ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്കാരം



Published on 07.10.2024 Pages 44 Vol: 96 Issue.10
RNI No. 3332/1957, Registered KL/EKM/726/2024-26 Price Rs. 30/-
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without Prepayment
The Sathyadoothan Monthly

**വായിക്കുക, വരിക്കാരാവുക!**

# സത്യദൂതൻ

**Rs. 30/-**




**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

# SUBSCRIBE

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
***Email : sathyadoothan1@gmail.com***
***Phone No: 9447086862 (G. Pay)***

G Pay accepted here
ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis
BHIM UPI

Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.